# പഞ്ചായത്ത് രാജ്

പുസ്തകം 50 ◆ ലക്കം 8

പഞ്ചായത്ത് വകുപ്പ് പ്രസിദ്ധീകരണം

നവംബർ 2010

## പ്രാദേശിക വികസനമായിരിക്കണം മുഖ്യ അജണ്ട

–പാലോളി മുഹമ്മദ്കുട്ടി



## പരിശീലനങ്ങൾക്ക് തുടക്കം

**പഞ്ചായത്ത്‌രാജ് പഠനപരമ്പര ഈ ലക്കം മുതൽ**

‘നമ്മുടെ പഞ്ചായത്ത്
ശുചിത്വത്തിന്റെ പാതയിൽ

പഞ്ചായത്തിന്റെ ശുചിത്വം
നമ്മുടെ കൈകളിൽ’



- പകർച്ചവ്യാധികളെ അകറ്റി നിർത്തുക
- പരിസര ശുചിത്വ പ്രവർത്തനങ്ങൾക്ക് മുൻകൈ എടുക്കുക

**നമ്മുടെ ലക്ഷ്യം**
**മാലിന്യമുക്ത കേരളം**



പബ്ലിസിറ്റി വിഭാഗം, പഞ്ചായത്ത് വകുപ്പ്

# ഉള്ളടക്കം


5 എഡിറ്ററുടെ പേജ്

6 പ്രാദേശിക വികസനമായിരിക്കണം മുഖ്യ അജണ്ട
പാലോളി മുഹമ്മദ്കുട്ടി





8 പരിശീലനങ്ങൾക്ക് തുടക്കം
പഞ്ചായത്ത് ന്യൂസ് സർവ്വീസ്

10 മലയാളത്തിൽ ഭരിച്ചാലും ഭരും
ഡോ. പി.കെ. രാജശേഖരൻ





12 വനിതാ പ്രതിനിധികൾ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ
കൊച്ചുറാണി മാത്യു

15 ജനപ്രതിനിധികൾക്കുള്ള പരിശീലനം: പുതിയ വെല്ലുവിളികൾ, സാധ്യതകൾ
പ്രൊഫ. എൻ. രമാകാന്തൻ





18 24 മണിക്കൂറും തിരിയുന്ന ചക്രം പോലെ
എം വിജയകുമാരൻ പൂജപ്പുര





20 'കേരള മാതൃക' നടപ്പിലാക്കാൻ ഒരു സമരം
ഡോ. പി.പി. ബാലൻ





23 സംസ്ഥാന ധനകാര്യകമ്മിഷനും തദ്ദേശഭരണ സ്ഥാപനങ്ങളും
ഡോ. പി. ഷഹീന

26 പഞ്ചായത്ത് യോഗ നടപടികൾ നിരന്തരം ഉന്നയിക്കുന്ന ചോദ്യങ്ങൾ
എൻ. സുരാജ്

30 ജനപ്രതിനിധികളും അക്കൗണ്ടും
ഉദയഭാനു കണ്ടേത്ത്





32 തേഞ്ഞു മാഞ്ഞു പോകുന്ന ഗ്രാമീണ മൊഴിമുത്തുകൾ
മുരളീധരൻ തഴക്കര





35 ഞാൻ കണ്ട ഡൽഹി
റോയ് ചാക്കോ ഇളമണ്ണൂർ





38 കാലിതൊഴുത്തിൽ നിന്ന് ഒരു കോടി ഒന്നാം സമ്മാനം
ഡോ. എൻ. ശുദ്ധോദനൻ





40 കണ്ണാടി നേച്ചർ ഫ്രഷ്
ഡോ. ജി. ദിനേഷ്

42 വാർത്തകൾ വിശേഷങ്ങൾ

# കത്തുകൾ




### പൊതുവിഷയങ്ങൾ ഉൾപ്പെടുത്തണം

പഞ്ചായത്ത് രാജ് മാസികയുടെ സെപ്റ്റംബർ, ഒക്ടോബർ ലക്കങ്ങളിൽ 'കാലാവസ്ഥാ വ്യതിയാനം എന്ത്, എന്തുകൊണ്ട്' എന്ന ഡോ. പ്രദീപ് കുമാർ പി.കെ.യുടെ ലേഖനം വിജ്ഞാനപ്രദമായി. കാലാവസ്ഥയും കാലാവസ്ഥാ വ്യതിയാനവും ഇന്ന് ആഗോളതലത്തിൽ വളരെയേറെ ചർച്ചചെയ്യപ്പെടുന്ന വിഷയമാണ്. ലളിതമായ ഭാഷയിലൂടെ സാധാരണക്കാർക്ക് മനസ്സിലാകുന്ന തരത്തിൽ വിഷയത്തിന്റെ സൂക്ഷ്മതയിലേയ്ക്ക് കടക്കുവാനും പൊതുജനാവബോധം സൃഷ്ടിക്കുവാനും ലേഖനത്തിന് കഴിഞ്ഞു. ഇത്തരം പൊതുവിഷയങ്ങൾ കൂടുതലായി വരും ലക്കങ്ങളിൽ ഉൾപ്പെടുത്തണം.

*വിനോദ്കുമാർ*
*തൃപ്പൂണിത്തുറ*

### മൃഗസംരക്ഷണം – പരമ്പര വേണം

മൃഗസംരക്ഷണ മേഖലയുടെ വളർച്ചയുടെ നേർക്കാഴ്ച നൽകുന്ന പഞ്ചായത്ത് രാജിന്റെ ഒക്ടോബർ ലക്കം മനോഹരമായി. ക്ഷീരമേഖലയുമായി ബന്ധപ്പെട്ട് നടപ്പാക്കുന്ന പദ്ധതികളുടെ വിവരങ്ങൾ അടങ്ങിയ ഡോ. എൻ. അജയന്റെയും (ക്ഷീരസമൃദ്ധിക്ക് പുതിയ പദ്ധതികൾ) ഡോ. പി.എം. പ്രസാദിന്റെയും (ക്ഷീരസമൃദ്ധിക്ക് ജനകീയ കൂട്ടായ്മ) ലേഖനങ്ങൾ മൃഗസംരക്ഷണ മേഖലയെ ആശ്രയിച്ച് ഉപജീവനം നടത്തുന്നവർക്കും കടന്നുവരാൻ ആഗ്രഹിക്കുന്നവർക്കും പ്രോത്സാഹജനകമായി. എല്ലാ മാസവും മൃഗസംരക്ഷണവുമായി ബന്ധപ്പെട്ട വിവരങ്ങൾ (പശുവളർത്തൽ, ആട് വളർത്തൽ തുടങ്ങിയവ) ഉൾപ്പെടുത്തി ഒരു പരമ്പര പ്രസിദ്ധീകരിച്ചാൽ വളരെ ഉപകാരപ്രദമാകുമെന്നും അറിയിക്കുന്നു.

*രവീന്ദ്രൻ നായർ*
*അരുവിപ്പുറം, തിരുവനന്തപുരം*

## തദ്ദേശ തെരഞ്ഞെടുപ്പ്: ചെലവ് കണക്ക് 30നകം നൽകണം

തദ്ദേശ തെരഞ്ഞെടുപ്പിൽ മത്സരിച്ച സ്ഥാനാർത്ഥികൾ 30 നകം ചെലവ് കണക്ക് നൽകണമെന്ന് തെരഞ്ഞെടുപ്പ് കമ്മിഷണർ അറിയിച്ചു. നിശ്ചിത സമയപരിധിക്കുള്ളിൽ കണക്ക് നൽകാത്തവരെ അയോഗ്യരാക്കും. ഇവർക്ക് അഞ്ചുവർഷത്തേയ്ക്ക് തെരഞ്ഞെടുപ്പിൽ മത്സരിക്കാൻ കഴിയില്ല.

പഞ്ചായത്തിൽ മത്സരിച്ചവർ ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിക്കും ബ്ലോക്കിൽ മത്സരിച്ചവർ ജില്ലാ പഞ്ചായത്ത് സെക്രട്ടറിക്കും ജില്ലാ പഞ്ചായത്ത്, മുനിസിപ്പാലിറ്റി, കോർപ്പറേഷൻ വാർഡുകളിൽ മത്സരിച്ചവർ കലക്ടർക്കുമാണ് കണക്ക് നൽകേണ്ടത്. യഥാസമയം കണക്ക് നൽകാത്തവരുടെ വിശദവിവരം ഡിസംബർ ഏഴിനകം കമ്മിഷന് ലഭ്യമാക്കാൻ നിർദ്ദേശം നൽകി.

## തദ്ദേശഭരണ ഓംബുഡ്സ്മാൻ: ഓഫീസ് മാറ്റി

തിരുവനന്തപുരത്ത് ബാർട്ടൺഹില്ലിൽ പ്രവർത്തിച്ചിരുന്ന തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കുവേണ്ടിയുള്ള ഓംബുഡ്സ്മാന്റെ ഓഫീസ് പാളയം ട്രിഡ സാഫല്യം കോംപ്ലക്സിലേയ്ക്കു മാറ്റി. പുതിയ വിലാസം: തദ്ദേശഭരണ സ്ഥാപനങ്ങൾക്കുവേണ്ടിയുള്ള ഓംബുഡ്സ്മാൻ, സാഫല്യം കോംപ്ലക്സ്, മൂന്നാം നില, ട്രിഡ ബിൽഡിങ്, പാളയം, യൂണിവേഴ്സിറ്റി പി.ഒ., തിരുവനന്തപുരം ഫോൺ: 2330541, 2333542, 2330543 ഫാക്സ്: 2330543

## അക്കാദമിക കാര്യങ്ങളുടെ ചുമതല സർക്കാരിന്

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ അധീനതയിലുള്ള പൊതുവിദ്യാഭ്യാസ സ്ഥാപനങ്ങളുമായി ബന്ധപ്പെട്ട് വിദ്യാർത്ഥികളുടെ അഡ്മിഷൻ, പഠന വിഷയങ്ങൾ, സിലബസ്, പാഠപുസ്തകങ്ങൾ, പരീക്ഷാനടത്തിപ്പ്, ഗ്രേഡിങ്, പ്രമോഷൻ തുടങ്ങിയ അക്കാദമിക് കാര്യങ്ങൾ സർക്കാരിന്റെ ചുമതലയിലാണെന്ന് സർക്കാർ വ്യക്തമാക്കി. എന്നാൽ ഇത്തരം കാര്യങ്ങൾ നിരീക്ഷിക്കാനും വിലയിരുത്താനും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് അധികാരമുണ്ടായിരിക്കുമെന്ന് സർക്കുലറിൽ വ്യക്തമാക്കിയിട്ടുണ്ട്. 1994-ലെ പഞ്ചായത്ത്രാജ്, മുനിസിപ്പാലിറ്റി ആക്ടുകൾ പ്രകാരം തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് പൊതുവിദ്യാഭ്യാസ സ്ഥാപനങ്ങളും അവയുടെ നടത്തിപ്പും സർക്കാർ കൈമാറിയിരുന്നു. എന്നാൽ തദ്ദേശ ഭരണ സ്ഥാപനങ്ങൾക്ക് നൽകിയ അധികാരങ്ങളിലും കർത്തവ്യങ്ങളിലും ചുമതലകളിലും അക്കാദമിക കാര്യങ്ങൾ ഉൾപ്പെടില്ലെന്നാണ് ഇതു സംബന്ധിച്ച സർക്കുലർ വ്യക്തമാക്കുന്നത്. ഇക്കാര്യങ്ങളിൽ തദ്ദേശഭരണ സ്ഥാപനങ്ങളുടെ നിർദ്ദേശങ്ങളും അഭിപ്രായങ്ങളും സർക്കാരിന് സമർപ്പിക്കുകയും സർക്കാരിന്റെ നിർദ്ദേശമനുസരിച്ച് നടപടി സ്വീകരിക്കുകയും ചെയ്യാം. വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ ഭൗതിക സൗകര്യങ്ങൾ മെച്ചപ്പെടുത്തുക, വിദ്യാർത്ഥികളുടെ പഠന നിലവാരം ഉയർത്തുക, സർക്കാർ അനുമതിപ്രകാരം ദിവസ വേതനാടിസ്ഥാനത്തിൽ അദ്ധ്യാപകരെ നിയമിക്കുക, പഠനോപകരണങ്ങൾ, പാഠപുസ്തകങ്ങൾ, പഠന സഹായികൾ, യൂണിഫോം, സ്കോളർഷിപ്പ്, സാമ്പത്തിക സഹായം എന്നിവയുടെ വിതരണം, വിദ്യാഭ്യാസ അവകാശം ഉറപ്പാക്കുക, വിദ്യാർത്ഥികളുടെ കൊഴിഞ്ഞുപോക്ക് തടയുക തുടങ്ങിയ പ്രവർത്തനങ്ങൾ ഫണ്ടിന്റെ ലഭ്യതയ്ക്കനുസരിച്ച് തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് ഏറ്റെടുത്ത് നടപ്പാക്കാമെന്നും സർക്കുലറിൽ വ്യക്തമാക്കിയിട്ടുണ്ട്.

**പഞ്ചായത്ത് രാജ്**

പഞ്ചായത്ത് വകുപ്പ് പ്രസിദ്ധീകരണം

നവംബർ 2010

പുസ്തകം 50

ലക്കം 8

വാർഷിക വരിസംഖ്യ: ₹ 120

www.lsg.kerala.gov.in



**ഉപദേശക സമിതി**

ചെയർമാൻ

**പാലോളി മുഹമ്മദ്കുട്ടി**

തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രി

അംഗങ്ങൾ

**എസ്.എം. വിജയാനന്ദ്,** ഐ.എ.എസ്.

പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണവകുപ്പ്

**എം. നന്ദകുമാർ** ഐ.എ.എസ്.

ഡയറക്ടർ

ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്

**കെ. നാരായണൻ**

പ്രസിഡന്റ്

കേരള ഗ്രാമപഞ്ചായത്ത് അസോസിയേഷൻ

**സി.എസ്. ബിജു**

സെക്രട്ടറി, പ്രസ് ക്ലബ്ബ് തിരുവനന്തപുരം

**ജി. ഹരികൃഷ്ണൻ**

പബ്ലിസിറ്റി ഓഫീസർ, പഞ്ചായത്ത് വകുപ്പ്

കൺവീനർ

**കെ. ആർ. മുരളീധരൻ** ഐ.എ.എസ്.

പഞ്ചായത്ത് ഡയറക്ടർ



എഡിറ്റർ

**കെ. ആർ. മുരളീധരൻ** ഐ.എ.എസ്.

e-mail: directorofpanchayat@gmail.com

Ph: 0471-2323286

അസിസ്റ്റന്റ് എഡിറ്റർ

**ജി. ഹരികൃഷ്ണൻ**

e-mail: pub.off@gmail.com

Ph: 0471-2321053



കവർ ഡിസൈൻ & ലേ ഔട്ട്

എ.ബി.സി. കളർ സിസ്റ്റംസ്



ലേഖകരുടെ അഭിപ്രായം സർക്കാരിന്റേതായിരിക്കണമെന്നില്ല. അവയുടെ പൂർണ്ണമായ ഉത്തരവാദിത്വം ലേഖകർക്ക് മാത്രമായിരിക്കും. പരസ്യങ്ങളുടെ ഉള്ളടക്കത്തിലും പഞ്ചായത്ത്‌രാജിന് ഉത്തരവാദിത്വമില്ല.



**മേൽവിലാസം**

എഡിറ്റർ

പഞ്ചായത്ത് രാജ് മാസിക

പഞ്ചായത്ത് ഡയറക്ടറേറ്റ്, മ്യൂസിയം പി.ഒ.

തിരുവനന്തപുരം - 695033.


*എഡിറ്ററുടെ പേജ്*

# പുതിയൊരു തുടക്കത്തിന് എല്ലാ ആശംസകളും

കേരളത്തിലെ തദ്ദേശഭരണ സ്ഥാപനങ്ങളിൽ പുതിയ ഭരണസമിതികൾ അധികാരമേറ്റിരിക്കുകയാണ്. ഭരണസമിതി അംഗങ്ങളിൽ ബഹുഭൂരിപക്ഷവും നവാഗതരാണ്. അമ്പത് ശതമാനത്തിലേറെ വനിതകളും. മുൻകാലങ്ങളിൽ നിന്നും വ്യത്യസ്തമായി ജനജീവിതത്തിന്റെ സമസ്തമേഖലകളിലും നിർണ്ണായക സ്വാധീനം ചെലുത്തുന്ന പ്രാദേശിക സർക്കാരുകളായി രൂപാന്തരം പ്രാപിച്ച നമ്മുടെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളെ വികേന്ദ്രീകൃതാസൂത്രണ രംഗത്ത് അവശേഷിക്കുന്ന ന്യൂനതകൾ കൂടി പരിഹരിച്ച്, സദ്ഭരണത്തിന്റെ പാതയിലേയ്ക്ക് നയിക്കുക എന്ന ചരിത്രപരമായ നിയോഗമാണ് പുതിയ ജനപ്രതിനിധികൾക്കുള്ളത്.

ഇന്ത്യയിൽ ഏറ്റവും സമ്പന്നമായ തദ്ദേശഭരണ സ്ഥാപനങ്ങളുള്ള സംസ്ഥാനം കേരളമാണ്. വിവിധ ധനസ്രോതസ്സുകളിൽ നിന്നും ഓരോ തദ്ദേശഭരണ സ്ഥാപനത്തിനും ശരാശരി 4 കോടി രൂപ പ്രാദേശിക വികസനക്ഷേമ പ്രവർത്തനങ്ങൾക്ക് ലഭിക്കുന്നുണ്ട്. ഇപ്രകാരം കണക്കാക്കുമ്പോൾ അടുത്ത അഞ്ച് വർഷക്കാലയളവിൽ ചുരുങ്ങിയത് ഇരുപതിനായിരം കോടി രൂപയെങ്കിലും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് ഒട്ടാകെ ലഭിക്കും. പ്രാദേശിക വികസനത്തിനായി ഇത്രയധികം തുക തദ്ദേശ സ്ഥാപനങ്ങൾക്ക് ലഭിക്കുക എന്നത് സ്വപ്നം പോലും കാണാൻ കഴിയാത്ത സാഹചര്യമാണ് ഭൂരിപക്ഷം സംസ്ഥാനങ്ങളിലുമുള്ളത്. മാത്രമല്ല, തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങളുടെ ഫണ്ട് വിനിയോഗശേഷിയെ ആശങ്കയോടെ നോക്കിക്കാണുന്ന, ചെറുതെങ്കിലും, ഒരു സമൂഹം ഇവിടെയുമുണ്ട്. അതിനാൽ ലഭ്യമാകുന്ന ഫണ്ട് സുതാര്യതയോടെ കാര്യക്ഷമമായും ജനോപകാരപ്രദമായും പൂർണ്ണമായി ചെലവഴിക്കപ്പെടുന്നു എന്ന് ഉറപ്പാക്കുന്നതിനുള്ള ബാദ്ധ്യത പുതിയ സമിതികൾക്കുണ്ട്.

പതിനൊന്നാം പഞ്ചവത്സരപദ്ധതിയുടെ പതിനാറ് മാസങ്ങൾ അവശേഷിക്കുന്നു. പതിനൊന്നാം പദ്ധതി ലക്ഷ്യങ്ങൾ സമയബന്ധിതമായി പൂർത്തീകരിക്കണം. തദ്ദേശഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ കഴിഞ്ഞ കുറച്ചു വർഷമായി നടത്തിയ കൂട്ടായ പരിശ്രമം കാർഷികോല്പാദന രംഗത്ത് പുതിയ ഉണർവ്വ് സൃഷ്ടിച്ചിട്ടുണ്ട്. നേരിയ തോതിലാണെങ്കിലും ഭക്ഷ്യോത്പാദന രംഗത്തുണ്ടായ വർദ്ധനവ് പ്രോത്സാഹജനകമാണ്. 60000 ഏക്കർ തരിശുഭൂമിയാണ് കൃഷിയോഗ്യമാക്കി മാറ്റിയത്. ഈ രീതി പിന്തുടരണം. വർദ്ധിക്കുന്ന ജനസംഖ്യയും ആധുനിക ജീവിതശൈലിയും ഖരദ്രവമാലിന്യ പരിപാലനം കൂടുതൽ സങ്കീർണ്ണമാക്കാനേ തരമുള്ളു. ദീർഘവീക്ഷണത്തോടെ ഈ മേഖലയിൽ പദ്ധതികൾ ആവിഷ്ക്കരിക്കണം. പൊതുജനങ്ങൾക്ക് നൽകുന്ന സേവനങ്ങളുടെ ഗുണമേന്മ വർദ്ധിപ്പിക്കുന്നതിനും നീതിപൂർവ്വകമാക്കുന്നതിനും വേണ്ടി സജ്ജമാക്കിയിട്ടുള്ള ഫ്രണ്ട് ആഫീസുകൾ ഉൾപ്പെടെയുള്ള സംവിധാനങ്ങളുടെ പ്രവർത്തനം കാര്യക്ഷമവും സമയബന്ധിതവുമാക്കി തീർക്കുന്നതിന് മുൻഗണന നൽകണം. എല്ലാത്തിനുമുപരി 2010-11ലെ വാർഷിക പദ്ധതിയുടെ നടത്തിപ്പിൽ പുതിയ ഭരണസമിതികളുടെ അടിയന്തര ശ്രദ്ധ പതിയുക എന്നതാണ് പ്രധാനം. പൊതുതെരഞ്ഞെടുപ്പിനോടനുബന്ധിച്ച് പദ്ധതി നടത്തിപ്പിൽ വന്ന മന്ദത വരുന്ന നാല് മാസങ്ങൾകൊണ്ട് പരിഹരിക്കുവാനും പദ്ധതി പണം പാഴാകാതെ ചെലവഴിക്കാനും കഴിയണം.

ഭരണം ഒരു തുടർപ്രക്രിയയാണ്. പുതുതായി തെരഞ്ഞെടുക്കപ്പെട്ട ജനപ്രതിനിധികൾക്ക് പ്രാദേശിക ഭരണനിർവഹണ പ്രക്രിയയിൽ ഫലപ്രദമായി ഇടപെടുന്നതിനുള്ള കാര്യശേഷി കൈവരിക്കുന്നതിന് ആവശ്യമായ പരിശീലനം ചുരുങ്ങിയ കാലയളവിനുള്ളിൽത്തന്നെ നൽകുന്നതിനുള്ള സംവിധാനം സർക്കാർ 'കില' യുടെ നേതൃത്വത്തിൽ ഒരുക്കിയിട്ടുണ്ട്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ ഭരണയന്ത്രം സുഗമമായി പ്രവർത്തിച്ചെങ്കിൽ മാത്രമേ ലഭ്യമായ അധികാരവും വിഭവവും മറ്റ് അനുബന്ധ സൗകര്യങ്ങളും പരമാവധി ഉപയോഗപ്പെടുത്തി അധികാരവികേന്ദ്രീകരണത്തിന്റെ ഫലം ജനങ്ങളിലേയ്ക്ക് എത്തിക്കുവാൻ കഴിയൂ. ഭരണരംഗത്ത് ഉണ്ടാകുന്ന അസ്ഥിരത അത്തരത്തിൽ സുഗമമായ പ്രവർത്തനം നടത്തുന്നതിന് പലപ്പോഴും വിഘാതമാകുന്നുണ്ട്. തദ്ദേശഭരണ സ്ഥാപനങ്ങളിൽ ഭരണപ്രതിപക്ഷമില്ല. ഉള്ളത് പ്രസിഡന്റും വൈസ്‌പ്രസിഡന്റും സ്റ്റാൻഡിംഗ് കമ്മിറ്റി അംഗങ്ങളും മാത്രം. ഓരോ വാർഡിനേയും പ്രതിനിധീകരിച്ച് എത്തുന്നവർക്ക് തദ്ദേശസ്ഥാപനത്തിന്റെ പ്രതിനിധി എന്ന ബോധം ഉൾക്കൊണ്ട് അധികാരവികേന്ദ്രീകരണത്തിന്റെ അന്തഃസത്തയ്ക്കനുസൃതമായി പ്രവർത്തിക്കാൻ കഴിയണം. അത്തരത്തിൽ പ്രവർത്തിച്ച ഇടങ്ങളിൽ സ്വർണ്ണ തിളക്കമാർന്ന നേട്ടങ്ങൾ ഉണ്ടാക്കുവാൻ കഴിഞ്ഞിട്ടുണ്ട്. അനുഭവപാഠങ്ങൾ ഉൾക്കൊണ്ട് മുന്നോട്ടുപോകുവാൻ കഴിയുമെന്ന പ്രത്യാശയോടെ പുതിയൊരു തുടക്കത്തിന് എല്ലാ ആശംസകളും.

# പ്രാദേശിക വികസനമായിരിക്കണം മുഖ്യ അജണ്ട



**പാലോളി മുഹമ്മദ്കുട്ടി**
തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രി

പുതുതായി തെരഞ്ഞെടുക്കപ്പെട്ട ഭരണ സമിതികൾ അധികാരമേറ്റിരിക്കുകയാണല്ലോ. കേരളത്തിലെ അധികാര വികേന്ദ്രീകരണ പരീക്ഷണത്തെയും ജനകീയാസൂത്രണത്തെയും സ്ഥായീകരിക്കാനും അടുത്ത ഘട്ടത്തിലേയ്ക്ക് വളർത്താനും ബാധ്യതപ്പെട്ടവരാണ് പുതിയ ഭരണസമിതികൾ.

അധികാര വികേന്ദ്രീകരണത്തിനും മെച്ചപ്പെട്ട പഞ്ചായത്ത് രാജ് സംവിധാനത്തിനും രാജ്യത്ത് ഒന്നാം സ്ഥാനത്താണ് കേരളം. അധികാരങ്ങളും അവ നിർവ്വഹിക്കാനുള്ള ഫണ്ടും ജീവനക്കാരെയും പഞ്ചായത്തുകൾക്കും നഗരസഭകൾക്കും ലഭ്യമാക്കാൻ പ്രതിജ്ഞാബദ്ധമായ സംസ്ഥാന സർക്കാരിന്റെ പ്രവർത്തനങ്ങളാണ് ഈ നേട്ടത്തിന് സഹായകമായത്.

തദ്ദേശഭരണ സ്ഥാപനങ്ങളുടെ പ്രവർത്തനങ്ങളിൽ ജനങ്ങളുടെ താൽപ്പര്യം വർധിച്ചു വരുന്നത് ഒരു നല്ല ലക്ഷണമാണ്. ജനങ്ങൾക്കുണ്ടാകുന്ന താൽപ്പര്യത്തിനനുസരിച്ച് ക്രിയാത്മകമായ പ്രവർത്തനം കാഴ്ചവെയ്ക്കാൻ ഭരണസമിതികൾക്കു കഴിയണം. വികേന്ദ്രീകരണ ഭരണ സംവിധാനത്തിന് ശക്തമായ വേരുകൾ കേരള സമൂഹത്തിൽ ഉണ്ടായി കഴിഞ്ഞിട്ടുണ്ട്. ഈ സംവിധാനവുമായി ബന്ധപ്പെട്ട പ്രവർത്തന രീതികൾ സ്ഥായീകരിക്കാനുള്ള പ്രവർത്തനം പൂർത്തീകരിക്കാൻ ഇത്തവണത്തെ ഭരണസമിതികൾക്കാകണം.

**ഗ്രാമസഭ**

ഗ്രാമ/ബ്ലോക്ക്/ജില്ലാ പഞ്ചായത്ത് തലങ്ങളിലും നഗരസഭാ തലത്തിലും ചെയ്യേണ്ട പ്രവർത്തനങ്ങൾ ചിട്ടപ്പെടുത്തുകയും അവയ്ക്കാവശ്യമായ ചട്ടങ്ങൾ രൂപപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. പദ്ധതി രൂപീകരണത്തിലും നിർവ്വഹണത്തിലും മോണിറ്ററിംഗിലും ജനപങ്കാളിത്തം വർധിപ്പിച്ചു കൊണ്ടു മാത്രമേ അധികാരം ജനങ്ങളിലെത്തിക്കാൻ കഴിയൂ. ഓരോ വിഷയവുമായി ബന്ധപ്പെട്ടുള്ള കർമ്മസമിതികൾ ആവശ്യാനുസൃതം പുനസംഘടിപ്പിച്ചു കൊണ്ടു വേണം ആസൂത്രണ പ്രക്രിയക്ക് തുടക്കമിടാൻ. ഗ്രാമസഭകളിലെ പങ്കാളിത്തം തൃപ്തികരമല്ല. ജനപങ്കാളിത്തത്തിന്റെ ഏറ്റവും പ്രധാന അളവുകോലാണ് ഗ്രാമസഭ. അവയെ സജീവമാക്കുന്നതിന് പ്രധാന പരിഗണന നൽകേണ്ടതുണ്ട്.

അൻപതു ശതമാനത്തിലേറെ വനിതാ പ്രാതിനിധ്യമുണ്ട് പുതിയ ഭരണസമിതികളിൽ. ഇന്നലെ വരെ ഭരണസമിതികളുടെ പ്രവർത്തനത്തിന്റെ മുഖ്യധാരയിൽ എത്തിപ്പെട്ടിട്ടില്ലാത്ത നിരവധി പ്രശ്നങ്ങൾ ഉയർത്തിക്കൊണ്ടുവരാൻ ഇവർക്കു കഴിയും. കൂടുതൽ സൗഹൃദപരമായ ഒരന്തരീക്ഷം ഭരണസമിതിയിലും ഭരണ സംവിധാനത്തിലും സൃഷ്ടിക്കാൻ വർധിച്ച സ്ത്രീ പങ്കാളിത്തം സഹായകമാകും. ഭരണസമിതികൾക്കകത്തുള്ള വികേന്ദ്രീകൃത സംവിധാനമാണ് സ്റ്റാന്റിംഗ് കമ്മിറ്റികൾ. ഇവ കൂടുതൽ ചലനാത്മകവും കർമ്മനിരതവുമാക്കാൻ പുതിയ ഭരണസമിതികൾ തയ്യാറാവണം.

പഞ്ചായത്തുകൾ കൂടുതൽ ജനസൗഹൃദമാക്കുന്നതിനും സഹായകമാക്കുന്നതിനുമാണ് ഫ്രണ്ട് ഓഫീസുകൾ. സർട്ടിഫിക്കറ്റുകൾ, പെർമിറ്റുകൾ, ലൈസൻസുകൾ തുടങ്ങിയവ സമയബന്ധിതമായി നൽകപ്പെടുന്നു എന്നുറപ്പാക്കേണ്ട ബാധ്യതയും ഭരണസമിതികൾക്കുണ്ട്. തങ്ങളെ ഏൽപ്പിച്ചിട്ടുള്ള ഒരു ചുമതല ജനങ്ങളെ കഷ്ടപ്പെടുത്തുന്നതിനല്ല, പകരം അവരെ സഹായിക്കുന്നതിനാണ് എന്ന ബോധ്യം ജീവനക്കാരിലുണ്ടാകണം. ഭരണസമിതി ഇത്തരം പ്രവർത്തനങ്ങൾ വിലയിരുത്തുമ്പോൾ ഇത് സ്വാഭാവികമായും ഉണ്ടാകും.

എല്ലാവർക്കും കുടിവെള്ളം ലഭ്യമാക്കേണ്ടതുണ്ട്. മുൻ വർഷങ്ങളിൽ ആരംഭിച്ച നിരവധി കുടിവെള്ളപദ്ധതികൾ യഥാസമയം അറ്റകുറ്റപ്പണികൾ നടത്താത്തതുകൊണ്ട് പ്രവർത്തനക്ഷമമല്ലാതായിട്ടുണ്ട്. ഇവ പ്രവർത്തനക്ഷമമാക്കുന്നതിന് മുന്തിയ പരിഗണന നൽകണം. ഉപയോഗിക്കാത്ത പൊതു ടാപ്പുകൾക്കും ജല അതോറിറ്റിക്ക് പണം നൽകേണ്ടിവരുന്ന അവസ്ഥ ചില പഞ്ചായത്തുകളിലുണ്ട്. ജല അതോറിറ്റിയുമായി സംയുക്ത വെരിഫിക്കേഷൻ നടത്തി വെള്ളം കിട്ടുന്ന ടാപ്പുകൾക്കു മാത്രം പണം നൽകുന്ന അവസ്ഥയുണ്ടാകണം.



## സ്വകാര്യ കൃഷിയിടങ്ങളിലേക്ക് തൊഴിലുറപ്പു പദ്ധതി വ്യാപിപ്പിക്കാനാകണം

പ്രാദേശിക വികസനത്തിൽ പഞ്ചായത്തുകളെ ഒരു നിർണ്ണായകശക്തിയായി വളർത്തിയെടുക്കാൻ ഇപ്പോഴത്തെ ഭരണ സമിതികൾക്കു കഴിയണം. അധികാരം ജനങ്ങളിലേക്കെത്തിച്ചാൽ പ്രാദേശിക പ്രശ്നങ്ങൾക്ക് മെച്ചപ്പെട്ട പരിഹാരം എളുപ്പം ലഭിക്കുമെന്ന അധികാര വികേന്ദ്രീകരണത്തിന്റെ കാതലായ ആശയം കൂടുതൽ അനുഭവവേദ്യമാക്കാൻ പുതിയ ഭരണ സമിതികൾക്കു കഴിയട്ടെ എന്ന് ആശംസിക്കുന്നു.

**മാലിന്യ സംസ്കരണം**

മാലിന്യ സംസ്ക്കരണം ഗൗരവമായ പ്രശ്നമാണ്. 32 പഞ്ചായത്തുകളിലൊഴികെ എല്ലാ പഞ്ചായത്തുകളും കേന്ദ്ര സർക്കാരിന്റെ നിർമൽ ഗ്രാമ പുരസ്കാരം നേടിക്കഴിഞ്ഞിട്ടുണ്ട്. എന്നാൽ ഖരമാലിന്യം ഇന്നും ഗുരുതരമായ പ്രശ്നമായി അവശേഷിക്കുന്നു. മാലിന്യം പൊതു സ്ഥലത്തും ജലസ്രോതസ്സുകളിലും വലിച്ചെറിയുന്നില്ല എന്നുറപ്പു വരുത്തേണ്ടതുണ്ട്, അങ്ങിനെ ചെയ്യുന്നത് ശിക്ഷാർഹമായ കുറ്റമാണ്. കംപോസ്റ്റിങ്ങ്, ബയോഗ്യാസ് പ്ലാന്റുകൾ എന്നിവയ്ക്ക് പ്രോത്സാഹനം നൽകി മാലിന്യപ്രശ്നം പരിഹരിക്കണം. മാർക്കറ്റുകളിലും മറ്റു പൊതു സ്ഥലങ്ങളിലും കമ്മ്യൂണിറ്റി ബയോഗ്യാസ് പ്ലാന്റുകൾ സ്ഥാപിച്ച് മാലിന്യപ്രശ്നം പരിഹരിക്കാൻ നടപടിയെടുക്കണം. നിരവധി പഞ്ചായത്തുകൾ ഇത്തരം സംവിധാനങ്ങൾ ഏർപ്പെടുത്തിക്കഴിഞ്ഞിട്ടുണ്ട്. മറ്റു പഞ്ചായത്തുകളും ഈ മാതൃക പിന്തുടരണം. പൊതുശ്മശാനം ഇല്ലാത്ത നിരവധി പഞ്ചായത്തുകളുണ്ട്. അതിപ്രധാനമായ ഒരു സാമൂഹിക പ്രശ്നമെന്നുകണ്ട് ഇക്കാര്യം പരിഹരിക്കാനുള്ള നടപടികളുണ്ടാകണം.

ഉൽപാദന മേഖലയിൽ പ്രത്യേകിച്ചും കാർഷിക മേഖലയിൽ ഗുണപരമായ മാറ്റങ്ങളുണ്ടാക്കാൻ കഴിയുമെന്ന് കണ്ടിട്ടുണ്ട്. നെൽകൃഷി, പച്ചക്കറിക്കൃഷി, പാൽ ഉൽപാദനം തുടങ്ങിയ മേഖലകളിൽ കുടുംബശ്രീ പ്രവർത്തകരുടെ കൂടി പങ്കാളിത്തത്തോടെ ഉൽപാദന വർധനവുണ്ടാക്കാനും നിരവധി പേർക്ക് തൊഴിൽ നൽകാനും കഴിയുമെന്ന് പ്രവർത്തനങ്ങളിലൂടെ തെളിയിക്കപ്പെട്ടിട്ടുണ്ട്. ഈ അനുഭവങ്ങൾ കൂടുതൽ ശക്തമായി മുന്നോട്ടു കൊണ്ടു പോകേണ്ടതുണ്ട്. തൊഴിലുറപ്പു പദ്ധതി പോലുള്ള കേന്ദ്ര-സംസ്ഥാന പദ്ധതികളെ പഞ്ചായത്തുകളുടെ വാർഷിക പദ്ധതികളുമായി സംയോജിപ്പിച്ച് അവയുടെ ഫലപ്രാപ്തി വർധിപ്പിക്കാൻ കഴിയും.

**വാർഷിക പദ്ധതി**

ഇക്കാര്യങ്ങൾ പരിഗണിച്ച് വരും വർഷത്തേയ്ക്കുള്ള വാർഷിക പദ്ധതി തയ്യാറാക്കാനുള്ള നടപടികൾ നേരത്തെ ആരംഭിക്കണം. പദ്ധതി നിർവ്വഹണത്തിനു കൂടുതൽ സമയം ലഭിക്കണമെങ്കിൽ പദ്ധതിക്ക് നേരത്തേ അംഗീകാരം ലഭിക്കണം. ബഡ്ജറ്റിനോടൊപ്പം തന്നെ മാർച്ച് അവസാനത്തിനു മുൻപ് പദ്ധതിക്ക് അംഗീകാരം നൽകാൻ കഴിയുന്ന രീതിയിലാണ് പദ്ധതി കലണ്ടർ തയ്യാറാക്കിയിട്ടുള്ളത്. കഴിഞ്ഞ സാമ്പത്തിക വർഷം തന്നെ നിരവധി പഞ്ചായത്തുകൾ ഈ രീതിയിൽ പദ്ധതി രേഖയ്ക്ക് അംഗീകാരം നേടിയിരുന്നു. ഈ വർഷം എല്ലാ പഞ്ചായത്തുകൾക്കും അതിനു കഴിഞ്ഞാൽ പദ്ധതി പ്രവർത്തനം സുഗമമാക്കാൻ കഴിയും.

ഇക്കാര്യങ്ങളുടെ ഫലപ്രദമായ നടത്തിപ്പിന് ചിട്ടയായ ധനമാനേജ്മെന്റ് അനിവാര്യമാണ്. ലഭ്യമായ പണത്തിൽ നിന്ന് ഒരു പൈസപോലും നഷ്ടമാവുകയോ അനാവശ്യമായി ചെലവഴിക്കുകയോ ചെയ്യുന്നില്ല എന്നുറപ്പാക്കേണ്ടതുണ്ട്. പഞ്ചായത്തിന് ലഭിക്കേണ്ട നികുതികൾ സമയത്തിനും തന്നെ പിരിച്ചെടുത്ത് പഞ്ചായത്തിന്റെ സാമ്പത്തിക അടിത്തറ ഭദ്രമാക്കാൻ ശ്രദ്ധകാണിക്കേണ്ടതുണ്ട്. ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ഇക്കാര്യം പ്രത്യേകമായി ശ്രദ്ധിക്കണം.

പ്രാദേശിക വികസനത്തിൽ പഞ്ചായത്തുകളെ ഒരു നിർണ്ണായക ശക്തിയായി വളർത്തിയെടുക്കാൻ ഇപ്പോഴത്തെ ഭരണ സമിതികൾക്കു കഴിയണം. അധികാരം ജനങ്ങളിലേക്കെത്തിച്ചാൽ പ്രാദേശിക പ്രശ്നങ്ങൾക്ക് മെച്ചപ്പെട്ട പരിഹാരം എളുപ്പം ലഭിക്കുമെന്ന അധികാര വികേന്ദ്രീകരണത്തിന്റെ കാതലായ ആശയം കൂടുതൽ അനുഭവവേദ്യമാക്കാൻ പുതിയ ഭരണ സമിതികൾക്കു കഴിയട്ടെ എന്ന് ആശംസിക്കുന്നു. ■

സ്വകാര്യ കൃഷിയിടങ്ങളിൽകൂടി തൊഴിലുറപ്പു പദ്ധതി നടപ്പാക്കാൻ സഹായകമായ സമീപനം കേന്ദ്ര സർക്കാരിന്റെ ഭാഗത്തുനിന്ന് ഉണ്ടായാൽ ഭക്ഷ്യസുരക്ഷാരംഗത്ത് ഏറെ മുന്നേറാൻ കേരളത്തിനു കഴിയുമെന്ന് തദ്ദേശസ്വയംഭരണമന്ത്രി പാലോളി മുഹമ്മദ്കുട്ടി പറഞ്ഞു. തൊഴിലുറപ്പു പദ്ധതിയിൽ കേരളത്തിന് അനുയോജ്യമായ 38 ഇനം പണികൾക്ക് ഇനിയും കേന്ദ്ര അംഗീകാരം ലഭിച്ചിട്ടില്ല. തൊഴിൽ ഉറപ്പ് പദ്ധതിയിലെ കൂലി കേരളത്തിലെ മിനിമം കൂലിയായ 200 രൂപയായി വർധിപ്പിക്കണമെന്ന ആവശ്യവും പരിഗണിച്ചില്ല. അതുപോലെ തന്നെയാണ് പി.എം.ജി.എസ്.വൈയിൽ റോഡുകളുടെ വീതി ആറു മീറ്ററായി കുറയ്ക്കണമെന്ന ആവശ്യവും. പുനഃസംഘടിപ്പിക്കപ്പെട്ട സംസ്ഥാനതല വിജിലൻസ് & മോണിറ്ററിങ് കമ്മിറ്റിയുടെ ആദ്യയോഗത്തിൽ അദ്ധ്യക്ഷത വഹിക്കുകയായിരുന്നു അദ്ദേഹം. കേരളത്തിന്റെ സവിശേഷ സാഹചര്യങ്ങൾക്ക് അനുഗുണമല്ല പല കേന്ദ്രാവിഷ്കൃത പദ്ധതികളുമെങ്കിലും സംസ്ഥാനത്തിൽ മെച്ചപ്പെട്ട രീതിയിൽ നടന്നിട്ടുള്ള അവയുടെ നിർവഹണം അഖിലേന്ത്യാതലത്തിൽ അംഗീകരിക്കപ്പെട്ടിട്ടുണ്ട് സംസ്ഥാനത്ത് ഇക്കഴിഞ്ഞ വർഷം മഹാത്മാ ഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പു പദ്ധതിയിൽ 472 കോടി രൂപ വിനിയോഗിച്ച് 9.5 ലക്ഷം കുടുംബങ്ങൾക്ക് ശരാശരി 35 ദിവസം തൊഴിൽ നൽകിക്കൊണ്ട് 336 ലക്ഷം തൊഴിൽദിനങ്ങൾ സൃഷ്ടിക്കാനായി എന്നും അദ്ദേഹം പറഞ്ഞു.

# പരിശീലനങ്ങൾക്ക് തുടക്കം

തദ്ദേശസ്വയംഭരണ വകുപ്പ് പുതുതായി തെരഞ്ഞെടുക്കപ്പെട്ട ജനപ്രതിനിധികൾക്ക് കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലോക്കൽ അഡ്മിനിസ്ട്രേഷന്റെ (കില) ആഭിമുഖ്യത്തിൽ വിവിധ തലങ്ങളിലും ഘട്ടങ്ങളിലുമായി ആവിഷ്ക്കരിച്ചിട്ടുള്ള പരിശീലന പരിപാടിയുടെ സംസ്ഥാന തല ഉദ്ഘാടനത്തിന് അനന്തപുരി സാക്ഷ്യം വഹിച്ചു. തദ്ദേശഭരണ സ്ഥാപനങ്ങളിലേയ്ക്ക് തെരഞ്ഞെടുക്കപ്പെട്ട അദ്ധ്യക്ഷന്മാരുടെ സാന്നിദ്ധ്യത്തിൽ തിരുവനന്തപുരത്ത് ടാഗോർ സെന്റിനറി ഹാളിൽ 2010 നവംബർ 12 ന് മുഖ്യമന്ത്രി വി.എസ്. അച്യുതാനന്ദൻ പരിശീലന പരിപാടിയുടെ സംസ്ഥാനതല ഉത്ഘാടനം നിർവഹിച്ചു. തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രി പാലോളി മുഹമ്മദ്കുട്ടി അദ്ധ്യക്ഷത വഹിച്ചു. ഉദ്ഘാടനദിന പരിപാടിയിൽ ധനമന്ത്രി ഡോ. ടി.എം. തോമസ് ഐസക്, കേരള നിയമസഭ പ്രതിപക്ഷ ഉപനേതാവ് ജി. കാർത്തികേയൻ, ആസൂത്രണ ബോർഡ് ഉപാദ്ധ്യക്ഷൻ പ്രൊഫ. പ്രഭാത് പട്നായിക്, തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി എസ്. എം. വിജയാനന്ദ്, പ്ലാനിംഗ് ബോർഡ് അംഗം സി.പി. നാരായണൻ, പഞ്ചായത്ത് ഡയറക്ടർ കെ.ആർ. മുരളീധരൻ, കില ഡയറക്ടർ പ്രൊഫ. എൻ. രമാകാന്തൻ, തദ്ദേശഭരണ മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറി പ്രൊഫ. പി.കെ. രവീന്ദ്രൻ തുടങ്ങിയവർ പങ്കെടുത്തു.

ഉൽപ്പാദനമേഖലയിൽ ശ്രദ്ധ കേന്ദ്രീകരിക്കാനും പദ്ധതികൾ സമയത്ത് പൂർത്തിയാക്കാനും തദ്ദേശസ്ഥാപനങ്ങളിലെ പുതിയ ഭരണാധികാരികൾ മുൻഗണന നൽകണമെന്ന് മുഖ്യമന്ത്രി വി.എസ്. അച്യുതാനന്ദൻ പറഞ്ഞു. കാർഷികോൽപ്പന്നങ്ങളുടെ ഉൽപ്പാദനത്തിന് പ്രത്യേകിച്ച് നെൽക്കൃഷിയുടെ വ്യാപനത്തിന് പദ്ധതികൾ തയ്യാറാക്കണം. ഇപ്പോൾ സംസ്ഥാനത്ത് 60,000 ഏക്കറിൽ നെല്ലുൽപ്പാദനം നടക്കുന്നുണ്ട്. ഒന്നേകാൽ ലക്ഷം ടൺ നെല്ല് അധികമായി ഉൽപ്പാദിപ്പിക്കാൻ കഴിഞ്ഞു.

നെൽപ്പാടങ്ങൾ തരിശ്ശിടുന്നത് പ്രോത്സാഹിപ്പിക്കരുത്. അരി ഉൾപ്പെടെയുള്ള ഭക്ഷ്യധാന്യങ്ങൾക്ക് അന്യസംസ്ഥാനങ്ങളെയാണ് കേരളം ആശ്രയിക്കുന്നത്. എന്നാൽ, അവിടങ്ങളിലും ഉൽപ്പാദനം കുറഞ്ഞു വരികയാണ്. ഓരോ പ്രദേശത്തിനും ആവശ്യമായ പച്ചക്കറി, പാൽ എന്നിവ അതതു സ്ഥലത്തു തന്നെ ഉൽപ്പാദിപ്പിക്കണം. ജൈവവൈവിധ്യപരിപാലനത്തിനും തദ്ദേശസ്ഥാപനങ്ങൾക്ക് സുപ്രധാന പങ്ക് നിർവഹിക്കാനുണ്ട്. മാലിന്യപ്രശ്നം പരിഹരിക്കാനും മുൻഗണന നൽകണമെന്നും അദ്ദേഹം വ്യക്തമാക്കി.

തൊഴിലില്ലായ്മ, സ്ത്രീകളും പിന്നോക്ക വിഭാഗങ്ങളിൽപ്പെട്ടവരും അനുഭവിക്കുന്ന പീഢനങ്ങൾ തുടങ്ങി പരിഹരിക്കപ്പെടാത്ത പ്രശ്നങ്ങളുണ്ട്. ഇവ പരിഹരിക്കാൻ കേന്ദ്ര-സംസ്ഥാന ഗവൺമെന്റുകളോടൊപ്പം പ്രാദേശിക ഗവൺമെന്റുകളും ഏകോപനത്തിലൂടെ ദീർഘകാല പദ്ധതികൾ ആവിഷ്ക്കരിക്കണം. പ്രാദേശിക പ്രശ്നങ്ങൾക്ക് പരിഹാരം കാണുന്നതിലും തദ്ദേശസ്ഥാപനങ്ങൾ



*തദ്ദേശ സ്ഥാപനങ്ങളിലെ ജനപ്രതിനിധികൾക്കായുള്ള പരിശീലന പരിപാടിയുടെ സംസ്ഥാനതല ഉദ്ഘാടനം മുഖ്യമന്ത്രി വി.എസ്. അച്യുതാനന്ദൻ നിർവ്വഹിക്കുന്നു. മന്ത്രി പാലോളി മുഹമ്മദ്കുട്ടി, പ്രതിപക്ഷ ഉപനേതാവ് ജി. കാർത്തികേയൻ, പ്രിൻസിപ്പൽ സെക്രട്ടറി എസ്.എം. വിജയാനന്ദ് തുടങ്ങിയവർ വേദിയിൽ*



*'ഭരണസമിതിയും മുൻഗണനകളും' എന്ന സെഷനിൽ മന്ത്രി ഡോ. റ്റി.എം. തോമസ് ഐസക്ക് വിഷയാവതരണം നടത്തുന്നു.*

മികച്ച മാതൃകകളായിട്ടുണ്ട്. ആ പാരമ്പര്യം നിലനിർത്തി മുന്നോട്ടുപോകണമെന്നും മുഖ്യമന്ത്രി പറഞ്ഞു.

തദ്ദേശ സ്ഥാപനങ്ങൾ സ്വന്തം വരുമാനം വർധിപ്പിക്കുന്നതിനൊപ്പം ദുർവ്യയം ഒഴിവാക്കുന്നതും ഉൽഘാടനങ്ങൾക്കും മറ്റും കൂടുതൽ പണം ചെലവിടുന്നതും ഒഴിവാക്കണമെന്ന് ചടങ്ങിൽ അധ്യക്ഷനായിരുന്ന മന്ത്രി പാലോളി മുഹമ്മദ്കുട്ടി പറഞ്ഞു. ആസ്തികൾ പ്രത്യേക ശ്രദ്ധയോടെ പരിപാലിക്കപ്പെടണം. മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിൽ മാത്രമേ ഫണ്ട് വിനിയോഗം പാടുള്ളു. പദ്ധതിപ്പണം വകമാറ്റി ചെലവഴിക്കാൻ പാടില്ല. കാർഷികമേഖലയിൽ ശ്രദ്ധ കേന്ദ്രീകരിക്കണം. പ്രാദേശിക ഗവൺമെന്റുകൾക്ക് അധികാരം വിഭജിച്ചുനൽകുന്നതിന് എല്ലാവിധ സഹായവും സംസ്ഥാന സർക്കാർ നൽകുമെന്നും പാലോളി പറഞ്ഞു.

പഞ്ചായത്തുകൾക്ക് ലഭിക്കുന്ന പണം സമയബന്ധിതമായും അഴിമതി രഹിതമായും പൂർണ്ണമായി ചെലവഴിക്കുന്നതിന് സാധിക്കുന്നില്ലെങ്കിൽ അത് പരിശോധിക്കപ്പെടണമെന്ന് ചടങ്ങിൽ മുഖ്യപ്രഭാഷണം നടത്തിയ ജി. കാർത്തികേയൻ അഭിപ്രായപ്പെട്ടു. ആദ്യഘട്ടത്തിൽ സജീവമായിരുന്ന ഗ്രാമസഭകൾ ഇന്ന് വികസന പ്രക്രിയയിൽ വെറും നോക്കുകുത്തികളായി മാറിയിരിക്കുന്നു. പഞ്ചായത്തുകളുടെ പ്രോജക്ടുകൾ പരിശോധിക്കുന്ന സാങ്കേതിക സമിതികൾ പഞ്ചായത്തുകൾക്ക് ബാദ്ധ്യതയാകരുത്. സാങ്കേതിക സമിതികൾ അനിവാര്യമാണ്. അവയുടെ ശാഠ്യം നിമിത്തം പദ്ധതി നടത്തിപ്പ് വൈകുന്ന പ്രവണത തടയണം. പുതിയ ജനപ്രതിനിധികളിൽ ഭൂരിഭാഗവും യുവാക്കളാണ്. മനുഷ്യജീവിതത്തിലെ വസന്തകാലമാണ് യൗവ്വനം. പ്രായത്തിനൊത്ത പക്വത പുലർത്താൻ നവാഗതർക്ക് കഴിയണം. തുടക്കത്തിൽ ലഭിക്കുന്ന ആശംസകളും അഭിപ്രായങ്ങളും അവസാനം വരെ ലഭിക്കുന്ന തരത്തിൽ പ്രവർത്തിക്കണമെന്നും അദ്ദേഹം പറഞ്ഞു.

തെരഞ്ഞെടുപ്പിനെ തുടർന്ന് മന്ദഗതിയിലായ പദ്ധതി നിർവ്വഹണം ഊർജ്ജിതമാക്കി പരമാവധി ഫണ്ട് വിനിയോഗം ഈ സാമ്പത്തിക വർഷം നടത്തുന്നതിന് തദ്ദേശഭരണ സ്ഥാപനങ്ങൾ മുൻഗണന നൽകണമെന്ന് ആശംസകൾ അർപ്പിച്ച് സംസാരിച്ച സംസ്ഥാന പ്ലാനിംഗ് ബോർഡ് ഉപാദ്ധ്യക്ഷൻ ഡോ.പ്രഭാത് പട്നായിക് പറഞ്ഞു. സമഗ്ര ആരോഗ്യ ഇൻഷ്വറൻസ് പദ്ധതിയിൽ പരമാവധി കുടുംബങ്ങളെ രജിസ്റ്റർ ചെയ്യിക്കുന്നതിന് തദ്ദേശസ്ഥാപനങ്ങളുടെ സഹായം അദ്ദേഹം അഭ്യർത്ഥിച്ചു. നാളിതുവരെ 18 ലക്ഷം കുടുംബങ്ങൾ മാത്രമാണ് പദ്ധതിയിൽ ചേർന്നിട്ടുള്ളത്. വരുന്ന 3 മാസം കൊണ്ട് ഇത് 35 ലക്ഷമാക്കി ഉയർത്തണം. മഹാത്മാഗാന്ധി ദേശീയ തൊഴിലുറപ്പ് പദ്ധതിയുടെ നടത്തിപ്പിൽ കേരളം മാതൃകയാണ്. എന്നാൽ ശരാശരി തൊഴിൽ ദിനങ്ങൾ വർദ്ധിപ്പിക്കുന്നതിന് പഞ്ചായത്തുകൾ മുൻകൈ എടുക്കണം. നഗരപ്രദേശങ്ങൾക്ക് വേണ്ടി ആവിഷ്ക്കരിച്ചിരിക്കുന്ന തൊഴിലുറപ്പ് പദ്ധതി ഈ സാമ്പത്തിക വർഷം തന്നെ ആരംഭിക്കണമെന്നും അദ്ദേഹം ജനപ്രതിനിധികളോട് ആവശ്യപ്പെട്ടു. 'കില' ഡയറക്ടർ പ്രൊഫ. എൻ. രമാകാന്തൻ സ്വാഗതം ആശംസിച്ചു. ജനകീയാസൂത്രണം സംസ്ഥാന റിസോഴ്സ് ഗ്രൂപ്പ് അംഗം പി. സുരേഷ് ഉദ്ഘാടന സമ്മേളനത്തിന് നന്ദി പറഞ്ഞു.

ഉദ്ഘാടന സമ്മേളനത്തെതുടർന്ന് വിവിധ സെഷനുകളിലായി വിഷയാവതരണങ്ങൾ നടന്നു. ഭരണസമിതിയും ഉത്തരവാദിത്തങ്ങളും എന്ന സെഷനിൽ മന്ത്രി പാലോളി മുഹമ്മദ് കുട്ടി അദ്ധ്യക്ഷത വഹിച്ചു. എസ്.എം. വിജയാനന്ദ് വിഷയം അവതരിപ്പിച്ചു. ഭരണസമിതിയും മുൻഗണനകളും എന്ന വിഷയത്തെ ആസ്പദമാക്കി നടന്ന രണ്ടാം സെഷനിൽ വിഷയാവതരണം നടത്തിയത് ധനമന്ത്രി ഡോ. റ്റി.എം. തോമസ് ഐസക്കായിരുന്നു. സി.പി. നാരായണൻ അദ്ധ്യക്ഷത വഹിച്ചു. അടിയന്തരമായി നിർവഹിക്കാനുള്ള കടമകളെക്കുറിച്ച് എസ്.എം. വിജയാനന്ദും പ്രൊഫ. പി.കെ. രവീന്ദ്രനും വിശദീകരിച്ചു.

1208 തദ്ദേശഭരണ സ്ഥാപനങ്ങളിലേയ്ക്ക് (മട്ടന്നൂർ നഗരസഭ ഒഴികെ) പുതുതായി തെരഞ്ഞെടുക്കപ്പെട്ട ജനപ്രതിനിധികളിൽ ഭുരിപക്ഷവും ഈ രംഗത്ത് മുൻപരിചയം ഇല്ലാത്തവരാണ്. ബന്ധപ്പെട്ട നിയമങ്ങൾ, ചട്ടങ്ങൾ, ഭരണവികസന രീതികൾ തുടങ്ങിയവയെക്കുറിച്ച് അവർക്ക് പ്രാഥമിക ധാരണ നൽകുന്നത് തദ്ദേശഭരണത്തിന്റെ ഗുണനിലവാരം വർദ്ധിപ്പിക്കുന്നതിന് പ്രയോജനപ്പെടും എന്ന കാഴ്ചപ്പാടോടെയാണ് പരിശീലന പരിപാടി ആവിഷ്ക്കരിച്ചിരിക്കുന്നത്. സംസ്ഥാനത്തിന്റെ വിവിധ കേന്ദ്രങ്ങളിൽവെച്ച് നവംബർ 20 മുതൽ ഡിസംബർ 4 വരെ തദ്ദേശഭരണ അദ്ധ്യക്ഷർക്കും ഡിസംബർ 2 മുതൽ 22 വരെ സ്റ്റാൻഡിംഗ് കമ്മിറ്റി അദ്ധ്യക്ഷർക്കും ജനുവരി 1 മുതൽ 21 വരെ ഭരണസമിതി അംഗങ്ങൾക്കും പരിശീലനം നൽകുന്നതിനാണ് തീരുമാനിച്ചിരിക്കുന്നത്. ■

*പഞ്ചായത്ത് ന്യൂസ് സർവ്വീസ്*

## ജനപ്രതിനിധി പരിശീലനം

**തദ്ദേശഭരണ അധ്യക്ഷർക്കുള്ള പരിശീലനം**

**2010 നവംബർ 20 – ഡിസംബർ 4**

കില, മുളംകുന്നത്തുകാവ്, എസ്.ഐ.ആർ.ഡി. കൊട്ടാരക്കര,
ഐ.എം.ജി, തിരുവനന്തപുരം, അനിമേഷൻ സെന്റർ, കോവളം

**സ്റ്റാൻഡിംഗ് കമ്മിറ്റി അധ്യക്ഷർക്കുള്ള പരിശീലനം**

**2010 ഡിസംബർ 2–22 വരെ**

- മാർഗ്രിഗോറിയസ് റിന്യൂവൽ സെന്റർ, നാലാഞ്ചിറ, തിരുവനന്തപുരം
- ആശീർ ഭവൻ, എറണാകുളം
- ആമോസ് സെന്റർ, അടിച്ചിറ , എറണാകുളം
- ഓശാന മൗണ്ട്, ഇടമറ്റം, പാല, കോട്ടയം
- യുവക്ഷേത്ര, എഴക്കാട്, മുണ്ടൂർ, പാലക്കാട്
- ജൂബിലി മെമ്മോറിയൽ ടൗൺ ഹാൾ, കണ്ടൻകുളം, കോഴിക്കോട്

**ഭരണസമിതി അംഗങ്ങളുടെ പരിശീലനം**

**2011 ജനുവരി 1 മുതൽ 31 വരെ**

അതത് ജില്ലകളിൽ മേഖലാടിസ്ഥാനത്തിൽ.

# മലയാളത്തിൽ ഭരിച്ചാലും ഭരും

ഡോ. പി.കെ. രാജശേഖരൻ

**ഒരു ജനതയുടെയും സംസ്കാരത്തിന്റെയും സ്വത്വവുമായും ആത്മവത്തയുമായും ബന്ധപ്പെട്ട കാര്യമാണ് മാതൃഭാഷയുടെ ഉപയോഗവും നിലനിർത്തലും. ഭയങ്കര അസൗകര്യമാണെന്നു കരുതി മുണ്ടുടുക്കുന്നവരാരും അതു പാതി മുറിച്ച് അരയിൽപ്പിടിപ്പിക്കാറില്ലല്ലോ. അസൗകര്യം കരുതി അനുഷ്ഠാന കർമ്മങ്ങൾ പാതി മുക്കാലും കളയാറുമില്ലല്ലോ. പരിചരിക്കാനും കൊണ്ടുനടക്കാനും വിഷമമുള്ളതിനാൽ ചെറിയ കുഞ്ഞുങ്ങളെയും അതിവൃദ്ധരായ മാതാപിതാക്കളെയും വഴിയിലുപേക്ഷിക്കാറുമില്ലല്ലോ. മാതൃഭാഷയ്ക്കും ഏതാണ്ട് അതേ സ്ഥാനമാണ്. നിലവിളിക്കാനും കലിതീർക്കാനും തീവ്രവികാരങ്ങളെല്ലാം പ്രകടിപ്പിക്കാനും മാത്രമല്ല കാവ്യാനുഭൂതിയുണ്ടാകാനും മാതൃഭാഷ വേണം.**

സി.വി. രാമൻപിള്ളയുടെ കഥാപാത്രമായ ചന്ത്രക്കാറൻ ചോദിച്ച ചോദ്യമാണ് 'ഞാൻ ഭരിച്ചാൽ ഭരൂല്ലേ' എന്നത്. തന്റെ തന്നാട്ടു മലയാളത്തിൽ ആ തനിനാടൻ കഥാപാത്രം ഉയർത്തിയ ചോദ്യം ഒരു ഫലിതവാക്യമായാണു മനസ്സിലാക്കപ്പെട്ടത്. വായനക്കാർക്കിടയിലും ക്ലാസ് മുറികളിലും അതു പ്രചരിച്ചതും അങ്ങനെതന്നെ. യഥാർത്ഥത്തിൽ അതൊരു തമാശയായിരുന്നില്ല. ഭരണഭാഷ തമിഴായിരുന്ന രാജവാഴ്ചക്കാലത്തെ തിരുവിതാംകൂറിൽ തനിമലയാളത്തിന്റെ സ്വരമാലയുയർത്തുകയായിരുന്നു ചന്ത്രക്കാറൻ. തമിഴരായ ദിവാന്മാർ ഭരിക്കുന്ന കാലത്ത്, മേലുദ്യോഗസ്ഥന്മാരെല്ലാം തമിഴരായിരുന്ന കാലത്ത് മലയാളിക്കും അതിനവസരം വേണമെന്നു ധ്വനിപ്പിക്കാൻ കൂടി വേണ്ടിയാണ് സി.വി. അങ്ങനെ പറയിപ്പിച്ചത്. വ്യാകരണ സമ്മതിയില്ലാത്ത ആ വികല വാക്യത്തിലൂടെ ഭരണഭാഷയെക്കുറിച്ചുള്ള ഒരു നിലപാടുകൂടി സി.വി. ഉയർത്തുകയായിരുന്നു; മലയാളി ഭരിച്ചാൽ മാത്രമല്ല, മലയാളത്തിൽ ഭരിച്ചാലും ഭരും. ഭരണം നടക്കും. ഒരു പക്ഷേ കൂടുതൽ സുതാര്യമായി നടക്കും.

ചന്ത്രക്കാറന്റെ സന്ദേഹത്തിന് ഇപ്പോൾ പ്രസക്തിയില്ല. ഭരണ ഭാഷ മലയാളമായിക്കഴിഞ്ഞു. പക്ഷേ, എന്നിട്ടും ചന്ത്രക്കാറന്റെ സന്ദേഹം ബാക്കി നില്ക്കുന്നു. ഭരുന്നുണ്ടോ ?

സുതാര്യവും ലളിതവും വിനിമയ നിർഭരവുമായ ഒരു മലയാളമാണോ ഭരണ മലയാളം. സാധാരണ മനുഷ്യർക്ക് തടസ്സങ്ങളില്ലാത്ത ജനാധിപത്യാനുഭവമുണ്ടാക്കാൻ പര്യാപ്തമാണോ അത്. കേട്ടാലുടൻ കാര്യം മനസ്സിലാകുന്ന, എഴുതാൻ വിഷമമില്ലാത്ത തെളിമലയാളമാണോ അത്. കേരള സർക്കാരിന്റെ എഴുപത്തിയാറു ഭരണ വകുപ്പുകളിലും കോടതി, അക്കൗണ്ടന്റ് ജനറൽ, സംസ്ഥാനാന്തര വിനിമയങ്ങൾ എന്നിവയൊഴിച്ചുള്ള രംഗങ്ങളിലെല്ലാം മലയാളത്തിൽ കാര്യങ്ങൾ നടക്കുന്നുണ്ടോ? ദിവസേന പത്തു വാക്കെങ്കിലും എഴുതി പ്രദർശിപ്പിക്കണമെന്ന നിർദ്ദേശം എത്രയിടത്ത് നടപ്പാവുന്നുണ്ട്? ചോദ്യങ്ങൾ ഒട്ടേറെയാണ്. ജനങ്ങളുമായി നേരിട്ട് ഇടപെടുന്ന പോലീസ്, റവന്യൂ, പഞ്ചായത്ത് വകുപ്പുകളിൽ മലയാളത്തിൽ കാര്യങ്ങൾ നടക്കുന്നുണ്ടെങ്കിലും പൊതുമരാമത്തുപോലെ സാങ്കേതിക പദാവലിയുടെ ധാരാളിത്തം വേണ്ടിവരുന്ന മേഖലകളിൽ മലയാളത്തിലാണ് എല്ലാമെന്ന് ആരെങ്കിലും അവകാശപ്പെട്ടാൽ സമ്മതിക്കാൻ വയ്യ. ഇനി, മലയാളത്തിലാണെങ്കിൽത്തന്നെ അത് ഇംഗ്ലീഷ് വാക്കുകൾ മലയാളലിപിയിലെഴുതുന്ന

**പലപ്പോഴും മലയാളമാക്കാൻ വേണ്ടി മലയാളമാക്കി അപരിചിതത്വം സൃഷ്ടിക്കുന്നതായാണ് ചില ഭരണ മലയാളങ്ങൾ കേൾക്കുമ്പോൾ തോന്നുക. ഇംഗ്ലീഷിലെ 'ടു', 'ഫ്രം' എന്നിവയെ 'പ്രേഷിതനും' 'സ്വീകർത്താവു' മാക്കുന്നിടത്ത് വല്ലാത്തൊരു കല്ലുകടിയുണ്ട്. അയക്കുന്നയാൾ, സ്വീകരിക്കുന്നയാൾ എന്നെഴുതിയാൽ മതിയാകുന്നിടത്താണ് പ്രേഷിതന്റെ പ്രവേശനം. ചിലർ അതിനെ 'പ്രേക്ഷിതനു'മാക്കും. കൃഷിവകുപ്പുക്കാരുടെ മത്സ്യവിത്തും വാഴവിത്തും ഇതുപോലെ രണ്ടു ഭയാനകരൂപങ്ങളാണ്. നാളെ മനുഷ്യക്കുഞ്ഞുങ്ങളെ മനുഷ്യ വിത്തുകൾ എന്ന് എഴുതിത്തുടങ്ങിയാലോ.**

ഭയാനകമലയാളത്തിലായിരിക്കും.

സാമാന്യജനത്തെ ബാധിക്കുന്ന കാര്യങ്ങൾ കൈകാര്യം ചെയ്യുന്ന രേഖകൾ മലയാളത്തിൽ എഴുതാത്തതെന്ത് എന്ന ചോദ്യത്തിന് കൗതുകകരങ്ങളായ ഒട്ടേറെ ഉത്തരങ്ങൾ ഞാൻ കേട്ടിട്ടുണ്ട്. സാങ്കേതിക പദങ്ങൾ എഴുതാനുള്ള കായബലവും പദസമ്പത്തും മാതൃഭാഷയ്ക്കില്ല എന്നതാണു കാലാകാലങ്ങളായുള്ള മറുപടി. നാം അങ്ങനെ തീരുമാനിച്ചുറപ്പിച്ചിരിക്കുന്നു, നമ്മുടെ ഭാഷ ഒരു ദുർബല ശരീരമാണെന്ന്. സാങ്കേതികപദങ്ങൾക്ക് ആംഗലേയമേ പറ്റൂ എന്ന വാശി എവിടെ നിന്നു വന്നതാണ്. ആറ്റം എന്ന വാക്കിന് പരമാണുവെന്നും ന്യൂക്ലിയർഫിഷന് അണുവിഘടനമെന്നും എഴുതുമ്പോൾ എന്തെങ്കിലും ക്ഷീണമോ മനസ്സിലാകായ്മയോ ഉണ്ടായതായി കേട്ടിട്ടില്ല. ആശയം വ്യക്തമാകാൻ പ്രശ്നമുണ്ടെങ്കിൽ ഒട്ടും സഹിക്കാൻ വയ്യെങ്കിൽ ബ്രാക്കറ്റിൽ ഇംഗ്ലീഷ് സാങ്കേതികപദം എഴുതി അതു പരിഹരിക്കാവുന്നതേയുള്ളൂ. എന്തിന് രണ്ടു വാക്കെഴുതുന്നു, മനസ്സിലാകുന്ന ഇംഗ്ലീഷ് എഴുതിയാൽ പ്പോരെ, സൗകര്യമല്ലേ മുഖ്യം എന്നൊക്കെയാവും ഇതു കേൾക്കുമ്പോഴുള്ള മറുചോദ്യങ്ങൾ.

ഒരു ജനതയുടെയും സംസ്കാരത്തിന്റെയും സ്വത്വവുമായും ആത്മവത്തയുമായും ബന്ധപ്പെട്ട കാര്യമാണ് മാതൃഭാഷയുടെ ഉപയോഗവും നിലനിർത്തലും. ഭയങ്കര അസൗകര്യമാണെന്നു കരുതി മുണ്ടുടുക്കുന്നവരാരും അതു പാതി മുറിച്ച് അരയിൽപ്പിടിപ്പിക്കാറില്ലല്ലോ. അസൗകര്യം കരുതി അനുഷ്ഠാന കർമ്മങ്ങൾ പാതി മുക്കാലും കളയാറുമില്ലല്ലോ. പരിചരിക്കാനും കൊണ്ടു നടക്കാനും വിഷമമുള്ളതിനാൽ ചെറിയ കുഞ്ഞുങ്ങളെയും അതിവൃദ്ധരായ മാതാപിതാക്കളെയും വഴിയിലുപേക്ഷിക്കാറുമില്ലല്ലോ. മാതൃഭാഷയ്ക്കും ഏതാണ്ട് അതേ സ്ഥാനമാണ്. നിലവിളിക്കാനും കലിതീർക്കാനും തീവ്രവികാരങ്ങളെല്ലാം പ്രകടിപ്പിക്കാനും മാത്രമല്ല കാവ്യാനുഭൂതിയുണ്ടാകാനും മാതൃഭാഷവേണം. അതു നിലനിർത്താൻ ആത്മബോധമുള്ള ജനത ശ്രമിക്കണം. പ്രയോജനമൂല്യം മാത്രമല്ല കാര്യം. പ്രയോജനവാദികളായ നാം കല്യാണക്കത്തുകൾ വിശേഷിച്ചൊരു പ്രയോജനവുമില്ലെങ്കിലും ഇംഗ്ലീഷിലേ തയ്യാറാക്കൂ. പക്ഷേ മരണമറിയിക്കുന്ന, സഞ്ചയനമറിയിക്കുന്ന കാർഡുകളൊന്നും ഇതുവരെ ഇംഗ്ലീഷിൽ കണ്ടിട്ടില്ല. മരിക്കാൻ, മരിക്കുമ്പോൾ നിലവിളിക്കാൻ നമുക്കു മലയാളം വേണം. ഇംഗ്ലീഷിലേ സാങ്കേതികം വഴങ്ങൂ എന്ന വാശിയെപ്പറ്റി ഒരു കഥയുണ്ട്. ഇന്റർനെറ്റ് ബ്രൗസർ എന്ന ഇംഗ്ലീഷ് വാക്കിന് സഹൃദയനായ ഒരു കമ്പ്യൂട്ടർ വിദഗ്ധൻ 'പ്രവർത്തകം' എന്നു മലയാളമെഴുതി. കമ്പ്യൂട്ടർ അറിയാത്തവരും തുടങ്ങി തർക്കം. വിദഗ്ധൻ ചോദിച്ചത് ഇത്രമാത്രം. 'ബ്രൗസർ എന്നു കേൾക്കുമ്പോൾ എന്തെങ്കിലും പ്രത്യേക അർത്ഥം തോന്നുമോ?' ഉത്തരം: ഇല്ല. 'പ്രവർത്തകം എന്നു കേൾക്കുമ്പോഴോ?' ഉത്തരം: ഏതാണ്ടു പ്രവർത്തിക്കുമ്പോലെ. അത്രയുമേ ഞാനും ഉദ്ദേശിച്ചുള്ളൂവെന്ന് വിദഗ്ധൻ പറഞ്ഞു. 'ബ്രൗസർ' എന്നു കേട്ടാലും 'പ്രവർത്തകം' എന്നു കേട്ടാലും ഒരുപോലെയാണ് അനുഭവമെങ്കിൽ മാതൃഭാഷയിലെ വാക്കു പോരെ മലയാളിക്കെന്നാണ് നേരേ ചൊവ്വേ ഇംഗ്ലീഷറിയാവുന്ന കമ്പ്യൂട്ടർ വിദഗ്ധൻ ചോദിച്ചത്. പലപ്പോഴും സാങ്കേതികതയുടെ പേരിൽ നാം പിടിക്കുന്ന വാശികളുടെ കഥ ഇതുമാത്രമാണ്. പ്രത്യേകിച്ച് അർത്ഥമൊന്നും തോന്നിക്കില്ലെങ്കിലും ഉപയോഗം കൊണ്ടുശീലിച്ചുപോയ മറുഭാഷാപദത്തിൽ ഏതാണ്ടൊക്കെയിരിക്കുന്നുവെന്ന് നാം ധരിച്ചുപോകുന്നു. വിവരസാങ്കേതികവിദ്യയെന്നും ആഗോളീകരണമെന്നുമൊക്കെ മലയാളത്തിൽ പറയുന്നതുകൊണ്ട് ഇതുവരെ ആർക്കെങ്കിലും പരിക്കുപറ്റിയതായി കേട്ടിട്ടില്ല.

ഇതൊക്കെയാണെങ്കിലും മാതൃഭാഷയ്ക്കുവേണ്ടിയുള്ള നിലപാട് മൗലികവാദപരമോ ക്ലിഷ്ടരൂപങ്ങളോടുള്ള പ്രിയമോ ആയിത്തീർന്നാൽ സംഗതി കുഴപ്പമാകും. പലപ്പോഴും മലയാളമാക്കാൻ വേണ്ടി മലയാളമാക്കി അപരിചിതത്വം സൃഷ്ടിക്കുന്നതായാണ് ചില ഭരണമലയാളങ്ങൾ കേൾക്കുമ്പോൾ തോന്നുക. ഇംഗ്ലീഷിലെ 'ടു', 'ഫ്രം' എന്നിവയെ 'പ്രേഷിതനും' 'സ്വീകർത്താവു'മാക്കുന്നിടത്ത് വല്ലാത്തൊരു കല്ലുകടിയുണ്ട്. അയക്കുന്നയാൾ, സ്വീകരിക്കുന്നയാൾ എന്നെഴുതിയാൽ മതിയാകുന്നിടത്താണ് പ്രേഷിതന്റെ പ്രവേശനം. ചിലർ അതിനെ 'പ്രേക്ഷിതനു'മാക്കും. കൃഷിവകുപ്പുകാരുടെ മത്സ്യവിത്തും വാഴവിത്തും ഇതുപോലെ രണ്ടു ഭയാനകരൂപങ്ങളാണ്. നാളെ മനുഷ്യക്കുഞ്ഞുങ്ങളെ മനുഷ്യവിത്തുക്കൾ എന്ന് എഴുതിത്തുടങ്ങിയാലോ. അശ്രദ്ധയും ചെറിയ പിടിവാശികളും ഭരണമലയാളത്തെയും ചീത്തയാക്കും. ഇംഗ്ലീഷ് വാക്കുകൾ മലയാളലിപിയിൽ എഴുതുമ്പോൾ അത്യാവശ്യം ശ്രദ്ധിക്കേണ്ട ചില കാര്യങ്ങളുണ്ട്. ഇംഗ്ലീഷിലെ 'and' മലയാളത്തിൽ 'ആൻഡ്' എന്നാണെഴുതേണ്ടത്. പക്ഷേ 'ആന്റ്' എന്നെഴുതി തെറ്റിച്ചാലേ ചിലർക്കു സമാധാനമുള്ളൂ. ആന്റ് (ant) ഉറുമ്പാണെന്നു മറന്നുകൊണ്ടാണ് ആ പ്രയോഗം. ഒരു സർക്കാർ വകുപ്പ് Grandനെ ഗ്രാന്റ് (Grant)എന്നു തെറ്റിച്ചത് ഒരിക്കൽ ഞാൻ ചൂണ്ടിക്കാട്ടുകയുണ്ടായി. ഗ്രാൻഡ് (Grand) എന്നുവേണമെന്നു പറഞ്ഞതു സമ്മതിക്കാതിരിക്കാൻ വകുപ്പിലെ ഉത്തരവാദിത്തമുള്ളവർതന്നെ കഠിനശ്രമം നടത്തി. ഒടുവിൽ മന്ത്രിതന്നെ വേണ്ടിവന്നു ഗ്രാന്റിനെ ഗ്രാൻഡാക്കാൻ. ഇപ്പോഴും 'ലാന്റ് റവന്യൂ' എന്നൊക്കെ എഴുതിവച്ചിരിക്കുന്നതു കാണാം. ലാൻഡ് (Land) എന്നെഴുതിയാലേ ശരിയാവൂ. ഇംഗ്ലീഷിലെ പ്രചാരലുപ്തമായ ഒരു പദമാണ് ലാന്റ് (Lant). അതിന്റെ അർത്ഥം മൂത്രം എന്നാണ്. ഇനിയെങ്കിലും തിരുത്താവുന്നതേയുള്ളൂ ഇതൊക്കെ.

അതൊന്നും മലയാളത്തിലെഴുതാൻ പറ്റില്ല എന്ന് ഒഴികഴിവു പറയുകയും വർഷങ്ങൾക്കുമുമ്പേ ആരോ എഴുതിയ ഇംഗ്ലീഷ് ഫയൽ വാക്യങ്ങൾ പകർത്തിവച്ച് ഫയൽ മേലോട്ടയക്കുകയും (താഴോട്ടും) ചെയ്യുന്ന നിർദ്ദോഷിയായ ഒരു ഉദ്യോഗസ്ഥ സുഹൃത്തിനെ ഇതെഴുതുമ്പോൾ ഞാൻ മനസ്സിൽ കാണുന്നുണ്ട്. നല്ല മലയാളത്തിൽ വൈദ്യശാസ്ത്രമെഴുതുന്ന ഡോ. ബി. ഇക്ബാലിനെയും കഠിനമായ ഭൗതികശാസ്ത്രതത്ത്വങ്ങൾ എഴുതുന്ന ഡോ. എം.പി. പരമേശ്വരനെയും ഓർമ വരുന്നു. ഏതാണ്ടൊരായിരം വർഷം പഴക്കമുള്ള മലയാളത്തിന് വലിയ കാര്യങ്ങളൊന്നും പറ്റില്ല എന്ന് ആരെങ്കിലും പറയുന്നുണ്ടെങ്കിൽ അത് അറിവില്ലായ്മകൊണ്ടോ പണിയെടുക്കാൻ മടിയുള്ളതുകൊണ്ടോ അല്ലെങ്കിൽ ആഴത്തിൽ പതിഞ്ഞുപോയ അധമബോധം കൊണ്ടോ ആണ്. എന്തായാലും കുഴപ്പം മലയാളത്തിന്റേതല്ല. ■



കൊച്ചുറാണി മാത്യു

# വനിതാ പ്രതിനിധികൾ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ

അധികാരവികേന്ദ്രീകരണത്തിലൂടെ കേരളത്തിലെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ കൂടുതൽ അധികാരവും ഉത്തരവാദിത്വവും ചുമതലകളുമുള്ള ഭരണതലമായി മാറിക്കഴിഞ്ഞു. ജനസംഖ്യയുടെ പകുതിയിലേറെ വരുന്ന സ്ത്രീകളുടെ പങ്ക് ഇതിൽ വളരെ പ്രധാനമാണ്. 33 ശതമാനം സംവരണത്തിലൂടെ അധികാരത്തിലേറിയ സ്ത്രീകൾക്ക് വളരെയേറെ മുന്നോട്ടുപോകുവാൻ കഴിഞ്ഞിട്ടുണ്ട്. എന്നാൽ പ്രാദേശിക ഭരണ സംവിധാനത്തിന്റെ അധികാരപരിധിക്കുള്ളിൽ നിന്നുകൊണ്ട് സ്ത്രീകളുടെ പങ്കിന്റെ പൂർണ്ണ ലക്ഷ്യം നേടുവാൻ ഇനിയും സ്ത്രീപദവി അടിസ്ഥാനമാക്കിയ ആസൂത്രണമാർഗ്ഗങ്ങൾ അവലംബിക്കേണ്ടതുണ്ട്.

വികസനപ്രക്രിയയിൽ സ്ത്രീകളെ ഉൾപ്പെടുത്താനുള്ള ശ്രമം ഇന്ത്യൻ സർക്കാരിന്റെ നയസമീപനങ്ങളിൽ ആദ്യം മുതൽതന്നെ ഉണ്ടായിരുന്നുവെങ്കിലും ഒൻപതാം പദ്ധതിയോടെ സ്ത്രീ പ്രശ്നങ്ങൾ വികസന അജണ്ടയിൽ ഉൾച്ചേർക്കുകയും സ്ത്രീ ശാക്തീകരണത്തിനായി പ്രത്യേക ഊന്നൽ നൽകണമെന്ന് തീരുമാനിക്കപ്പെടുകയും ചെയ്തു. 73, 74 ഭരണഘടനാ ഭേദഗതിയോടെ പഞ്ചായത്തു നഗരപാലികാ സ്ഥാപനങ്ങൾ നിലവിൽ വന്നു. കേരള പഞ്ചായത്തീരാജ് നിയമം 1994 ൽ കേരളത്തിൽ പ്രാബല്യത്തിൽ വരുകയും സ്ത്രീകളുടെ പങ്കാളിത്തം ഉറപ്പാക്കുന്നതിനുവേണ്ടി വിവിധ നിർദ്ദേശങ്ങളും ഓഫറുകളും നല്കപ്പെട്ടു.

നിയമങ്ങളിലൂടെയും നിലവിലുള്ള സംവിധാനങ്ങളിലുടെയും ജനങ്ങളുമായി ഏറ്റവും അടുത്തു നില്ക്കുന്ന സർക്കാരുകൾ എന്ന നിലയിൽ പഞ്ചായത്തിരാജ് സംവിധാനം വഴി ഒട്ടേറെ നേട്ടങ്ങൾ കൈവരിക്കാൻ സാധിച്ചി

**എന്താണ് പങ്കാളിത്തം? സാന്നിദ്ധ്യം ഒരു പങ്കാളിത്തമാണ്. എന്നാൽ 33% സംവരണത്തിൽ നിന്നും 50 ശതമാനം സംവരണത്തിലേയ്ക്ക് ഉയർത്തപ്പെട്ടപ്പോൾ ഏതുതരം പങ്കാളിത്തമാണ് നാം ലക്ഷ്യം വയ്ക്കുന്നത്. ഓരോ വനിതാ പ്രതിനിധിയും പുരുഷനോടൊപ്പം പ്രാദേശിക പ്രശ്നങ്ങൾ വിശകലനം ചെയ്യുവാനും തീരുമാനങ്ങൾ ഏടുക്കുവാനും എടുത്ത തീരുമാനങ്ങൾ നടപ്പിലാക്കുവാനും ജനങ്ങൾക്ക് ഉപകാരപ്രദമായി അവയെ മാറ്റുന്നതിനും സാധിക്കത്തക്കവിധത്തിൽ പ്രവർത്തിക്കുമ്പോൾ മാത്രമെ പങ്കാളിത്തം ലക്ഷ്യം കൈവരിക്കാൻ സാധിക്കുകയുള്ളൂ. ഈ പുതിയ അവസ്ഥയിൽ വനിതാ പ്രതിനിധികൾ എന്ന നിലയിൽ മുൻകാലങ്ങളിലെ വീഴ്ചകൾ പരിശോധിച്ച് പൂർവ്വാധികം ശക്തമായി ലക്ഷ്യത്തിൽ എത്തുവാൻ എന്തൊക്കെ ചെയ്യാം എന്ന് വിചിന്തനം ചെയ്യുന്നത് നന്നായിരിക്കും.**

ട്ടുണ്ട്. എന്നാൽ നാം വിഭാവനം ചെയ്ത രീതിയിൽ ഉദ്ദേശിച്ച ഫലങ്ങൾ നേടിയോ എന്ന് ആത്മാർത്ഥമായി പരിശോധിച്ചാൽ ഇല്ല എന്ന് പറയേണ്ടിവരും. എങ്കിലും മിന്നാമിനുങ്ങുകൾ പോലെ വേറിട്ട ചില നല്ല പ്രവർത്തനങ്ങൾ സംസ്ഥാനത്ത് ഉണ്ടായിട്ടുണ്ട്.

എന്താണ് പങ്കാളിത്തം? സാന്നിദ്ധ്യം ഒരു പങ്കാളിത്തമാണ്. എന്നാൽ 33% സംവരണത്തിൽ നിന്നും 50 ശതമാനം സംവരണത്തിലേയ്ക്ക് ഉയർത്തപ്പെട്ടപ്പോൾ ഏതുതരം പങ്കാളിത്തമാണ് നാം ലക്ഷ്യം വയ്ക്കുന്നത്. ഓരോ വനിതാ പ്രതിനിധിയും പുരുഷനോടൊപ്പം പ്രാദേശിക പ്രശ്നങ്ങൾ വിശകലനം ചെയ്യുവാനും തീരുമാനങ്ങൾ ഏടുക്കുവാനും എടുത്ത തീരുമാനങ്ങൾ നടപ്പിലാക്കുവാനും ജനങ്ങൾക്ക് ഉപകാരപ്രദമായി അവയെ മാറ്റുന്നതിനും സാധിക്കത്തക്കവിധത്തിൽ പ്രവർത്തിക്കുമ്പോൾ മാത്രമെ പങ്കാളിത്തം ലക്ഷ്യം കൈവരിക്കാൻ സാധിക്കുകയുള്ളൂ. ഈ പുതിയ അവസ്ഥയിൽ വനിതാപ്രതിനിധികൾ എന്ന നിലയിൽ മുൻകാലങ്ങളിലെ വീഴ്ചകൾ പരിശോധിച്ച് പൂർവ്വാധികം ശക്തമായി ലക്ഷ്യത്തിൽ എത്തുവാൻ എന്തൊക്കെ ചെയ്യാം എന്ന് വിചിന്തനം ചെയ്യുന്നത് നന്നായിരിക്കും.

വനിതകളുടെ വികസനം മാത്രമല്ല പൊതു വികസന പ്രവർത്തനങ്ങളിൽ പങ്കാളികളാകേണ്ടവരാണ് തെരഞ്ഞെടുക്കപ്പെടുന്നവർ. അതുകൊണ്ട്തന്നെ സ്ഥാനാർത്ഥികളുടെ തെരഞ്ഞെടുപ്പു മുതൽ നാം ശ്രദ്ധിക്കേണ്ടതുണ്ട്. എന്നാൽ ഭൂരിപക്ഷം വനിതാപ്രതിനിധികളും സ്ഥാനാർത്ഥി നിർണ്ണയത്തിൽ പോലും പങ്കാളികളാകുന്നില്ല. രാഷ്ട്രീയ പരിചയവും പ്രവർത്തന പരിചയവും സാമൂഹ്യപ്രതിബദ്ധതയും എത്രമാത്രം ഉണ്ട് എന്ന് പരിശോധിക്കപ്പെടണം. ഒരിക്കൽ തെരഞ്ഞെടുത്ത് പരിചിതമായവർക്ക് രണ്ടാമതും അവസരം ലഭിക്കുന്നത് വിരളവുമാണ്. അതുകൊണ്ടുതന്നെ ഭരണകാലത്തു നേടിയ അറിവും പരിചയവും ഫലമില്ലാതെ പോകുന്നു.

അറിവ് അധികാരത്തിലേയ്ക്കുള്ള ആദ്യ പടിയാണ്. വനിതാ സൗഹാർദ്ദപരമായ ഭരണം നടക്കണമെങ്കിൽ ഭരണക്രമത്തിലെ എല്ലാ വശങ്ങളെക്കുറിച്ചും അറിവ് ലഭിക്കേണ്ടതുണ്ട്. എന്നാൽ നേതൃത്വപരമായ സ്ഥാനം വഹിക്കുന്ന വനിതകളിൽ വളരെ കുറച്ചുപേർക്കുമാത്രമെ ഭരണത്തിന്റെ ശരിയായ വിവരങ്ങൾ ലഭ്യമാകുന്നുള്ളൂ, അല്ലെങ്കിൽ ലഭ്യമായ വിവരങ്ങൾ പ്രയോജനപ്പെടുന്നുള്ളൂ. വിദ്യാഭ്യാസം, സാമ്പത്തികം, സാമൂഹ്യ പശ്ചാത്തലം, രാഷ്ട്രീയ പിൻബലം ഇവയൊക്കെ അറിവ് പ്രയോജനപ്പെടുത്തുന്നതിൽ മുഖ്യപങ്ക് വഹിക്കുന്നു.

തീരുമാനം എടുക്കുന്നതിൽ സ്ത്രീകളുടെ പങ്കാളിത്തം തുലോം കുറവാണ്. പേരിനുവേണ്ടി വനിതകളെ പങ്കെടുപ്പിക്കുകയും തീരുമാനങ്ങൾ അവർക്കുവേണ്ടി മറ്റുള്ളവർ എഴുതുന്ന പ്രവണത സ്ത്രീസൗഹൃദ ഭരണക്രമത്തിൽ ഒട്ടും യോജിച്ചതല്ല. ചുരുക്കം ചില വനിതാ പ്രതിനിധികൾ ശബ്ദമുയർത്തി സംസാരിക്കുകയോ വികസനകാര്യങ്ങൾ ശ്രദ്ധയോടെ ചെയ്യുകയോ ചെയ്താൽ പൊതുവേ പറയുന്ന ഒരു പദപ്രയോഗം 'ഹാ, പുരുഷന്മാരെ പോലെയാണല്ലോ!' എന്നതാണ്. സ്ത്രീക്ക് സ്വന്തമായ ഒരു വ്യക്തിത്വം കാണുവാൻപോലും കഴിയാതെ പോകുന്നു. പ്രമുഖയായ ഒരു വനിതാ പ്രസിഡന്റ് ഒരിക്കൽ പറയുകയുണ്ടായി 'സ്ത്രീ സൗഹൃദ ശൗചാലയം പണിയുവാൻ പദ്ധതി വയ്ക്കുവാൻ ശ്രമിച്ചിട്ട് നടന്നില്ല എന്ന്'. വികസന അജണ്ടയിൽ ചർച്ചയ്ക്കുപോലും ഇത്തരം വിഷയങ്ങൾ എടുക്കുവാൻ ആരും താല്പര്യം കാണിക്കുന്നില്ല. പലപ്പോഴും തീരുമാനങ്ങൾ എടുക്കുന്ന യോഗങ്ങൾ പുരുഷന്മാർക്ക് സൗകര്യപ്രദമായ സ്ഥലത്തോ, സമയത്തോ വച്ചായിരിക്കും.

കേരളം സാക്ഷരതയിൽ മുമ്പിലാണെന്ന് പൊങ്ങച്ചം പറയുമെങ്കിലും വനിതകൾക്ക് 6 മണി കഴിഞ്ഞാൽ സുരക്ഷിതമായി യാത്ര ചെയ്യുവാൻ കഴിയാത്ത അവസ്ഥയാണ്. ഈ സാഹചര്യത്തിലാണ് വനിതാ മെമ്പർമാർ പങ്കെടുക്കേണ്ട യോഗങ്ങൾ, പൊതുചടങ്ങുകളുടെ ഒക്കെ സമയക്രമീകരണം പ്രസക്തമാകുന്നത്. മുഖ്യാതിഥി വരുവാൻ താമസിച്ചാൽ പറയുകയും വേണ്ട. പലപ്പോഴും വനിതാ പ്രതിനിധികൾക്ക് സ്റ്റേജിൽ പുറകിലത്തെ നിരയിലാണ് സ്ഥാനം. പരിപാടികളിൽ താമസം നേരിട്ടാൽ വനിതാ പ്രതിനിധികളുടെ ആശംസകൾ ഒഴിവാക്കപ്പെടുകയോ, സ്വയം ഒഴിവാകുകയോ ചെയ്യുന്ന പ്രവണത സർവ്വസാധാരണമാണ്.

വനിതാ പ്രതിനിധികൾക്ക് ധാരാളം പരിശീലനങ്ങൾ ഭരണ കാലഘട്ടത്തിൽ ലഭിക്കുന്നുണ്ട്. പരിശീലനങ്ങൾ പ്രവർത്തിപഥത്തിൽ എത്തിക്കാൻ കഴിയാത്ത ഒരവസ്ഥ അല്ലെങ്കിൽ സാഹചര്യങ്ങൾ ഇന്ന് നിലവിൽ ഉണ്ട്. നല്കപ്പെടുന്ന പരിശീലനങ്ങൾ സ്ത്രീസൗഹാർദ്ദപരമായ ഭരണക്രമം രൂപപ്പെടുത്തുന്നതിൽ എന്ത് പങ്ക് വഹിക്കുന്നു എന്ന് വിശകലനം ചെയ്യേണ്ടതുണ്ട്. പദ്ധതികൾ വിജയപ്രദമാകണമെങ്കിൽ പരിശീലനങ്ങളിൽ പദ്ധതികളിലെ സാമൂഹ്യവശം, സാങ്കേതിക വശങ്ങൾ, നടത്തിപ്പ്, സ്ത്രീപുരുഷ പങ്കാളിത്തം ഒക്കെ തന്നെ ഉൾച്ചേർക്കേണ്ടതുണ്ട്.

**വനിതാ ഘടകപദ്ധതി**

കേരളത്തിൽ 2000 ആണ്ടോടെ വനി

താവികസന പദ്ധതികൾ രൂപപ്പെടുത്തുന്നതിൽ പദ്ധതി വിഹിതത്തിന്റെ 10 ശതമാനം വനിതാ ഘടക പദ്ധതിക്കായി നീക്കിവച്ചത് ഏറ്റവും വലിയ വിപ്ലവമാണ്. ഈ വിഹിതത്തിന്റെ ഉപയോഗവും പ്രയോജനവും വിലയിരുത്തുന്നത് ഏറെ നന്നായിരിക്കും.

ഒട്ടേറെ വികസനപ്രവർത്തനങ്ങൾ നടത്തുവാൻ കഴിഞ്ഞു എന്നത് എടുത്തു പറയേണ്ട കാര്യമാണ്. സാമ്പത്തിക ഉന്നമനത്തിനുവേണ്ടി കുറേ പദ്ധതികൾ രൂപപ്പെട്ടു എങ്കിലും സാമൂഹിക പദവി മാറ്റമില്ലാതെ തുടരുന്നു

പാരമ്പര്യേതര പദ്ധതികളിൽ നിന്നും മാറി രൂപപ്പെട്ട പദ്ധതികൾ വിരലിലെണ്ണാവുന്നവയാണെങ്കിലും അവയൊക്കെ കൂടുതൽ പ്രദേശങ്ങളിലേയ്ക്ക് വ്യാപനം നടത്തുവാൻ കഴിഞ്ഞിട്ടില്ല. ഉദാ: വനിതാ മേസ്തിരി. ധാരാളം നിർമ്മാണ പ്രവർത്തനങ്ങൾ നടക്കുന്ന നമ്മുടെ സംസ്ഥാനത്ത് വനിതാ മേസ്തിരിമാർക്ക് അർഹമായ തൊഴിലവസരങ്ങൾ നല്കുവാൻ കഴിഞ്ഞിട്ടില്ല. തുല്യജോലിക്ക് തുല്യവേതനം ഇനിയും നടപ്പിലാക്കേണ്ട വിഷയമാണ്.

വനിതാ വികസനപദ്ധതികൾ സ്ത്രീകളുടെ നേതൃത്വത്തിലുള്ള കൂട്ട സംരംഭങ്ങൾക്കാണ് ഊന്നൽ നൽകേണ്ടത് എന്ന് പറഞ്ഞെങ്കിലും വ്യക്തിഗത ആനുകൂല്യ പദ്ധതികൾക്കാണ് മിക്കവാറും പ്രാധാന്യം കൊടുത്തത്. എന്നാൽ കൂട്ടുസംരംഭങ്ങൾ തുടക്കം കുറിച്ച പ്രദേശങ്ങളിൽ ബഹുഭൂരിപക്ഷത്തിനും ഉദ്ദേശിച്ച ലക്ഷ്യം പൂർത്തീകരിക്കുവാനും കഴിഞ്ഞില്ല. സ്ത്രീകളുടെ സവിശേഷ പ്രശ്നങ്ങളായ ഗാർഹിക അതിക്രമം, സഞ്ചാരസ്വാതന്ത്ര്യമില്ലായ്മ, ആരോഗ്യപ്രശ്നങ്ങൾ, സ്വത്തവകാശമില്ലായ്മ, സ്വന്തം വരുമാനത്തിൽ നിയന്ത്രണമില്ലായ്മ തുടങ്ങിയവയ്ക്കൊന്നും പദ്ധതികളായി രൂപപ്പെട്ടു വരുവാൻ കഴിഞ്ഞില്ല. എന്തുകൊണ്ട് 33 ശതമാനം വനിതാ പ്രതിനിധികൾ ഉണ്ടായിട്ടും 10 ശതമാനം നീക്കിവച്ചിട്ടും ഇങ്ങനെയൊക്കെ സംഭവിക്കുന്നു? പ്രധാനമായും കേരളത്തിലെ സ്ത്രീകളുടെ പദവിയെ സംബന്ധിച്ച് നമ്മുടെ ഇടയിൽ നിലനില്ക്കുന്ന ധാരണയില്ലായ്മ തന്നെ. ഇതുകൂടാതെ വികസനമെന്നാൽ പ്രത്യക്ഷത്തിൽ കാണാവുന്ന നിർമ്മാണ പ്രവർത്തനങ്ങളാണ് എന്ന കാഴ്ചപ്പാട്, സ്ത്രീകളുടെ പ്രശ്നങ്ങൾ എങ്ങനെ വിശകലനം ചെയ്യേണ്ടത് എന്ന അറിവില്ലായ്മ, വനിതാ മെമ്പർമാരുടെ കക്ഷിരാഷ്ട്രീയ ഇടപെടൽ, പദ്ധതികൾ വീതം വയ്ക്കുന്ന രീതി, പദ്ധതികൾ ശരിയായി പഠിക്കാതെ തട്ടിക്കൂട്ടി രൂപപ്പെടുത്തുന്നു. ഇവയൊക്കെ മറ്റു പ്രശ്നങ്ങളായി നിലനില്ക്കുന്നു.

ഈ പ്രശ്നങ്ങളൊക്കെ പരിഹരിക്കാൻ സ്ത്രീപദവി പഠനം നടത്തണമെന്ന് നിർദ്ദേശം ഉണ്ടായിട്ടും ഇത്തരത്തിൽ പദ്ധതികൾ വയ്ക്കുവാനോ നടപ്പിലാക്കുവാനോ സാധിച്ചിട്ടില്ല. എന്തെന്നാൽ എല്ലാ സ്ത്രീകളും ഒരേ വിഭാഗത്തിൽപ്പെട്ടവരാണെന്നു എല്ലാവരുടേയും പ്രശ്നങ്ങൾ സമാനമാണെന്നുമുള്ള നിലയിലാണ് സ്ത്രീപ്രശ്നങ്ങളോടുള്ള പൊതുസമീപനം.

വനിതാ പ്രതിനിധികൾ വ്യക്തിപരമായും കുടുംബത്തിലും സമൂഹത്തിലും അധികഭാരം എടുക്കേണ്ടി വരുന്നതും പ്രവർത്തനത്തെ സാരമായി ബാധിക്കുന്നു. കുടുംബത്തിൽ ഉത്തരവാദിത്വം കൂടുന്നതോടൊപ്പം സാമ്പത്തികമായി പിന്നോക്കം നില്ക്കുന്ന പ്രതിനിധികൾക്ക് അധികമായി വരുന്ന യാത്രാചെലവുകൾ ഭാരമാകുന്നു. ചില വനിതകൾക്ക് താമസിച്ചു വീട്ടിലെത്തിയാൽ ഉണ്ടാകുന്ന ബുദ്ധിമുട്ടുകൾ, ഭർത്താവിന്റെ അപകർഷതാബോധം, പ്രായമുള്ളവരേയും കുട്ടികളെയും ശ്രദ്ധിക്കാൻ കഴിയാത്തത് ഒക്കെ മാനസികവും ശാരീരികവുമായ ബുദ്ധിമുട്ടിലേയ്ക്ക് എത്തിക്കുന്നു.

സമൂഹത്തിൽ മെമ്പർ എന്ന നിലയിൽ പരിഗണന ലഭിക്കുന്നുണ്ട് എങ്കിലും പ്രചാരണ സമയത്തെ വാഗ്ദാനങ്ങൾ പാലിക്കുവാൻ സാധിക്കാത്തതുകൊണ്ട് സമൂഹത്തെ അഭിമുഖീകരിക്കാൻ പ്രയാസം നേരിടുന്നു. സാമുഹ്യവിപത്തുകളിലെ പ്രശ്നങ്ങളിൽ പലപ്പോഴും ഇടപെടുവാൻ കഴിയാതെ വരുന്നു. പ്രത്യേകിച്ചും മദ്യപാനം, സ്ത്രീധനം മുതലായ വിഷയങ്ങളിൽ. സാമ്പത്തികമായും സാമൂഹ്യപരമായുമുള്ള പിന്നോക്ക അവസ്ഥ സമ്മർദ്ദ തന്ത്രങ്ങൾ മറികടക്കുവാനുള്ള ബുദ്ധിമുട്ടിലേയ്ക്ക് എത്തിക്കുകയും പല വികസന പ്രവർത്തനങ്ങളിൽ പങ്കാളിയാകുന്നതിൽ നിന്നും വനിതാ മെമ്പർമാർ പിന്നോട്ടുപോകുകയും ചെയ്യുന്നു.

ഒരു നാടിന്റെ വികസനം പൂർണ്ണമാക്കുവാൻ അവിടുത്തെ ജനസംഖ്യയുടെ പകുതിയോളം വരുന്ന സ്ത്രീകളുടെ സവിശേഷ ആവശ്യങ്ങൾ വിലയിരുത്തുകയും അവകൂടി വികസന പ്രക്രിയയിൽ ഉൾപ്പെടുത്തുകയും ചെയ്യണം. 50 ശതമാനം സംവരണം നല്കിക്കൊണ്ട് സ്ത്രീകൾക്ക് ഭരണ നിർവ്വഹണത്തിൽ അർഹമായ സ്ഥാനം നൽകിയിരിക്കുന്നു. ഈ അവസരത്തിൽ തെരഞ്ഞെടുക്കപ്പെടുന്ന വനിതാ പ്രതിനിധികൾക്ക് ചെയ്യാവുന്നത്.

- വികസന പ്രക്രിയയിൽ പൂർണ്ണമായും പങ്കെടുക്കുന്നതിന് അറിവ് നേടുക.
- കക്ഷിരാഷ്ട്രീയത്തിനതീതമായി സമ്മർദ്ദങ്ങൾക്ക് വഴങ്ങാതെ വികസന പ്രക്രിയയിൽ പങ്കെടുക്കുക.
- അവരവരുടെ പ്രവർത്തനപ്രദേശത്തെ വികസനത്തെക്കുറിച്ചും കഴിഞ്ഞ കാലങ്ങളിൽ നടത്തിയ വികസനത്തെക്കുറിച്ചും വ്യക്തമായ കാഴ്ചകൾ ഉണ്ടാക്കുക
- ഓരോ മേഖലയിലേയും പ്രശ്നങ്ങളും സാദ്ധ്യതകളും വിശകലനം ചെയ്യുക.
- തീരുമാനങ്ങൾ എടുക്കുന്നതിൽ നിന്നും ഒഴിഞ്ഞു മാറാതിരിക്കുക.
- തീരുമാനങ്ങൾ എടുക്കേണ്ട യോഗങ്ങളുടെ സമയം സ്ത്രീസൗഹൃദ ഭരണക്രമത്തിനനുയോജ്യമാക്കുക.
- വനിതകൾ എന്ന നിലയിൽ വനിതാ ഘടക പദ്ധതിക്ക് അനുവദിച്ചിരിക്കുന്ന തുകയുടെ വിനിയോഗത്തിൽ സ്ത്രീകളുടെ സാമ്പത്തിക വികസനത്തിനൊപ്പം സാമൂഹ്യവികസനത്തിനും മുൻതൂക്കം നല്കുക.
- നിർബന്ധമായും ആദ്യവർഷം തന്നെ സ്ത്രീപദവി പഠനം നടത്തുക.
- ജാഗ്രതാ സമിതികൾ രൂപീകരിക്കുകയും ശക്തിപ്പെടുത്തുകയും ചെയ്യുക.
- സ്ത്രീപദവി പഠനത്തിന്റെ വെളിച്ചത്തിൽ സ്ത്രീകളുടെ സവിശേഷമായ ആവശ്യങ്ങൾ കണ്ടെത്തി, അവയെ അടിസ്ഥാനമാക്കി പദ്ധതികൾക്ക് രൂപം നല്കുകയും അതിനാവശ്യമായ ധനവിഹിതം നീക്കിവച്ച്, സമയബന്ധിതമായി പദ്ധതി നടപ്പിലാക്കി അവയുടെ മേൽനോട്ടവും വനിതാ പ്രതിനിധികൾ വഹിക്കേണ്ടതാണ്.
- അതാത് ഭരണപ്രദേശത്തെ വനിതകൾ മൂന്നുമാസത്തിൽ ഒരിക്കൽ പഞ്ചായത്തുതലത്തിൽ സ്വയം കൂടുകയും കക്ഷിരാഷ്ട്രീയത്തിനതീതമായി പ്രവർത്തനങ്ങളെ വിലയിരുത്തുകയും വേണം.
- 6 മാസത്തിൽ ഒരിക്കൽ ബ്ലോക്കുതലത്തിലും വർഷത്തിലൊരിക്കൽ ജില്ലാതലത്തിലും വനിതാമെമ്പർമാർ യോഗം ചേർന്ന് സ്ത്രീസൗഹൃദ ഭരണത്തിന്റെ വിലയിരുത്തൽ നടത്തണം.

പ്രാദേശിക ഭരണ സംവിധാനത്തിന്റെ അധികാരപരിധിക്കുള്ളിൽ നിന്നുകൊണ്ട് ഓരോ വനിതാ പ്രതിനിധിയിലും അർപ്പിച്ചിരിക്കുന്ന വിശ്വാസം കാത്തുസൂക്ഷിക്കുവാൻ അറിവ് അധികാരത്തിലേയ്ക്കുള്ള ഒരു പടിയാണ് എന്ന കാഴ്ചപ്പാടിൽ ഉത്തരവാദിത്വങ്ങൾ പൂർണ്ണതയിൽ എത്തിക്കട്ടെ. 50 ശതമാനം വനിതാപ്രതിനിധികളുടെ പ്രവർത്തനം കേരളത്തെ മറ്റൊരു വികസന മാതൃകയാക്കട്ടെ. ■

*ലേഖിക കോട്ടയം ജില്ലയിലെ സോഷ്യോ എക്കണോമിക് യൂണിറ്റ് ഫൗണ്ടേഷന്റെ ഡയറക്ടറാണ്*

പ്രൊഫ. എൻ. രമാകാന്തൻ

# ജനപ്രതിനിധികൾക്കുള്ള പരിശീലനം: പുതിയ വെല്ലുവിളികൾ സാധ്യതകൾ

കേരളത്തിലെ 1208 തദ്ദേശഭരണ സ്ഥാപനങ്ങളിൽ പുതിയൊരുനിര ജനപ്രതിനിധികൾ അധികാരമേറ്റിരിക്കുകയാണ്. അതിൽ 50–55 ശതമാനം വനിതകളാണ്. പുതുതായി തെരഞ്ഞെടുക്കപ്പെടുന്നവരിൽ ബഹുഭൂരിപക്ഷവും ആദ്യമായി തദ്ദേശഭരണ സ്ഥാപനങ്ങളുടെ ഭരണരംഗത്തേയ്ക്ക് കടന്നുവരുന്നവരാണ് എന്നതും ശ്രദ്ധേയമാണ്. ഉയർന്ന തോതിലുള്ള വനിതാസംവരണവും രണ്ട് പ്രാവശ്യത്തിലേറെ മത്സരിക്കേണ്ടതില്ല എന്ന ചില മുഖ്യ രാഷ്ട്രീയ പാർട്ടികളുടെ തീരുമാനവും യുവാക്കൾക്ക് പ്രാധാന്യം നൽകുക എന്ന കാഴ്ചപ്പാടും തദ്ദേശഭരണ സ്ഥാപനങ്ങളിലേയ്ക്ക് തുടക്കക്കാരായ പുതിയൊരു നേതൃത്വനിര കടന്നു വരുന്നതിന് സാഹചര്യം ഒരുക്കിയിട്ടുണ്ട്. ഇതൊരു പുതിയ സാധ്യതയും അതേസമയം വെല്ലുവിളിയുമാണ്.

തദ്ദേശഭരണ സ്ഥാപനങ്ങളുടെ ഭരണ നിർവഹണത്തിൽ ഇപ്പോൾ നിലനിൽക്കുന്ന ചില തെറ്റായ പ്രവണതകൾ അവസാനിപ്പിക്കുന്നതിന് പുതിയൊരു നിര ജനപ്രതിനിധികളിലൂടെ കഴിയും എന്നതാണ് ഏറ്റവും പ്രധാനപ്പെട്ട സാധ്യത. അതേസമയം പുതുതായി കടന്നുവരുന്ന ജനപ്രതിനിധികൾക്ക് പ്രാദേശിക ഭരണ നിർവഹണത്തിൽ ഫലപ്രദമായി ഇടപെടുന്നതിനാവശ്യമായ ശേഷിയും വൈദഗ്ദ്ധ്യവും വളർത്തിയെടുക്കുക എന്നതാണ് നേരിടാനുള്ള വെല്ലുവിളി. അതുകൊണ്ടുതന്നെ ഉയർന്ന ഭരണ പാടവവും കാര്യപ്രാപ്തിയും കൈവരിക്കുന്നതിന് നിരന്തരമായ പരിശീലനം പുതിയ ജനപ്രതിനിധികൾക്ക് ലഭിക്കേണ്ടതുണ്ട്.

**പ്രാദേശികഭരണം സുശക്തവും കാര്യക്ഷമവുമാക്കാൻ**

വിപുലമായ അധികാരങ്ങളും ഉത്തരവാദിത്തങ്ങളും നിർവഹിക്കാൻ കഴിയുന്ന പ്രാദേശികസർക്കാരുകളായി തദ്ദേശഭരണ സ്ഥാപനങ്ങളെ ശാക്തീകരിക്കുന്നതിന് കേരളത്തിൽ കഴിഞ്ഞ ഒന്നര പതിറ്റാണ്ടായി നടപ്പാക്കിവരുന്ന അധികാര വികേന്ദ്രീകരണ പ്രവർത്തനങ്ങളും ജനകീയാസൂത്രണവും അവസരമൊരുക്കുകയുണ്ടായി. ജനങ്ങളുടെ ദൈനംദിന ജീവിതവുമായി ബന്ധപ്പെട്ട സുപ്രധാനമായ ചുമതലകൾ ഇന്ന് തദ്ദേശഭരണ സ്ഥാപനങ്ങളാണ് നിറവേറ്റുന്നത്. പ്രാദേശിക വികസനത്തിന്റെ കേന്ദ്ര സ്ഥാപനങ്ങളായി തദ്ദേശഭരണ സ്ഥാപനങ്ങൾ ഇതിനകം മാറിക്കഴിഞ്ഞു. പരിമി



തമായ പൗരസേവനങ്ങൾ മാത്രം നിർവഹിച്ചുപോന്നിരുന്ന തദ്ദേശഭരണ സ്ഥാപനങ്ങൾ അധികാരവികേന്ദ്രീകരണത്തോടെ ജനജീവിതവുമായി ഏറ്റവുമടുത്ത ഒട്ടെല്ലാ വികസന ഉത്തരവാദിത്തങ്ങളുടെയും മുഖ്യചുമതലയിലേയ്ക്ക് വരികയുണ്ടായി. ഭരണഘടനാപരമായി തദ്ദേശഭരണ സ്ഥാപനങ്ങളിൽ നിക്ഷിപ്തമായ ഉത്തരവാദിത്തങ്ങൾ നിറവേറ്റുന്നതിനുള്ള കാര്യപ്രാപ്തിയും സാമൂഹികമായ അംഗീകാരവും തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് നേടുന്നതിന് ജനകീയാസൂത്രണ പ്രസ്ഥാനം വഴിയൊരുക്കുകയും ചെയ്തു.

ഭരണഘടനാ വ്യവസ്ഥകളും കേരള പഞ്ചായത്ത്‌രാജ്-മുനിസിപ്പൽ നിയമങ്ങൾ ഉറപ്പാക്കുന്ന അധികാരങ്ങളും ഉത്തരവാദിത്തങ്ങളും ഫലപ്രദമായി നിർവഹിക്കുന്നതിന് ഉയർന്ന കാര്യശേഷിയും വൈദഗ്ദ്ധ്യവുമുള്ള ജനപ്രതിനിധികളും ഉദ്യോഗസ്ഥരും അത്യന്താപേക്ഷിതമാണ്. ജനാധിപത്യ അധികാര വികേന്ദ്രീകരണത്തിന്റെ ലക്ഷ്യങ്ങൾ കൈവരിക്കുന്നതിന് സാമൂഹികമായി ശാക്തീകരിക്കപ്പെട്ട പ്രാദേശിക ഭരണ നേതൃത്വം ഉണ്ടായേ മതിയാകൂ. തിരഞ്ഞെടുക്കപ്പെട്ട ജനപ്രതിനിധികൾക്ക് പ്രാദേശിക ഭരണനിർവ്വഹണത്തിൽ നിയന്ത്രണവും നയരൂപീകരണത്തിൽ മുൻകൈയ്യും ഉണ്ടാകേണ്ടതുണ്ട്. വികസനഭരണത്തിന്റെ നിയന്ത്രണം തെരഞ്ഞെടുക്കപ്പെട്ട ജനപ്രതിനിധികൾക്കായിരിക്കണം. പ്രാദേശിക വികസന ലക്ഷ്യങ്ങൾ കൈവരിക്കുന്നതിനാവശ്യമായ ദീർഘവീക്ഷണവും പരിപാടികളും രൂപപ്പെടുത്തുന്നതിനും ജനങ്ങൾക്ക് മെച്ചപ്പെട്ട സേവനം പ്രദാനം ചെയ്യുന്നതിനും ആവശ്യമായ നിരന്തരമായ ഇടപെടലുകൾ നടത്തുന്നതിന് ജനപ്രതിനിധികൾക്ക് കഴിയേണ്ടതുണ്ട്. പ്രാദേശിക ഭരണനിർവഹണത്തിലും വികസന പ്രക്രിയയിലും ജനങ്ങളെ പങ്കാളികളാക്കുന്നതിനുള്ള വേദികളായ ഗ്രാമസഭകളുടേയും വാർഡ് സഭകളുടേയും സാധ്യതകൾ പ്രയോജനപ്പെടുത്തുന്നതിനുള്ള മനോഭാവവും ഈ പ്രതിനിധികളിൽ വളർത്തിയെടുക്കണം. അധികാരവികേന്ദ്രീകരണത്തിന്റേയും ജനകീയാസൂത്രണത്തിന്റേയും ലക്ഷ്യങ്ങൾക്കനുസൃതമായി പഞ്ചായത്ത്‌രാജ് – നഗരപാലികാ സംവിധാനത്തെ പ്രവർത്തിപ്പിക്കുന്നതിനുള്ള നിരന്തരമായ പഠനവും പരിശീലനവും കാര്യപ്രാപ്തി വികസനവും അതുകൊണ്ടുതന്നെ അത്യന്താപേക്ഷിതമാണ്.

### സമഗ്രവും വിപുലവുമായ പരിശീലനപരിപാടികൾ

തദ്ദേശഭരണ സ്ഥാപനങ്ങളിൽ പുതുതായി അധികാരമേൽക്കുന്ന ജനപ്രതിനിധികൾക്ക് വിപുലവും അർത്ഥവത്തുമായ പരിശീലനം നൽകുന്നതിനുള്ള പരിപാടികൾ ഇതിനകം തദ്ദേശസ്വയംഭരണ വകുപ്പും കിലയും രൂപകല്പന ചെയ്തിട്ടുണ്ട്. തദ്ദേശസ്വയംഭരണ വകുപ്പിന്റെ ഭാഗമായി പ്രവർത്തിക്കുന്ന എല്ലാ പരിശീലന സ്ഥാപനങ്ങളേയും വികസന ഏജൻസികളേയും ഏകോപിപ്പിച്ചുകൊണ്ടാണ് ഇത്തരമൊരു ബൃഹത്തായ പരിശീലന പരിപാടി സംഘടിപ്പിക്കുന്നത്. ഇതുവഴി തദ്ദേശഭരണ സ്ഥാപനങ്ങളിലെ ജനപ്രതിനിധികളുടെ പരിശീലനത്തിൽ നിലനിൽക്കുന്ന ആവർത്തനങ്ങളും പാഴ്ച്ചെലവും വിടവുകളും പരിഹരിക്കാൻ കഴിയും. സത്യപ്രതിജ്ഞ ചെയ്ത് നൂറ് ദിവസത്തിനകം തദ്ദേശഭരണ സ്ഥാപനങ്ങളിലെ മൊത്തം ജനപ്രതിനിധികൾക്കും സമയബന്ധിതമായി പരിശീലനം നൽകുന്നതിനാവശ്യമായ തയ്യാറെടുപ്പുകൾ ഇതിനകം പൂർത്തിയാക്കിയിട്ടുണ്ട്. ഈ കാലയളവിൽ ഓരോ ജനപ്രതിനിധിക്കും ഏറ്റവും കുറഞ്ഞത് 5 ദിവസത്തെ പരിശീലനം ലഭിക്കുമെന്നുറപ്പാക്കും. പ്രാദേശിക ഭരണനിർവഹണം, പ്രാദേശികാസൂത്രണം, തദ്ദേശഭരണ സ്ഥാപനങ്ങളുടെ ധനകാര്യ മാനേജ്മെന്റ്, പൊതുമരാമത്ത് പ്രവൃത്തികളുടെ ആസൂത്രണവും നിർവഹണവും, തദ്ദേശഭരണ സ്ഥാപനങ്ങളിലൂടെ നടപ്പാക്കുന്ന ക്ഷേമവികസന പരിപാടികൾ എന്നീ വിഷയമേഖലകളെ അടിസ്ഥാനമാക്കിയായിരിക്കും ആദ്യഘട്ടപരിശീലനം.

**സത്യപ്രതിജ്ഞ ചെയ്ത് നൂറ് ദിവസത്തിനകം തദ്ദേശ ഭരണ സ്ഥാപനങ്ങളിലെ മൊത്തം ജനപ്രതിനിധികൾക്കും സമയബന്ധിതമായി പരിശീലനം നൽകുന്നതിനാവശ്യമായ തയ്യാറെടുപ്പുകൾ ഇതിനകം പൂർത്തിയാക്കിയിട്ടുണ്ട്. ഈ കാലയളവിൽ ഓരോ ജനപ്രതിനിധിക്കും ഏറ്റവും കുറഞ്ഞത് 5 ദിവസത്തെ പരിശീലനം ലഭിക്കുമെന്നുറപ്പാക്കും.**

### തുടർപരിശീലനം,ഹെൽപ്ഡെസ്ക്

പ്രാഥമിക പരിശീലനം പൂർത്തിയായതിനുശേഷം നടത്തുന്ന വിലയിരുത്തലിന്റെ അടിസ്ഥാനത്തിൽ ജനപ്രതിനിധികൾക്ക് വിവിധ വിഷയമേഖലകളെ അടിസ്ഥാനമാക്കിയുള്ള തുടർപരിശീലനങ്ങൾ സംഘടിപ്പിക്കും. പുതുതായി അധികാരത്തിലെത്തുന്ന അദ്ധ്യക്ഷന്മാർക്കും സ്റ്റാൻഡിംഗ് കമ്മിറ്റി അധ്യക്ഷന്മാർക്കും 5 വർഷത്തിനിടയിൽ കുറഞ്ഞത് 30 ദിവസത്തെയും ഭരണസമിതി അംഗങ്ങൾക്ക് 20 ദിവസത്തെയും പരിശീലനം നൽകുകയെന്നതാണ് തദ്ദേശസ്വയംഭരണ വകുപ്പിന്റേയും കിലയുടേയും പരിശീലന നയം. ഇതിനുപുറമെ ആവശ്യാധിഷ്ഠിതമായ വിവിധ കോഴ്സുകളിൽ പങ്കെടുക്കുന്നതിനും ജനപ്രതിനിധികൾക്ക് അവസരം നൽകും.

ഇതോടൊപ്പം തദ്ദേശഭരണ സ്ഥാപനങ്ങളുടെ പ്രവർത്തനങ്ങളിൽ നിർണായകമായ സംഭാവന ചെയ്യാൻ കഴിയുന്ന താഴെപ്പറയുന്ന വിഭാഗങ്ങൾക്കുള്ള പരിശീലനത്തിനും കില പരിപാടി തയ്യാറാക്കിയിട്ടുണ്ട്.

- മാധ്യമപ്രവർത്തകർ
- രാഷ്ട്രീയ - ബഹുജനസംഘടനാ പ്രവർത്തകർ
- ഗ്രാമസഭാ ഫെസിലിറ്റേറ്റർമാർ
- വനിതാ ജനപ്രതിനിധികളുടെ കുടുംബാംഗങ്ങൾ
- ജില്ലാ ആസൂത്രണ സമിതി അംഗങ്ങൾ
- തദ്ദേശഭരണ സ്ഥാപനങ്ങളിലെ ഉദ്യോഗസ്ഥർ

പ്രാദേശിക ഭരണ സംവിധാനത്തിന്റെ അടിസ്ഥാനഘടകങ്ങളായ ഗ്രാമസഭകളേയും വാർഡുസഭകളേയും ശക്തിപ്പെടുത്തി ജനാധിപത്യപരമായ പ്രാദേശികഭരണം ഉറപ്പാക്കുന്നതിലും ജാഗ്രതയോടെ പ്രവർത്തിക്കുന്ന പൗരസമൂഹത്തെ സൃഷ്ടിക്കുന്നതിലും ഊന്നൽ നൽകുന്നതായിരിക്കും പരിശീലനം. പരിശീലനാന്തരം ജനപ്രതിനിധികൾക്ക് തുടർസഹായം ലഭ്യമാക്കുന്നതിന് ഹെൽപ്ഡെസ്ക് സംവിധാനവും കില ഏർപ്പെടുത്തിയിട്ടുണ്ട്. തദ്ദേശഭരണ സ്ഥാപനങ്ങളിൽ സന്ദർശനം നടത്തി ജനപ്രതിനിധികളുടേയും ഉദ്യോഗസ്ഥരുടേയും പ്രായോഗിക പ്രശ്നപരിഹാരത്തിനുള്ള വിദഗ്ദ്ധരടങ്ങിയ ഫീൽഡ് ടീമിന്റെ സഹായവും കില സജ്ജമാക്കുന്നതാണ്.

ഇത്രയേറെ വിപുലമായ പരിശീലനം സമയബന്ധിതമായി സംഘടിപ്പിക്കുന്നതിനും പരിശീലനത്തിന്റെ ഫലക്ഷമത വിലയിരുത്തുന്നതിനും വലിയൊരു നിര പരിശീലകരുടേയും വിദഗ്ദ്ധരുടേയും സഹായം അത്യന്താപേക്ഷിത



മാണ്. ഒരേ സമയം സംസ്ഥാന, ജില്ലാ, ഉപജില്ലാ തലങ്ങളിൽ സംഘടിപ്പിക്കുന്ന പരിശീലനങ്ങൾക്ക് നേതൃത്വം നൽകാൻ അറുന്നൂറിലധികം വരുന്ന പരിശീലകരുടെ നിര സജ്ജമാക്കുന്നതിനുള്ള പരിശ്രമം ഇതിനകം കിലയുടേയും എസ്.ഐ.ആർ.ഡി.യുടെയും നേതൃത്വത്തിൽ ആരംഭിച്ചുകഴിഞ്ഞു. മുതിർന്നവരുടെ പഠനത്തിനും സംവേദനക്ഷമതയ്ക്കും യോജിച്ചവിധം പരിശീലനം സംഘടിപ്പിക്കുന്നതിനും പങ്കാളിത്ത പഠനരീതി അവലംബിക്കുന്നതിനും കഴിയുന്ന വിവിധ വിഷയ മേഖലകളിലെ വൈദഗ്ദ്ധ്യത്തോടൊപ്പം പ്രായോഗിക അനുഭവവും പരിജ്ഞാനവുമുള്ള പരിശീലകരെയാണ് മുഖ്യമായും ഈ പരിശീലനങ്ങളുടെ നടത്തിപ്പിനായി കണ്ടെത്തിയിട്ടുള്ളത്. ജനപ്രതിനിധികളുടെ പ്രായോഗിക പ്രശ്നങ്ങൾ കണ്ടെത്തുന്നതിന് സഹായകമായ ഫീൽഡ് പഠനത്തിന്റെ കൂടി അടിസ്ഥാനത്തിലാണ് പരിശീലനത്തിന് ആവശ്യമായ പാഠ്യപദ്ധതി തയ്യാറാക്കിയിട്ടുള്ളത്. ജനപ്രതിനിധികളുടെ സംശയ നിവാരണത്തിന് സഹായകമായ ഓപ്പൺഫോറം പരിശീലനത്തിലുടനീളം സംഘടിപ്പിക്കും. തദ്ദേശ സ്വയംഭരണ വകുപ്പുമായി ബന്ധപ്പെട്ട് നയരൂപീകരണത്തിൽ നേതൃത്വം നൽകുന്നവരുടെ സാന്നിദ്ധ്യവും പരിശീലനത്തിൽ ഉറപ്പാക്കുന്നതാണ്.

### വർദ്ധിച്ച സാമ്പത്തിക സഹായം, ഉയർന്ന പ്രതിബദ്ധത

ബൃഹത്തായ ഈ പരിശീലന പരിപാടിക്കായി വർദ്ധിച്ച സാമ്പത്തിക സഹായം സംസ്ഥാന ബജറ്റിൽ വകയിരുത്തിയെന്നത് ശ്രദ്ധേയമാണ്. ആറ കോടി രൂപയാണ് കിലയ്ക്ക് നടപ്പു വാർഷിക പദ്ധതി വിഹിതമായി അനുവദിച്ചത്. ആവശ്യമെങ്കിൽ തുടർന്നും സാമ്പത്തിക സഹായം ലഭ്യമാക്കാമെന്ന് സംസ്ഥാന സർക്കാർ ഉറപ്പ് നൽകിയിട്ടുണ്ട്. ഇതിനു പുറമെ കേന്ദ്ര പഞ്ചായത്ത്‌രാജ് മന്ത്രാലയത്തിന്റെ സഹായവും പ്രയോജനപ്പെടുത്താൻ കഴിയും.

### പുതുമയേറിയ പ്രസിദ്ധീകരണങ്ങൾ

പരിശീലനത്തിനും തുടർന്നും ജനപ്രതിനിധികൾക്ക് ഏറെ പ്രയോജനകരമായ പഞ്ചായത്ത് ഭരണസഹായി എന്ന കൈപ്പുസ്തകം തയ്യാറാക്കി വിതരണം ചെയ്യുന്നതിനുള്ള പ്രവർത്തനങ്ങൾ പൂർത്തിയായിക്കഴിഞ്ഞു. കൈപ്പുസ്തകത്തിന്റെ സംവേദനക്ഷമത ഉയർത്തുന്നതിന് കാർട്ടൂണുകളിലൂടെയും ഗ്രാഫിക്സിലൂടെയും ദൃശ്യസങ്കേതങ്ങളുടെ സാധ്യത പ്രയോജനപ്പെടുത്തിയിട്ടുണ്ട്. പ്രഥമഘട്ട പരിശീലനത്തിനായി തയ്യാറാക്കിയ കൈപ്പുസ്തകത്തിനു പുറമെ പ്രധാനപ്പെട്ട ചോദ്യങ്ങളും ഉത്തരങ്ങളും സമാഹരിച്ച ഒരു പുസ്തകവും പഞ്ചായത്തിന്റേയും നഗരസഭകളുടേയും സേവനങ്ങൾ, നിബന്ധനകൾ എന്നിവ ഉൾക്കൊള്ളിച്ച മറ്റൊരു കൈപ്പുസ്തകവും ജനപ്രതിനിധികൾക്ക് ലഭ്യമാക്കുന്നതാണ്.

**പ്രാദേശിക ഭരണ സ്ഥാപനങ്ങളിൽ നിക്ഷിപ്തമായ ഉയർന്ന ഉത്തരവാദിത്വങ്ങൾ നിർവഹിക്കുന്നതിനാവശ്യമായ അറിവും വൈദഗ്ദ്ധ്യവും മനോഭാവവും വളർത്തുന്നതിന് പര്യാപ്തമായ പരിശീലനം ജനപ്രതിനിധികൾക്ക് യഥാസമയം ലഭ്യമാക്കുന്നതിന് തദ്ദേശ സ്വയംഭരണ വകുപ്പും കിലയും പ്രതിജ്ഞാബദ്ധമാണ്.**

### സമയബന്ധിതമായ പരിശീലനം

2010 നവംബർ മാസംതന്നെ ഭരണസമിതി അദ്ധ്യക്ഷൻമാരുടെ ത്രിദിന പരിശീലനം കിലയിലും എസ്.ഐ.ആർ.ഡിയിലും വച്ച് നടത്തുന്നതാണ്. ഡിസംബർ മാസത്തിൽ തിരുവനന്തപുരം, കോട്ടയം, എറണാകുളം, പാലക്കാട്, കോഴിക്കോട് എന്നീ മേഖലാ കേന്ദ്രങ്ങളിൽ വച്ച് സ്റ്റാന്റിംഗ് കമ്മിറ്റി അധ്യക്ഷൻമാരുടെ ത്രിദിന പരിശീലനവും സംഘടിപ്പിക്കും. 2011 ജനുവരി മാസത്തിൽ വിവിധ ജില്ലാകേന്ദ്രങ്ങളിൽ ജനപ്രതിനിധികൾക്കായുള്ള മൂന്ന് ദിവസത്തെ പരിശീലനവും പൂർത്തിയാക്കും. അതിന്റെ തുടർച്ചയായി ഫലപ്രദമായ സ്ഥാപന മാനേജ്മെന്റ് ഉറപ്പാക്കുന്നതിന് വിവിധ സ്റ്റാന്റിംഗ് കമ്മിറ്റികളെ അടിസ്ഥാനമാക്കിയും വിദഗ്ധ പരിശീലനം രൂപകല്പന ചെയ്ത് നടപ്പാക്കും. ചുരുക്കത്തിൽ മുഴുവൻ ജനപ്രതിനിധികൾക്കും സമയബന്ധിതമായി ഉയർന്ന ഗുണമേന്മയുള്ള പരിശീലനം ചിട്ടയായി ആസൂത്രണം ചെയ്ത് നടപ്പാക്കുന്നതിനാവശ്യമായ എല്ലാ തയ്യാറെടുപ്പുകളും പൂർത്തിയാക്കിയിട്ടുണ്ട്.

പ്രാദേശിക ഭരണ സ്ഥാപനങ്ങളിൽ നിക്ഷിപ്തമായ ഉയർന്ന ഉത്തരവാദിത്വങ്ങൾ നിർവഹിക്കുന്നതിനാവശ്യമായ അറിവും വൈദഗ്ദ്ധ്യവും മനോഭാവവും വളർത്തുന്നതിന് പര്യാപ്തമായ പരിശീലനം ജനപ്രതിനിധികൾക്ക് യഥാസമയം ലഭ്യമാക്കുന്നതിന് തദ്ദേശ സ്വയംഭരണ വകുപ്പും കിലയും പ്രതിജ്ഞാബദ്ധമാണ്. കേരളത്തിന്റെ പ്രാദേശിക സാമ്പത്തിക വികസനം ത്വരിതപ്പെടുത്തുന്നതിനും മെച്ചപ്പെട്ട സേവനങ്ങൾ സാധാരണ ജനങ്ങൾക്ക് ലഭ്യമാക്കുന്നതിനും പരിരക്ഷ ആവശ്യമുള്ള പാവപ്പെട്ടവർക്കും നിരാലംബർക്കും അവ ലഭ്യമാക്കുന്നതിനും തദ്ദേശഭരണ സ്ഥാപനങ്ങളെ സുശക്തവും പ്രവർത്തനക്ഷമവുമാക്കുന്നതിന് ഇത്തരം പരിശീലനങ്ങൾ സഹായകമാവുമെന്നുറപ്പാണ്. ■

*ലേഖകൻ*
*കില ഡയറക്ടറാണ്*

# 24 മണിക്കൂറും തിരി



അധികാര വികേന്ദ്രീകരണം പൂർണ്ണ അർത്ഥത്തിൽ നടപ്പിലാക്കിയ ഒരു സംസ്ഥാനമാണ് കേരളം. അതുകൊണ്ടു തന്നെ ഇന്ത്യയിൽ ഏറ്റവും കൂടുതൽ അധികാരം കൈയ്യാളുന്ന തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ കേരളത്തിലാണ്. കേരളത്തിലെ ഒരു പഞ്ചായത്ത് ഭരണ സമിതി കൈകാര്യം ചെയ്യുന്ന വിഷയങ്ങൾ വളരെ വിപുലമാണ്. ഭരണ സമിതിക്ക് വിവിധ സ്രോതസ്സുകളിൽ നിന്ന് ലഭിക്കുന്ന പണവും കൂടുതലാണ്. കേന്ദ്രീകൃത ഭരണ ആസൂത്രണ രീതിയിൽ നിന്ന് വികേന്ദ്രീകൃത ഭരണത്തിലേയ്ക്കും ആസൂത്രണത്തിലേയ്ക്കും മാറ്റമുണ്ടായത് 73, 74 ഭരണഘടനാ ഭേദഗതി മൂലമാണ്. സംസ്ഥാന ഗവൺമെന്റിന്റെ കൈവശമുള്ള കുറെ അധികാരങ്ങൾ കൈമാറാനല്ലാതെ കേന്ദ്ര ഗവൺമെന്റിന്റെ അധികാരങ്ങളിൽ ഒന്നുപോലും വികേന്ദ്രീകരിച്ചു നൽകാൻ കേന്ദ്ര സർക്കാർ തയ്യാറായില്ല. വികേന്ദ്രീകരണ പ്രക്രിയയിലെ ഒരു പ്രധാന ന്യൂനതയായി ഇത് കണക്കാക്കുന്നു. ഭരണഘടനയിൽ ഭേദഗതി വരുത്തിയെങ്കിലും ഏകീകൃത സ്വഭാവത്തോടെ അധികാര വികേന്ദ്രീകരണം ഇന്ത്യയിലെ എല്ലാ സംസ്ഥാനത്തും നടപ്പിലാക്കാൻ നാളിതുവരെ കഴിഞ്ഞില്ല. ഇതും ഒരു പ്രധാന ന്യൂനതയാണ്.

കേരളത്തിൽ അധികാര വികേന്ദ്രീകരണവും ജനകീയാസൂത്രണവും തികഞ്ഞ ലക്ഷ്യബോധത്തോടെയാണ് നടപ്പാക്കിയത്. വിപ്ലവകരമായ ഈ രണ്ടു ഭരണപരിഷ്ക്കാര നടപടികളും ലോകശ്രദ്ധ പിടിച്ചുപറ്റുകയുണ്ടായി. അധികാരത്തോടൊപ്പം അത് നടപ്പാക്കാനാവശ്യമായ പണവും നൽകി എന്നതാണ് കേരളത്തിന്റെ പ്രത്യേകത. വാർഷികപദ്ധതി തുകയുടെ ഒരു നിശ്ചിതവിഹിതം എല്ലാ വർഷവും സംസ്ഥാന ബഡ്ജറ്റ് വഴി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് കൈമാറിയ ഏക സംസ്ഥാനമാണ് കേരളം. ഭരണാധികാരത്തോടൊപ്പം ആസൂത്രണാധികാരവും ധനാധികാരവും ലഭിച്ചതുകൊണ്ടാണ് സ്വന്തമായി പദ്ധതികൾ ആവിഷ്ക്കരിച്ച് സ്വതന്ത്രമായി നടപ്പിലാക്കാൻ പഞ്ചായത്തുകൾക്കും നഗരസഭകൾക്കും കഴിഞ്ഞത്. വകുപ്പുകൾ മുഖേന നടപ്പിലാക്കിയിരുന്നെങ്കിൽ ഈ പ്രോജക്റ്റുകൾ പലതും വെളിച്ചം കാണില്ലായിരുന്നു. വകുപ്പുകൾക്ക് സ്വപ്നം കാണാൻ കഴിയാത്ത അതിനൂതനങ്ങളായ നിരവധി പ്രോജക്റ്റുകൾ നടപ്പിലാക്കി ആസൂത്രണ വിദഗ്ധരെപ്പോലും അതിശയിപ്പിക്കാൻ പല പഞ്ചായത്തുകൾക്കും സാധിച്ചിട്ടുണ്ട്.

അധികാരവികേന്ദ്രീകരണവും ജനകീയാസൂത്രണവും നടപ്പിലാക്കി 15 വർഷം പൂർത്തിയാക്കുന്ന അവസരത്തിലാണ് പുതിയ ഭരണ സമിതികൾ അധികാരമേറ്റെടുത്തിരിക്കുന്നത്. ആദ്യകാലത്ത് പഞ്ചായത്ത് ഭരണസമിതികൾ നേരിട്ട പ്രശ്നങ്ങളൊന്നും ഇപ്പോഴത്തെ ഭരണ സമിതികൾക്ക് നേരിടേണ്ടി വരില്ല. കഴിഞ്ഞ 15 വർഷത്തെ അനുഭവത്തിന്റെ വെളിച്ചത്തിൽ സ്വന്തമായി ഒരു പ്രോജക്റ്റ് ആവിഷ്ക്കരിച്ച് അംഗീകാരം വാങ്ങി നടപ്പിലാക്കാനുള്ള കാര്യശേഷി പഞ്ചായത്തുകൾ സ്വന്തമാക്കിയിട്ടുണ്ട്. ഇതിന്റെ ഫലമായി അനുകരണീയമായ നൂറുകണക്കിനു പ്രോജക്റ്റുകൾ നമ്മുടെ മുൻപിലുണ്ട്.

ഓരോ തദ്ദേശസ്വയംഭരണ സ്ഥാപനവും വികസന സാദ്ധ്യതകളുടെ അനന്തമായ കലവറയാണ്. ഈ സാധ്യതകൾ പ്രയോജനപ്പെടുത്തിയ ഭരണ സമിതികൾ പ്രാദേശിക ഭരണ ചരിത്രത്തിൽ നാഴികകല്ലുകളായി മാറിയിട്ടുണ്ട്. പുതിയ ഭരണ സമിതികൾക്ക് ഇതെല്ലാം വഴി വിളക്കാകേണ്ടതാണ്. പരമ്പരാഗത വികസന വഴികളിൽ നിന്ന് മാറി നടന്നവരാണ് മുൻ വർഷങ്ങളിൽ ഏറെ ശ്രദ്ധ നേടിയത്.

റോഡുകളുടെയും കെട്ടിടങ്ങളുടെയും കാര്യത്തിൽ നാം വളരെ മുന്നിലാണ്. അതിനാൽ പുതിയ റോഡുകളുടെ പുറകേ പോകാതെ നിലവിലുള്ളവ പരിപാലിക്കുന്നതിൽ കൂടുതൽ ശ്രദ്ധിക്കുന്നതാണ് നല്ലത്. വിദ്യാഭ്യാസ ആരോഗ്യ മേഖലകളിൽ ലോക നിലവാരത്തിലെത്തിയവരാണ് നമ്മൾ. എന്നാൽ 1980കളുടെ തുടക്കം മുതൽ ഇതിന്

എം വിജയകുമാരൻ പൂജപ്പുര

# യുന്ന ചക്രം പോലെ



തകർച്ച നേരിട്ടു. ജനകീയാസൂത്രണം ആരംഭിച്ചശേഷം കൈമോശം വരുമെന്ന് ഭയപ്പെട്ട ഈ പദവി നമുക്ക് നിലനിർത്താൻ സാധിച്ചു. ഉത്പാദന മേഖലയിലാണ് നമ്മുടെ ശ്രദ്ധ ഇനി വേണ്ടത്. രണ്ടാം ജനകീയാസൂത്രണം ഇതിന് അടിത്തറയിട്ടു. ഇരുന്നൂറോളം പഞ്ചായത്തുകളെങ്കിലും ഈ രംഗത്ത് അഭിമാനാർഹമായ നേട്ടം കൈവരിച്ചിട്ടുണ്ട്. ഇതിന്റെ എണ്ണം പരമാവധി വർദ്ധിപ്പിക്കുന്നതിനാണ് ഇനി ശ്രമിക്കേണ്ടത്.

ഓരോ തദ്ദേശസ്വയംഭരണ സ്ഥാപനവും സ്വയം പര്യാപ്തമാകണം. ഓരോ വീട്ടിലും എന്തെങ്കിലും ഉൽപാദിപ്പിക്കണം. അയൽ സംസ്ഥാനങ്ങളിൽ കാർഷിക വിളകൾ കുറയുകയും ഉപഭോഗം കൂടുകയും ചെയ്യുന്നു. ഈ സാഹചര്യത്തിൽ കാർഷിക ഉൽപാദനം വർദ്ധിപ്പിച്ചില്ലെങ്കിൽ സമൂഹത്തിന്റെ നിലനിൽപ് തന്നെ അപകടത്തിലാവും. ഇതര വകുപ്പുകളിൽ നിന്ന് പഞ്ചായത്തുകൾ ശ്രദ്ധിക്കപ്പെടുന്നത് ഇതുപോലുള്ള മേഖലകളിലെ സവിശേഷ പ്രവർത്തനം കൊണ്ടാണ്.

സേവന ക്ഷേമ രംഗത്ത് പുതിയ പല പദ്ധതികളും ആവിഷ്ക്കരിച്ച് നടപ്പിലാക്കാൻ പല പഞ്ചായത്തുകൾക്കും കഴിഞ്ഞിട്ടുണ്ട്. പുതിയ പദ്ധതികൾ ആരംഭിക്കുമ്പോൾ തുടർ പദ്ധതികൾ വിസ്മരിക്കപ്പെടുന്ന ഒരു പ്രവണത കാണാറുണ്ട്. നിലവിലുള്ള ക്ഷേമപദ്ധതികൾ കാര്യക്ഷമമാക്കുന്നതിനും ഗുണമേന്മ വർദ്ധിപ്പിക്കുന്നതിനും മുൻഗണന നൽകണം. എല്ലാ മനുഷ്യരുടെയും ജീവിത സൗകര്യ വികസനമാണ് യഥാർത്ഥ വികസനം. ഒരു വിഭാഗത്തെ പുറകിലാക്കിക്കൊണ്ട് ഒരു സമൂഹത്തിനും വികസിക്കാൻ കഴിയുകയില്ല. ഏത് ക്ഷേമപദ്ധതി നടപ്പിലാക്കുമ്പോഴും ഇക്കാര്യം ശ്രദ്ധിക്കേണ്ടതാണ്.

സർക്കാർ വകുപ്പുകൾക്ക് പദ്ധതികൾ ആവിഷ്ക്കരിക്കുന്നതിനും നടപ്പിലാക്കുന്നതിനും പരിമിതികൾ ഉണ്ട്. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് അതില്ല. പഞ്ചായത്തിന് ലഭിക്കുന്ന ഫണ്ടിനെ മാത്രം ആശ്രയിക്കാതെ വ്യത്യസ്ത മേഖലകളിൽ നിന്ന് ഫണ്ടുകൾ സ്വരൂപിക്കാൻ പഞ്ചായത്തുകൾക്കു കഴിയും. കൊടകര നിയോജക മണ്ഡലത്തിലെ നെന്മണിക്കര പഞ്ചായത്ത് തന്നെ ഇക്കാര്യത്തിൽ മാതൃകയാണ്. എല്ലാവർക്കും വീട്, വെള്ളം, വെളിച്ചം, തെരുവ്വിളക്ക് ഒക്കെ നൽകി അത്ഭുതം സൃഷ്ടിച്ചിരിക്കുകയാണ് നെന്മണിക്കര.

പാലക്കാട് ജില്ലയിലെ എലപ്പുള്ളി, കണ്ണാടി പഞ്ചായത്തുകൾ ക്ഷീരവികസനത്തിലൂടെ കോടിക്കണക്കിന് രൂപയ്ക്കുള്ള സമ്പത്ത് ഉൽപ്പാദിപ്പിക്കുകയുണ്ടായി. ആലപ്പുഴ ജില്ലയിലെ കഞ്ഞിക്കുഴി പഞ്ചായത്ത് ജനകീയ പച്ചക്കറി കൃഷിയിലൂടെയും പാലമേൽ പഞ്ചായത്ത് തരിശുരഹിത ഗ്രാമപദ്ധതിയിലൂടെയും ഏറെ ശ്രദ്ധിക്കപ്പെട്ടു. ഇതുപോലെ സമ്പത്തുൽപാദന മേഖലയിൽ പുതിയ പന്ഥാവ് വെട്ടിത്തെളിയിച്ച ധാരാളം പഞ്ചായത്തുകളുണ്ട്. ഗ്രീൻ കേരള എക്സ്പ്രസ് സോഷ്യൽ റിയാലിറ്റി ഷോയിൽ രണ്ടാം സ്ഥാനം നേടിയ അകത്തേത്തറ പഞ്ചായത്ത് 1 ലക്ഷം തൈകൾ വെച്ചുപിടിപ്പിച്ചു കൊണ്ട് പ്രകൃതി സംരക്ഷണത്തിൽ നൂതന അദ്ധ്യായം രചിക്കുകയുണ്ടായി. എത്രയെങ്കിലും ഉദാഹരണങ്ങൾ ഇപ്രകാരം ചൂണ്ടിക്കാണിക്കാൻ കഴിയും. ഇപ്പോൾ അധികാരം ഏറ്റെടുത്ത ഓരോ പഞ്ചായത്ത് ഭരണസമിതിക്കും പുതുതായി എന്തെങ്കിലും സമൂഹത്തിന് സംഭാവന ചെയ്യാൻ കഴിയണം. നെന്മണിക്കരയ്ക്ക് ആകാമെങ്കിൽ നിങ്ങളുടെ പഞ്ചായത്തിനും തീർച്ചയായും അതിന് കഴിയേണ്ടതാണ്.

പഞ്ചായത്തിന്റെ സ്വന്തം സ്വത്ത് അന്യാധീനപ്പെടാതെ നോക്കേണ്ടത് ഭരണ സമിതിയുടെ പ്രധാന കടമയാണ്. പഞ്ചായത്തിന് ലഭിക്കേണ്ട ഒരു രൂപപോലും നഷ്ടപ്പെടുത്താൻ അനുവദിക്കരുത്. കൈമാറിക്കിട്ടിയ സ്ഥാപനങ്ങളുടെ പരിപാലനത്തിൽ പ്രത്യേക ശ്രദ്ധ എപ്പോഴും ഉണ്ടായിരിക്കണം. 24 മണിക്കൂറും തിരിയുന്ന ഒരു ചക്രം പോലെ ഊർജ്ജസ്വലമാകാൻ പഞ്ചായത്തുകൾക്ക് കഴിയട്ടെ. ■

# 'കേരള മാതൃക' നടപ്പിലാക്കാൻ




ഡോ. പി.പി. ബാലൻ

ഈയിടെ ഉത്തരഖണ്ഡ് സംസ്ഥാന സെക്രട്ടറിയേറ്റിനു മുൻപിൽ ഒരു പ്രത്യേക സമരം അരങ്ങേറുകയുണ്ടായി. നടത്തിയത് ആ സംസ്ഥാനത്തെ ഗ്രാമപഞ്ചായത്ത് അസോസിയേഷനായ 'ഗ്രാമപ്രധാൻ സംഘാടന്റെ' നേതൃത്വത്തിൽ. അവിടെ മുഴങ്ങിയ മുദ്രാവാക്യങ്ങളിൽ പ്രധാനം കേരള മാതൃകയിൽ അധികാരവികേന്ദ്രീകരണം നടപ്പിലാക്കുക എന്നതാണ്. അവരുടെ നേതാവ് സൂറത്ത് സിങ് പറഞ്ഞത് ഇങ്ങനെ "ഞങ്ങൾക്ക് വേണ്ടത് കേരളമാതൃകയിലുള്ള അധികാരവികേന്ദ്രീകരണമാണ്. ഇവിടെ നിയമസഭാസാമാജികരും ബ്യൂറോക്രസിയും ഇതിനെതിരാണ്. ഇതൊരു ഗൂഢാലോചനയായിട്ടാണ് ഞങ്ങൾ കാണുന്നത്. ഇത് പൊതുജനസമക്ഷം തുറന്നുകാണിക്കാനും അധികാരവികേന്ദ്രീകരണത്തിന് ജനപിന്തുണ ആർജ്ജിക്കുവാനുമാണ് ഞങ്ങൾ ഈ സമരം ചെയ്യുന്നത്. ഇവിടെ സംസ്ഥാനത്ത് ഭരണഘടനാപരമായി ലഭിക്കേണ്ടുന്ന അധികാരമൊന്നും കൈമാറിയിട്ടില്ല. എന്തിനേറെ സംസ്ഥാനത്തിന് സ്വന്തമായി ഒരു പഞ്ചായത്തീരാജ് ആക്ട് പോലുമില്ല. ഒരുപക്ഷെ 50% വനിതാ സംവരണം ഏർപ്പെടുത്തിയ ആദ്യ സംസ്ഥാനമായിരിക്കാം ഉത്തരഖണ്ഡ്. എന്തുകാര്യം? അധികാരമില്ലാതെ ഇതുകൊണ്ട് എന്തുപ്രയോജനം?" ഇത് ഈ സംസ്ഥാനത്തിന്റെ മാത്രം കാര്യമല്ല. ഇന്ത്യയിലെ പല സംസ്ഥാനങ്ങൾക്കും അധികാരവികേന്ദ്രീകരണം ഇപ്പോഴും ഒരു മരീചികയാണ്.

**കേന്ദ്രവും സംസ്ഥാനങ്ങളും**

സാമൂഹ്യനീതിയും സാമ്പത്തിക വികസനവുമാണ് പഞ്ചായത്തീരാജ് സംവിധാനത്തിലൂടെ ലക്ഷ്യമിടുന്ന അടിസ്ഥാന കാര്യങ്ങൾ. കേന്ദ്ര പഞ്ചായത്തീരാജ് മന്ത്രാലയവും ഇതിൽ ഊന്നി നിന്നുള്ള പ്രവർത്തനങ്ങൾക്ക് നേതൃത്വം നല്കുന്നു. എന്നാൽ കേന്ദ്ര ഗവൺമെന്റിന് പഞ്ചായത്തീരാജ് സംവിധാനത്തിൽ നിർദ്ദേശക ഉപദേശക പങ്കു മാത്രമെയുള്ളൂ. കാരണം ഇതൊരു സംസ്ഥാന വിഷയമാണ്. 73, 74 ഭരണഘടനാഭേദഗതികൾ പൊതുവായ ചില മാർഗ്ഗനിർദ്ദേശങ്ങൾ മാത്രമാണ് മുന്നോട്ടുവെച്ചിട്ടുള്ളത്. അഞ്ചുവർഷം കൂടുമ്പോഴുള്ള തെരഞ്ഞെടുപ്പ്, ഡി.പി.സി. രൂപീകരണം, ഗ്രാമസഭ വിളിച്ചു ചേർക്കൽ, സംസ്ഥാന ധനകാര്യ കമ്മീഷന്റെ രൂപീകരണം, വനിതാ, പട്ടിക ജാതി വർഗ്ഗ സംവരണം തുടങ്ങിയവയാണ് അവ. ഇതിനുപരിയായി കാലകാലങ്ങളിൽ കേന്ദ്രഗവണ്മെന്റ് നല്കുന്ന മാർഗ്ഗനിർദ്ദേശങ്ങളും അധികാരവികേന്ദ്രീകരണത്തെ ശക്തിപ്പെടുത്താൻ സഹായിക്കുന്നവയാണ്. എന്നാൽ സംസ്ഥാനങ്ങൾ അധികാരവികേന്ദ്രീകരണത്തിൽ എത്തി നിൽക്കുന്നത് പല തട്ടുകളിലാണെന്നു കാണാം. ഇതു പലതിനെ ആശ്രയിച്ചിരിക്കുന്നു. അതിൽ ഒന്നാണ് സംസ്ഥാന ഗവൺമെന്റ് കാണിക്കുന്ന ഇച്ഛാശക്തി. ചില സംസ്ഥാനങ്ങൾ പറയുന്നത് കേന്ദ്രം അംഗീകാരം തരട്ടെ എന്നിട്ടാവാം പഞ്ചായത്തുകളിലേയ്ക്കുള്ള അധികാരകൈമാറ്റമെന്നാണ്. ഉദ്യോഗസ്ഥർ പറയുന്നത് സമയമായിട്ടില്ല എന്നും. ഇവർ കാത്തിരിക്കാൻ പറയുന്നത് കൂടുതൽ കാര്യശേഷി താഴെതട്ടിൽ ആർജ്ജിക്കുന്നതുവരെയാണ്. ഇതു രണ്ടും വിലങ്ങുതടിയായി പല സംസ്ഥാനങ്ങളിലും നിലനിൽക്കുന്നു. സംസ്ഥാനങ്ങൾ എവിടെ എത്തിനില്ക്കുന്നു അല്ലെങ്കിൽ എന്തു ചെയ്യുന്നു എന്നതിന് ചില ഉദാഹരണങ്ങൾ താഴെ വിവരിക്കുന്നു.

**തൊഴിലുറപ്പു പദ്ധതിയിൽ ഒരു രൂപ കൂലി**

പതിനൊന്നാം ഷെഡ്യൂളിൽ പറയുന്ന 29 വിഷയങ്ങളിൽ കേവലം 5 വിഷയങ്ങൾ മാത്രമാണ് രാജസ്ഥാനിൽ പഞ്ചായത്തുകൾക്ക് നൽകിയിട്ടുള്ളത്. അതും ഈ കഴിഞ്ഞ ഗാന്ധിജയന്തി ദിനത്തിൽ. പ്രൈമറി സ്ക്കൂളുകൾ, കൃഷി, വനിതാ ശിശുക്ഷേമം, സാമൂഹ്യക്ഷേമം, ആരോഗ്യം എന്നിവയാണവ. പ്ലാനിങ് ബോർഡ് ഉപാദ്ധ്യക്ഷൻ വി.എസ്സ്. വ്യാസൻ കേരളം സന്ദർശിച്ച് റിപ്പോർട്ട് സമർപ്പിച്ചതിന്റെ അടിസ്ഥാനത്തിലാണ് ഇവ കൈമാറ്റം ചെയ്തിട്ടുള്ളത്. കൂടാതെ സംസ്ഥാന പ്ലാൻ വിഹിതത്തിൽ നിന്നും പത്തു ശതമാനം വികസനഫണ്ട് അൺടൈഡായി (untied) പഞ്ചായത്തുകൾക്കു നല്കാനും തീരുമാനിച്ചു. ധനവികേന്ദ്രീകരണം ഊർജ്ജിതമാക്കുന്നതിന്റെ ഭാഗമായി ഒരു പ്രത്യേക ധനകാര്യകമ്മീഷൻ കൂടി രൂപീകരിക്കാനും പ്രത്യേകമായ ഒരു ഗ്രാമീണ ജീവിത വികസന കൗൺസിൽ (Rural livelihood Council) രൂപം നല്കാനും തീരുമാനമായിട്ടുണ്ട്. തൊഴിലുറപ്പു പദ്ധതിയുടെ (NREGS) ന്റെ നല്ല മാതൃകകൾ സൃഷ്ടിച്ച സംസ്ഥാനമാണ് രാജസ്ഥാൻ. എന്നാൽ ഈയിടെയായി ധാരാളം അഴിമതി കഥകളും പുറത്തു വന്നിട്ടുണ്ട്. തൊഴിലാളികൾക്ക് ഒരു രൂപ

മാത്രം കൂലി നല്കി ബാക്കി 99 രൂപയും കീശയിലാക്കുന്ന സംഭവങ്ങൾ റിപ്പോർട്ട് ചെയ്തത് ഇന്നൊരു ചർച്ചാവിഷയമാണ്. രാജസ്ഥാനിലെ തൊങ്കു ജില്ലയിലെ ചൂഷണത്തിന് വിധേയരായ 99 പേർ ഗാന്ധിജയന്തി നാളിൽ സത്യാഗ്രഹമിരുന്നു. അവർ കൂലിയായി ലഭിച്ച ഒരു രൂപ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ ഫണ്ടിലേയ്ക്ക് തിരിച്ചു നല്കി പ്രതിഷേധിച്ചു. ഈ ഗാന്ധിയൻ സമരമുറ വലിയ പ്രത്യാഖ്യാതമുണ്ടാക്കിയിട്ടുണ്ട്. കേന്ദ്ര ഗ്രാമവികസന മന്ത്രിയും സെക്രട്ടറിയും ഇത്തരം അഴിമതി തടയുന്നതിനെ കാര്യമായി എടുത്തിട്ടുണ്ട്. കൃത്യമായി ജോലി ചെയ്യുന്ന തൊഴിലാളികൾക്ക് ബോണസ്, പ്രോവിഡണ്ട് ഫണ്ട് ഇവ നല്കുന്ന കാര്യം ഗവൺമെന്റിന്റെ പരിഗണനയിലാണ് എന്നവർ പറയുന്നു.




## അദ്ധ്യാപകർ പഞ്ചായത്തിനെതിരെ

പഞ്ചാബ് സംസ്ഥാനം പഞ്ചായത്തുകൾക്ക് 9 ഡിപ്പാർട്ടുമെന്റുകളാണ് നല്കിയത്. ഇവിടെ ചെയ്ത നല്ല കാര്യം പ്രൈമറി സ്ക്കൂളുകളുടെ നിയന്ത്രണം പൂർണമായും പഞ്ചായത്തുകൾക്കു നല്കിയതാണ്. അധ്യാപക നിയമനവും സ്ഥലമാറ്റവും അവർ നടത്തുന്നു. ഭൗതിക സൗകര്യം മെച്ചപ്പെടുത്തുന്നതിനും അക്കാദമിക് കാര്യങ്ങളിലും പഞ്ചായത്ത് ഇടപെടുന്നു. എന്നാൽ പഞ്ചായത്ത് ഭരണത്തിൻ കീഴിൽ അദ്ധ്യാപകർ തൃപ്തരല്ല. ഡിപ്പാർട്ടുമെന്റ് സംവിധാനത്തിലേയ്ക്ക് തിരിച്ചുപോകാൻ വേണ്ടി അവർ ഇപ്പോൾ സമരത്തിലാണ്. മഹത്തായ ഗാന്ധിയൻ ആശയമായ പഞ്ചായത്തീരാജ് സംവിധാനത്തെ എതിർക്കുന്ന അധ്യാപകരെ പൊതുജന സമക്ഷം തുറന്നു കാണിക്കുന്നതിന് പഞ്ചായത്ത് അസോസിയേഷൻ ശക്തമായി രംഗത്തുണ്ട്. പത്ര പരസ്യം വഴിയും വാഹന ജാഥകൾ സംഘടിപ്പിച്ചും അസോസിയേഷൻ അധ്യാപക സമരത്തിനെതിരെ പ്രവർത്തിക്കുന്ന അഭൂതപൂർവ്വമായ കാഴ്ച പഞ്ചാബിൽ കാണാം. ഒരു ദേശീയ പത്രത്തിൽ വന്ന പരസ്യം ഇങ്ങനെ "അധ്യാപകരെ നിങ്ങൾ തിരിച്ചു ജോലിയിൽ പ്രവേശിക്കൂ. നിങ്ങൾ എതിർത്തു തോല്പിക്കാൻ ശ്രമിക്കുന്നത് ഏറെ ശ്രമകരമായ പ്രവർത്തനത്തിലൂടെ നാം നേടിയെടുത്ത പഞ്ചായത്തീരാജ് സംവിധാനത്തെയാണ്. സാമൂഹ്യ പ്രതിബദ്ധത നിങ്ങൾ മറക്കരുത്. ഒരുമാസക്കാലമായി അധ്യാപകർ നടത്തുന്ന സമരം ഇപ്പോഴും അവസാനിച്ചിട്ടില്ല.

## സത്യപ്രതിജ്ഞയ്ക്ക് ഒരു മാതൃക

ഹരിയാനയിൽ ഈയിടെയാണ് പുതിയ ഭരണസമിതി സത്യപ്രതിജ്ഞ ചെയ്ത് അധികാരത്തിൽ വന്നത്. ഇവിടെ നടന്ന സത്യപ്രതിജ്ഞയ്ക്ക് ഒരു പ്രത്യേകതയുണ്ട്. ഏതെങ്കിലും ഒരു ഉദ്യോഗസ്ഥന്റെ മുമ്പിലല്ല സത്യപ്രതിജ്ഞ മറിച്ച് മുഖ്യമന്ത്രിയുടെയോ അദ്ദേഹം നിയോഗിക്കുന്ന മറ്റു മന്ത്രിമാരുടെയോ മുന്നില്ലാണ് ഈ മഹത്തായ കാര്യം നിർവഹിക്കുന്നത്. ജില്ലാ ആസ്ഥാനങ്ങളിൽ കൂട്ടായി നടത്തുന്ന സത്യപ്രതിജ്ഞ ചടങ്ങ് ഒരു ഉത്സവമായി അവർ ആഘോഷിക്കുന്നു. പരാജിതരായ സ്ഥാനാർത്ഥികളെ ചടങ്ങിൽ പങ്കെടുപ്പിക്കേണ്ടത് വിജയിച്ച സ്ഥാനാർത്ഥിയുടെ കടമയാണ്. അങ്ങനെ ഭരണ പ്രതിപക്ഷ കൂട്ടായ്മയായി സത്യപ്രതിജ്ഞാ ചടങ്ങ് മാറുന്നു. വടക്കെ ഇന്ത്യൻ പഞ്ചായത്തുകളിൽ അംഗങ്ങൾ പൊതുവെ നിരക്ഷരരാണ് എന്ന ധാരണ പരക്കെയുണ്ട്. എന്നാൽ ഇക്കുറി ഹരിയാന സംസ്ഥാനം ഈ പതിവു തെറ്റിച്ചു. അഭിഭാഷകരും, അധ്യാപകരും, എഞ്ചിനീയർമാരും ഉന്നത ബിരുദധാരികളുമുണ്ട് ഇക്കൂട്ടത്തിൽ. ഇതിന്റെ പിന്നിൽ മറ്റൊരു കഥയുണ്ട്. തെരഞ്ഞെടുപ്പിനു മുൻപു തന്നെ കൂടുതൽ അധികാരവും പണവും പഞ്ചായത്തുകൾക്ക് നല്കുമെന്ന പ്രചരണം വ്യാപകമായി ഉണ്ടായിരുന്നു. എന്നാൽ ഇതു ലഭിക്കുമോ എന്ന് കണ്ടറിയണം. ഏതായാലും വിപുലമായ പരിശീലന പരിപാടികൾ തെരഞ്ഞെടുക്കപ്പെട്ട ജനപ്രതിനിധികൾക്കായി ആരംഭിച്ചു കഴിഞ്ഞു. കഴിഞ്ഞ ഭരണകാലത്ത് സ്ത്രീകൾ മാത്രം ജനപ്രതിനിധികളായിട്ടുള്ള പഞ്ചായത്ത് ഉണ്ടായിരുന്നു. നിംഖേല ഗ്രാമപഞ്ചായത്ത്. എന്നാൽ ഇലക്ഷൻ സമയത്തുണ്ടായ രാഷ്ട്രീയ അതിപ്രസരം ഇവിടെ പുരുഷസാന്നിധ്യത്തിന് വഴിയൊരുക്കി. ഇതോടെ ഇന്ത്യയിലെ ആദ്യവനിതാ ജനപ്രതിനിധി പഞ്ചായത്തെന്ന ഖ്യാതി അവയ്ക്കു നഷ്ടപ്പെട്ടു. ഹരിയാനയിൽ പഞ്ചായത്ത് അധികാരമേഖലയിൽ പ്രവർത്തിക്കുന്ന ധാരാളം സമാന്തര സംവിധാനങ്ങൾ (parallel bodies) ഉണ്ട്. ഇവയെ അതിജീവിച്ച് പഞ്ചായത്തുകൾക്ക് എങ്ങനെ കൂടുതൽ അധികാരം നല്കുമെന്നത് കാത്തിരുന്നു കാണേണ്ടുന്ന കാര്യമാണ്.

## കേരള മാതൃകയ്ക്ക് അംഗീകാരം

കൂടുതൽ അധികാരത്തിനുവേണ്ടി മുറവിളികൂട്ടുന്ന സംസ്ഥാനമാണ് ഹിമാചൽപ്രദേശ്. എന്നാൽ കാര്യമായി അധികാരമൊന്നും വികേന്ദ്രീകരിച്ച് പഞ്ചായത്തുകൾക്ക് നല്കിയിട്ടില്ല. ജില്ലാ

പ്ലാനിംഗ് സമിതി (DPC) യുടെ അദ്ധ്യക്ഷസ്ഥാനം ഇപ്പോഴും മന്ത്രിയിൽ തന്നെയാണ്. സമിതിയിൽ ജില്ലാപഞ്ചായത്ത് അദ്ധ്യക്ഷൻ സാദാ അംഗം മാത്രം. എന്നാൽ ഒറ്റപ്പെട്ട നല്ല പ്രവർത്തനങ്ങൾ കാണാം. അതും ജില്ലാ കളക്ടറുടെ പ്രത്യേക താല്പര്യ പ്രകാരമാണ് ഉണ്ടായത്. ഇവിടെ ചമ്പ, ഷിർമോർ ജില്ലകളിൽ പിന്നോക്ക മേഖലാ വികസന ഫണ്ട് (BRGF) ഉപയോഗിച്ച് ഗ്രാമപഞ്ചായത്തുകൾ സ്വന്തമായി പദ്ധതി ഉണ്ടാക്കി നടപ്പിലാക്കിയിട്ടുണ്ട്. അധികാരവും പണവും പ്രവർത്തന സ്വാതന്ത്ര്യവും നല്കിയാൽ വികസനരംഗത്ത് പഞ്ചായത്തുകൾക്ക് അത്ഭുതങ്ങൾ സൃഷ്ടിക്കാൻ കഴിയുമെന്ന് പ്രസ്തുത പഞ്ചായത്തുകൾ തെളിയിച്ചിട്ടുണ്ട്. പ്രത്യേകം ശ്രദ്ധേയമായ കാര്യം ഈ ജില്ലകളിലെ ജില്ലാ കളക്ടർമാർ കേരളത്തിലെ ആസൂത്രണ നിർവഹണ പ്രക്രിയ നന്നായി മനസ്സിലാക്കിയിട്ടുണ്ട് എന്നതാണ്. ബാഹ്യ രാഷ്ട്രീയ ഇടപെടലിന് ഇടം കൊടുക്കാതെയും സമ്മർദ്ദങ്ങൾക്ക് വഴങ്ങാതെയുമാണ് പദ്ധതി ആസൂത്രണം ചെയ്യുന്നത്. കേരളമാതൃക ഭാഗികമായെങ്കിലും പ്രാവർത്തികമാക്കാൻ കഴിയുമെന്ന് അവർ തെളിയിച്ചു. വടക്കെ ഇന്ത്യയിൽ കേരളമാതൃകയിലുള്ള ആസൂത്രണ രീതി പ്രായോഗികമല്ല എന്ന കാഴ്ചപ്പാട് ഇവിടെ തിരുത്തി കുറിക്കുകയായിരുന്നു. സാക്ഷരതയിൽ മുന്നിട്ടു നിൽക്കുന്ന സംസ്ഥാനത്ത് ഗ്രാമ പഞ്ചായത്ത് അസോസിയേഷന്റെ പ്രവർത്തനം നന്നായി നടക്കുന്നുണ്ട്. അവരുടെ പ്രവർത്തനങ്ങളിലെ മുഖ്യ അജണ്ട തന്നെ അധികാരവികേന്ദ്രീകരണം ശക്തിപ്പെടുത്തുകയാണ്. ഇടയ്ക്കിടെ ഇത്തരം പ്രശ്നങ്ങളിൽ അവർ ഇടപെടുന്നതായികാണം. ഈയിടെ റേഷൻ കാർഡുകൾ നല്കാൻ അവരിൽ നിക്ഷിപ്തമായ അധികാരം എടുത്തുമാറ്റി പഞ്ചായത്തു സെക്രട്ടറിമാരെ ഏൽപ്പിച്ചപ്പോൾ അവർ കൂട്ടമായിതന്നെ പ്രതിഷേധിച്ചു.

**വോട്ട് ചെയ്യൽ നിർബ്ബന്ധിതമാക്കുമ്പോൾ**

പഞ്ചായത്തു തെരഞ്ഞെടുപ്പിൽ നിർബന്ധിത വോട്ടിങ് സമ്പ്രദായം കൊണ്ടുവന്ന സംസ്ഥാനമാണ് ഗുജറാത്ത്. തെരഞ്ഞെടുപ്പിൽ വോട്ടുചെയ്തവർക്കു മാത്രമെ പഞ്ചായത്തു നല്കേണ്ടുന്ന സേവന വേതന സഹായങ്ങൾ ലഭിക്കുകയുള്ളു എന്നൊരു പരോക്ഷ പരാമർശവും ഇതിനു പിന്നിലുണ്ട്. പ്രാദേശിക ഭരണ സമ്പ്രദായത്തിൽ എല്ലാ വോട്ടർമാരും അവരുടെ സമ്മതിദാനാവകാശം വിനിയോഗിച്ചിരിക്കണമെന്ന് നിഷ്കർഷിച്ചിരിക്കുന്നത് ജനങ്ങളെ കൂടുതൽ പഞ്ചായത്തുകളുടെ വികസന പ്രവർത്തനങ്ങളിൽ അടുപ്പിക്കുന്നതിന് സഹായിക്കുമെന്നാണ് മറ്റൊരു കണക്കുക്കൂട്ടൽ. എന്നാൽ ഇത് പൗരസ്വാതന്ത്ര്യത്തെ ഹനിക്കുമെന്ന മറുവാദവുമുണ്ട്. എന്നാൽ ഇതു നിയമമായി വന്നില്ല. ഗവർണർ മടക്കിയ ബില്ല് വീണ്ടും നിയമസഭ പാസ്സാക്കി ഗവർണർക്ക് സമർപ്പിച്ചിരിക്കുകയാണ്. ഇപ്പോൾ നടക്കുന്ന പ്രാദേശിക തെരഞ്ഞെടുപ്പിൽ കേവലം 40% താഴെ മാത്രമെ പോളിംഗ് ശതമാനം എത്തിയിട്ടുള്ളു. പുതിയ നിയമം വന്നാലുണ്ടാകുന്ന മാറ്റം കാത്തിരുന്നു കാണാം. ഇവിടെ പഞ്ചായത്തുകളിൽ ഇ-ഭരണം (e-governance) പ്രാവർത്തികമാക്കി കഴിഞ്ഞു. എല്ലാ പഞ്ചായത്തുകളും ഗുജറാത്ത് സംസ്ഥാന വിപുല ശൃംഘലയിലൂടെ (Gujarat State Area network) ബന്ധിതമാണ്. എന്നാൽ പഞ്ചായത്തു ഭരണത്തിൽ ഉദ്യോഗസ്ഥമേധാവിത്വം ഏറെ പ്രകടമാണ്. ജനപ്രതിനിധികളുടെ ഇച്ഛാശക്തിക്കനുസരിച്ച് പഞ്ചായത്തുകളുടെ പ്രവർത്തനം മുന്നോട്ടു പോകുന്നില്ല. അതിനുള്ള അധികാരമോ പണമൊ അവയ്ക്കു നല്കിയിട്ടില്ല എന്നതാണ് യാഥാർത്ഥ്യം.

**ഇവിടെ പഞ്ചായത്ത്‌രാജല്ല കലക്ടർരാജ്**

ഉത്തർപ്രദേശിൽ ജില്ലാപഞ്ചായത്തിന്റെ പ്രവർത്തനത്തിൽ ജില്ലാകലക്ടറുടെ അമിതമായ ഇടപെടൽ കാണാം. അവ സ്വതന്ത്രമായി പ്രവർത്തിക്കുന്നില്ല. കാരണം ഫണ്ട് വിനിയോഗത്തിന്റെ നിയന്ത്രണം കലക്ടറിൽ നിക്ഷിപ്തമാണ്. ഇവിടെ ത്രിതല പഞ്ചായത്തുകൾക്ക് അധികാരമോ പണമോ ഏറെ പരിമിതമാണ്. സ്വന്തമായി നികുതി പിരിക്കാനുള്ള അധികാരവുമില്ല. ഇപ്പോഴും കേന്ദ്ര-സംസ്ഥാനാവിഷ്കൃത പദ്ധതികളുടെ നിർവഹണ ഏജൻസികളായി പ്രവർത്തിക്കുകയാണ് ഗ്രാമപഞ്ചായത്ത്. തെരഞ്ഞെടുപ്പ് രാഷ്ട്രീയാടിസ്ഥാനത്തിലല്ല നടക്കുന്നത്. അതുകൊണ്ടുതന്നെ പ്രാദേശികമായ ചേരിതിരിവുകളും ശക്തമാണ്. വർഗ്ഗീയവിഭാഗീയ ഗ്രൂപ്പുകളുടെ പ്രവർത്തനവും പ്രകടമായി കാണാം. ഈയിടെ നടന്ന പഞ്ചായത്ത് തെരഞ്ഞെടുപ്പിൽ ഇരുപതോളം പേർ കൊല്ലപ്പെട്ടിരുന്നു. അധികാരമില്ലാത്ത പഞ്ചായത്തുകളിലേയ്ക്ക് ഈ വീറും വാശിയും എന്തിനെന്ന് തോന്നിപ്പോകും. എന്നാൽ ഇത്തരം സ്ഥാനമാനങ്ങളെ സ്റ്റാറ്റസ് സിംബലായി (Status Symbol) അവർ കാണുന്നു. സ്ഥാനാർത്ഥിക്ക് രാഷ്ട്രീയ ചിഹ്നമില്ലെങ്കിലും ദേശീയ സംസ്ഥാന രാഷ്ട്രീയ നേതാക്കളുടെ പടംവെച്ചാണ് വോട്ടുപിടിക്കുന്നത്. ജില്ലാപഞ്ചായത്തദ്ധ്യക്ഷനെ ഇവിടെ നേരിട്ട് തെരഞ്ഞെടുക്കുന്നില്ല. ജില്ലാ പഞ്ചായത്തംഗങ്ങളും ബ്ലോക്ക് പഞ്ചായത്ത് (ക്ഷേത്രപഞ്ചായത്ത്) അദ്ധ്യക്ഷന്മാരുമാണ് ജില്ലാ പഞ്ചായത്ത് അദ്ധ്യക്ഷനെ തെരഞ്ഞെടുക്കുന്നത്. ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റുമാരും തെരഞ്ഞെടുക്കപ്പെടുന്നത് ഗ്രാമപഞ്ചായത്ത് അദ്ധ്യക്ഷന്മാരുടേയും ബ്ലോക്കു പഞ്ചായത്ത് അംഗങ്ങളുടെയും വോട്ടുകൊണ്ടാണ്.

**ജനപ്രതിനിധികളെ തിരിച്ചുവിളിക്കാൻ നിയമം**

ഗോവയിൽ ഗ്രാമസഭകളെ ശക്തിപ്പെടുത്താനുള്ള തീവ്രശ്രമം നടന്നുവരുന്നു. ഇതിനുവേണ്ടി ഗോവ ലാ കമ്മിഷൻ ചെയർമാൻ രമാകാന്ത് കലപാസിന്റെ നേതൃത്വത്തിൽ പല തലത്തിൽ ചർച്ചകൾ നടത്തി റിപ്പോർട്ട് നല്കിക്കഴിഞ്ഞു. ഇതുപ്രകാരം ഗ്രാമസഭയ്ക്ക് പല പ്രത്യേക അധികാരങ്ങളും വിഭാവനം ചെയ്തിട്ടുണ്ട്. അതിലൊന്ന് ജനപ്രതിനിധികളെ തിരിച്ചുവിളിക്കാനുള്ള അധികാരമാണ്. ഇപ്പോൾ മദ്ധ്യപ്രദേശിൽ നിലവിലുള്ള ഈ അധികാരം അവിടെ കാര്യക്ഷമമല്ല. മാറ്റങ്ങളോടെ ഗോവയിൽ നടപ്പാക്കാനുള്ള ശ്രമമാണ്. കൂടാതെ ഗോവയിൽ ബാർ ലൈസൻസ് നല്കാനുള്ള അധികാരവും ഗ്രാമസഭയ്ക്കും വാർഡുസഭയ്ക്കും നൽകാനുള്ള മറ്റൊരു നിർദ്ദേശവുമുണ്ട്. പഞ്ചായത്തുകളുടെ തനതുവരുമാനം വർദ്ധിപ്പിക്കുന്നതിനുള്ള ഒട്ടനവധി പരിപാടികളും ആവിഷ്ക്കരിച്ചിട്ടുണ്ട്. അവ സ്വന്തമായി എത്ര നികുതി പിരിക്കുന്നുവോ അതിനനുസൃതമായി മാച്ചിങ്ങ് ഗ്രാന്റ് (Matching grant) സംസ്ഥാനഗവൺമെന്റ് പഞ്ചായത്തുകൾക്കു നല്കി വരുന്നു.

ഇന്ത്യയിലെ മിക്ക സംസ്ഥാനങ്ങളും അധികാരവികേന്ദ്രീകരണത്തിന്റെ ഭാഗമായി ത്രിതല പഞ്ചായത്തുകളുടെ പ്രവർത്തന കലണ്ടർ (Activity Mapping) തയ്യാറാക്കി നല്കിയിട്ടുണ്ടെങ്കിലും അതിനനുസൃതമായി അധികാരമോ പണമോ. ഉദ്യോഗസ്ഥരെയോ താഴെ തട്ടിലേയ്ക്ക് കൈമാറിയിട്ടില്ല. വികേന്ദ്രീകരണ രംഗം ഇന്നനുഭവിക്കുന്ന ഏറ്റവും വലിയ പ്രശ്നവും ഇതുതന്നെ. ഒരു ഭാഗത്ത് അധികാരം താഴെ തട്ടിലേയ്ക്ക് നല്കാനുള്ള വിമുഖത. മറ്റൊരുഭാഗത്ത് നല്കിയ അധികാരംതന്നെ തിരിച്ചെടുക്കാനുള്ള ശ്രമവും. ഇതിനിടയിൽ നഷ്ടമാകുന്നത് പ്രതീക്ഷയോടെ കാത്തിരിക്കുന്ന പ്രാദേശികസൽഭരണമാണ്. ഈ ഒരു ഘട്ടത്തിലാണ് അധികാരവികേന്ദ്രീകരണ രംഗത്ത് നിരവധി നല്ല മാതൃകകൾ സൃഷ്ടിച്ച കേരളംപോലുള്ള സംസ്ഥാനങ്ങൾ ഇതര സംസ്ഥാനങ്ങൾക്ക് മാതൃകയാകുന്നത്. ■

*ലേഖകൻ*
*ചണ്ഡീഗഢിലെ സെന്റർ ഫോർ റിസർച്ച് ഇൻ റൂറൽ ആന്റ് ഇൻഡസ്ട്രിയൽ ഡവലപ്മെന്റിന്റെ ഡയറക്ടറാണ്*

പഞ്ചായത്ത്‌രാജ് പഠന പരമ്പര

ഡോ. പി. ഷഹീന

# സംസ്ഥാന ധനകാര്യകമ്മിഷനും തദ്ദേശഭരണ സ്ഥാപനങ്ങളും

ഇന്ത്യൻ ഭരണഘടനയുടെ 280-ാം അനുഛേദത്തിൽ കേന്ദ്രധനകാര്യ കമ്മിഷനുകളുടെ രൂപീകരണം സംബന്ധിച്ച് വ്യവസ്ഥ ചെയ്തിട്ടുണ്ട്. കേന്ദ്ര സർക്കാരും സംസ്ഥാന സർക്കാരുകളും തമ്മിലുള്ള സാമ്പത്തിക ബന്ധങ്ങളും സംസ്ഥാനങ്ങളുടെ സാമ്പത്തിക സ്ഥിതിയും അവലോകനം നടത്തുകയും വരുമാനത്തിന്റെ നീതിപൂർവ്വവും യുക്തിസഹവുമായ വിതരണത്തെ സംബന്ധിച്ച് ഓരോ അഞ്ചുവർഷം കൂടുമ്പോഴും പഠനം നടത്തി റിപ്പോർട്ട് സമർപ്പിക്കുകയുമാണ് കേന്ദ്രധനകാര്യ കമ്മിഷന്റെ കർത്തവ്യം. ഇതിനകം 13 കേന്ദ്രധനകാര്യകമ്മിഷനുകൾ രൂപീകരിക്കുകയും അവ കേന്ദ്ര സർക്കാരിന് റിപ്പോർട്ടുകൾ സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്. 73, 74 ഭരണഘടനാ ഭേദഗതിയുടെ ഭാഗമായി ഓരോ സംസ്ഥാനവും അഞ്ചുവർഷം കൂടുമ്പോൾ സംസ്ഥാന ധനകാര്യ കമ്മിഷനുകൾ രൂപീകരിക്കേണ്ടതാണെന്ന് ഭരണഘടനയിൽ വ്യവസ്ഥ ചെയ്തു. (അനുഛേദം 243 ഐ,വൈ). ഈ കമ്മിഷനുകൾ അതത് സംസ്ഥാനങ്ങളിലെ പഞ്ചായത്തുകളുടേയും നഗരസഭകളുടേയും സാമ്പത്തിക സ്ഥിതി അവലോകനം ചെയ്യേണ്ടതും സർക്കാർ ചുമത്തുന്നതും ഭരണഘടനപ്രകാരം പഞ്ചായത്തുകളുമായി പങ്കിടാവുന്നതുമായ നികുതികളുടേയും ഡ്യൂട്ടികളുടേയും ചുങ്കങ്ങളുടേയും ഫീസിന്റേയും അറ്റ വരവുകൾ സർക്കാരും തദ്ദേശഭരണ സ്ഥാപനങ്ങളും തമ്മിൽ പങ്കുവയ്ക്കുകയും അങ്ങനെയുള്ള വരവുകളിൽ അവയുടെ പങ്കുകൾ എല്ലാത്തരം തദ്ദേശഭരണസ്ഥാപനങ്ങൾക്കിടയിൽ വീതിക്കുകയും, തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് നീക്കിവെയ്ക്കാവുന്നതും അവ വിനിയോഗിക്കാവുന്നതുമായ നികുതികളും ഡ്യൂട്ടികളും ചുങ്കങ്ങളും ഫീസും തിട്ടപ്പെടുത്തുകയും, സംസ്ഥാനത്തിന്റെ സഞ്ചിത നിധിയിൽനിന്നും പഞ്ചായത്തുകൾക്കുള്ള ധനസഹായങ്ങൾ എന്നിവയെ നിയന്ത്രിക്കുന്ന മാനദണ്ഡങ്ങളും അവയുടെ സാമ്പത്തിക സ്ഥിതി മെച്ചപ്പെടുത്തുന്നതിനാവശ്യമായ നടപടികളും, അവയുടെ സാമ്പത്തിക ഭദ്രതയുടെ താല്പര്യങ്ങൾ കണക്കിലെടുത്തുകൊണ്ട് കമ്മിഷന് വിടുന്ന മറ്റ് ഏത് കാര്യവും സംബന്ധിച്ച് സർക്കാരിന് ശുപാർശകൾ സമർപ്പിക്കേണ്ടതുമാണ്. തദ്ദേശഭരണ സ്ഥാപനങ്ങളുടെ പ്രവർത്തനം മികവുറ്റതാക്കുകയും സാമൂഹ്യനീതിയും സാമ്പത്തിക വികസനവും എന്ന അവയുടെ ലക്ഷ്യപ്രാപ്തിയിലേയ്ക്ക് ഉയരുന്നതിന് അനുയോജ്യമായ വിധത്തിൽ സ്വതന്ത്രഭരണ സ്ഥാപനങ്ങളായി ഉയർത്തുകയും ചെയ്യുക എന്ന ഉദാത്തമായ ലക്ഷ്യമാണ് ഈ ഭേദഗതികളുടെ അന്തസ്സത്ത.

**സംസ്ഥാന ധനകാര്യകമ്മിഷനുകൾ കേരളത്തിൽ**

കേരളത്തിൽ ഇതിനകം നാല് ധനകാര്യ കമ്മിഷനുകൾ രൂപീകരിച്ചിട്ടുണ്ട്. 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം നിലവിൽ വന്നതോടൊപ്പം രൂപീകരിച്ച ഒന്നാം ധനകാര്യകമ്മിഷൻ 1996 ൽ അതിന്റെ റിപ്പോർട്ട് സമർപ്പിച്ചു. ത്രിതല പഞ്ചായത്ത് സംവിധാനത്തിലുള്ള ആദ്യ ഭരണസമിതികൾ 1995 ഒക്ടോബർ 2 ന് ചുമതലയേററ് അധികം വൈകാതെ റിപ്പോർട്ട് സമർപ്പിക്കേണ്ടി വന്നതിനാൽ ആഴത്തിലുള്ള പഠനത്തിന്റെ അടിസ്ഥാനത്തിൽ ശുപാർശകൾ സമർപ്പിക്കുന്നതിന് ഒന്നാം കമ്മിഷന് കഴിഞ്ഞില്ല. എങ്കിലും പ്രധാനപ്പെട്ട പല നിർദ്ദേശങ്ങളും സമർപ്പിക്കുന്നതിന് ഒന്നാം കമ്മിഷന് സാധിച്ചിട്ടുണ്ട്.

> **കേരളത്തിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലേയ്ക്ക് തെരഞ്ഞെടുക്കപ്പെട്ട ജനപ്രതിനിധികൾക്ക് വേണ്ടി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പ്രവർത്തനങ്ങൾ, അനുബന്ധ സ്ഥാപനങ്ങൾ, നിയമങ്ങൾ, ചട്ടങ്ങൾ തുടങ്ങിയവ ഉൾക്കൊള്ളിച്ച് ഒരു പഠനപരമ്പര ഈ ലക്കം മുതൽ ആരംഭിക്കുന്നു.**

- വസ്തുനികുതി ചുമത്തുന്നത് കെട്ടിടത്തിന്റെ തറവിസ്തീർണ്ണത്തിന്റെ അടിസ്ഥാനത്തിൽ ആവണം.
- നികുതി കുടിശ്ശിക വരുത്തുന്നവർക്ക് 2% പിഴപ്പലിശ ചുമത്തണം.
- ഫീസുകളുടെ കാര്യത്തിൽ കുറഞ്ഞ നിരക്ക് സർക്കാർ നിശ്ചയിക്കുകയും അതിന് മുകളിൽ എത്രവരേയും നിശ്ചയിക്കാൻ തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് അധികാരം നല്കണം.
- ഭൂനികുതി ഇരട്ടിയായി വർദ്ധിപ്പിക്കണം.
- വികസനഫണ്ടിന്റെ വിതരണം നിശ്ചിതഫോർമുലയുടെ അടിസ്ഥാനത്തിൽ ആവണം.
- തദ്ദേശഭരണസ്ഥാപനങ്ങളുടെ കൈവശമുള്ള ആസ്തികൾ സംരക്ഷിക്കുന്നതിന് പ്രത്യേകം ധനസഹായം നല്കണം.
- സർക്കാരിൽനിന്നുള്ള എല്ലാ ഗ്രാന്റുകളും നിശ്ചിത ഫോർമുലയുടെ അടിസ്ഥാനത്തിൽ ആയിരിക്കണം തുടങ്ങിയവയായിരുന്നു പ്രധാന നിർദ്ദേശങ്ങൾ. ഈ ശുപാർശകൾ എല്ലാം തന്നെ സർക്കാർ അംഗീകരിക്കുകയും നടപ്പാക്കുന്നതിന് നടപടി സ്വീകരിക്കുകയും ചെയ്തിരുന്നു.

**രണ്ടാം ധനകാര്യ കമ്മിഷൻ**

ഡോ. പ്രഭാത് പട്നായ്ക് അദ്ധ്യക്ഷനായി രൂപീകരിച്ച രണ്ടാം ധനകാര്യകമ്മിഷൻ 2002ലാണ് അതിന്റെ റിപ്പോർട്ട് സമർപ്പിച്ചത്. അധികാരവികേന്ദ്രീകര

ണവും ജനകീയാസൂത്രണവും കേരളത്തിലെ തദ്ദേശഭരണ സ്ഥാപനങ്ങളുടെ പ്രവർത്തനത്തിൽ അഭൂതപൂർവ്വമായ പരിവർത്തനം വരുത്തിയ കാലഘട്ടത്തിന്റെ സവിശേഷതകളായിരുന്നു ഈ കമ്മിഷന്റെ പഠന പശ്ചാത്തലം. സംസ്ഥാന പദ്ധതിയുടെ മൂന്നിൽ ഒന്നിൽ കുറയാത്ത തുക തദ്ദേശഭരണ സ്ഥാപനങ്ങൾക്കുള്ള വിഹിതമായി നല്കുകയും അതിശക്തമായ വൈദഗ്ദ്ധ്യ വികസനത്തിലൂടെ ഗ്രാമസഭകളെ ശക്തിപ്പെടുത്തുകയും ചെയ്യുക വഴി വികേന്ദ്രീകൃത ആസൂത്രണത്തിനും പ്രത്യക്ഷജനാധിപത്യ പ്രക്രിയയ്ക്കും പുതിയ പാഠങ്ങൾ സമ്മാനിക്കാൻ കഴിഞ്ഞ ഒരു കാലഘട്ടത്തെ പഠനവിധേയമാക്കുക വഴി അതിപ്രധാനമായ പല നിർദ്ദേശങ്ങളും മുന്നോട്ടുവെയ്ക്കുന്നതിന് ഈ കമ്മിറ്റിക്ക് കഴിഞ്ഞു.

- സംസ്ഥാന പദ്ധതി അടങ്കലിന്റെ മൂന്നിൽ ഒന്നിൽ കുറയാത്ത തുക തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് കൈമാറണം.
- സംസ്ഥാനത്തിന്റെ നികുതി വരുമാനത്തിന്റെ അഞ്ചര ശതമാനം തുക ആസ്തി സംരക്ഷണത്തിനായും മൂന്നര ശതമാനം തുക പരമ്പരാഗത ചുമതലകളുടെ നിർവ്വഹണത്തിനുമായി നല്കണം.
- സർക്കാർ കൈമാറുന്ന തുകകൾ മാസഗഡുക്കളായി ഓരോ മാസവും വിതരണം ചെയ്യണം.
- എല്ലാ തദ്ദേശഭരണസ്ഥാപനങ്ങളും വാർഷിക മെയിന്റനൻസ് പ്ലാൻ തയ്യാറാക്കണം.
- തദ്ദേശഭരണ സ്ഥാപനങ്ങളിൽ ബിൽ സമ്പ്രദായം നടപ്പാക്കണം.
- തദ്ദേശഭരണ സ്ഥാപനങ്ങളുടെ സാമ്പത്തിക സ്ഥിതി മോണിട്ടർ ചെയ്യുന്നതിന് ധനകാര്യവകുപ്പിന്റേയും തദ്ദേശസ്വയംഭരണ വകുപ്പിന്റേയും പൊതുവായ നിയന്ത്രണത്തിൽ ഒരു സെൽ രൂപീകരിക്കണം തുടങ്ങിയ നിർദ്ദേശങ്ങളാണ് രണ്ടാം കമ്മിഷൻ സമർപ്പിച്ചത്. അതിനുപുറമേ ഒന്നാം ധനകാര്യകമ്മിഷന്റെ ശുപാർശകളിൽ നടപ്പാക്കാൻ ശേഷിക്കുന്നവയിൽ അടിയന്തര നടപടി സ്വീകരിക്കണമെന്നും നിർദ്ദേശിച്ചു.

**മൂന്നാം ധനകാര്യ കമ്മിഷൻ**

2006ൽ റിപ്പോർട്ട് സമർപ്പിച്ച മൂന്നാം ധനകാര്യകമ്മിഷൻ പ്രധാനമായും ശ്രദ്ധിച്ചത് അതുവരെ നടപ്പാക്കിയ അധികാരവികേന്ദ്രീകരണ പ്രക്രിയയെ സ്ഥാപനവത്ക്കരിക്കുകയും നിയമാനുസൃതവും നിശ്ചിതവുമാക്കുകയും ചെയ്യുന്നതിലായിരുന്നു. ഓരോ വർഷവും ഓരോ തദ്ദേശഭരണ സ്ഥാപനത്തിനും ലഭിക്കാവുന്ന തുക എത്രയാണെന്ന് മുൻകൂട്ടി അറിയാതെ അവയുടെ ബജറ്റ് തയ്യാറാക്കേണ്ടിവരുന്നതുമൂലം ആസൂത്രണ പ്രക്രിയ വൈകുന്നുവെന്നും അതുമൂലം നിർവ്വഹണത്തിന് വേണ്ടത്ര സമയം ലഭിക്കുന്നില്ലെന്നുമുള്ള വ്യാപകമായ പരാതി നിലനിന്ന സാഹചര്യത്തിലാണ് ഇത്തരമൊരു നിർദ്ദേശത്തിൽ മൂന്നാം കമ്മിഷൻ എത്തിച്ചേർന്നത്. അതിൻപ്രകാരം 2006-07 മുതൽ 2010-11 വരെയുള്ള അഞ്ചുവർഷക്കാലം ഓരോ തദ്ദേശഭരണസ്ഥാപനത്തിനും ഓരോ കൊല്ലവും എത്ര തുക സർക്കാരിൽനിന്നും നല്കണമെന്ന കാര്യത്തിൽ വ്യക്തവും കൃത്യവുമായ നിർദ്ദേശം നല്കുന്നതിന് കമ്മിഷന് സാധിച്ചു. 2006-07 വർഷത്തിൽ 300 കോടി രൂപ ജനറൽ പർപ്പസ് ഫണ്ട് ഇനത്തിലും 350 കോടി രൂപ മെയിന്റനൻസ് ഫണ്ട് ഇനത്തിലും 1400 കോടി രൂപാ വികസനത്തിന്റെ ഇനത്തിലും മാറ്റിവെയ്ക്കണമെന്നും തുടർന്നുള്ള ഓരോ വർഷവും 10 ശതമാനം വീതം വർദ്ധന വരുത്തണമെന്നുമായിരുന്നു പ്രധാന നിർദ്ദേശം. ഇതിൽ ജനറൽ പർപ്പസ് ഫണ്ട് 12 തുല്യ ഗഡുക്കളായും മറ്റുള്ളവ 10 തുല്യ ഗഡുക്കളായും ഏപ്രിൽ മാസം മുതൽ ഓരോ മാസവും വിതരണം ചെയ്യണമെന്നതും മൂന്നാം ധനകാര്യകമ്മിഷന്റെ നിർദ്ദേശമായിരുന്നു. ഇതിനുപുറമേ എല്ലാ ഗ്രാമപഞ്ചായത്തുകളിലും ഒരു ഫിനാൻസ് ആന്റ് അക്കൗണ്ട് വിഭാഗം രൂപീകരിക്കണമെന്നും കമ്മിഷൻ നിർദ്ദേശിച്ചു. ഓരോ വർഷവും കൃത്യമായ തുക നല്കണമെന്ന് മുൻകൂട്ടി നിശ്ചയിക്കണമെന്ന നിർദ്ദേശം നടപ്പാക്കിയതിലൂടെ തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് ലഭിക്കാവുന്ന തുക സംബന്ധിച്ച് മുൻകൂർ ധാരണയുണ്ടായി എന്നത് നേട്ടമാണെങ്കിലും സംസ്ഥാന പദ്ധതിയുടെ മൂന്നിലൊന്ന് തുക നല്കണമെന്ന രണ്ടാം കമ്മിഷന്റെ ശുപാർശ തുടർന്നിരുന്നുവെങ്കിൽ കിട്ടുമായിരുന്നതിനേക്കാൾ വലിയ കുറവ് സംഭവിച്ചു എന്നത് ഒരു ദോഷമായും കാണേണ്ടതുണ്ട്. സംസ്ഥാന പദ്ധതിയുടെ വലുപ്പം പ്രതീക്ഷിച്ചതിനേക്കാൾ വർദ്ധിച്ചതാണ് ഇപ്രകാരം സംഭവിക്കാൻ കാരണമായത്. ഈ പോരായ്മ പരിഹരിക്കേണ്ടതുമാണ്. മേൽവിവരിച്ചതായ മൂന്ന് കമ്മിഷനുകളുടെ നിർദ്ദേശങ്ങളുടെ അടിസ്ഥാനത്തിൽ ഇന്ത്യയിലെ ഇതര സംസ്ഥാനങ്ങളെ അപേക്ഷിച്ച് കൂടുതൽ കാര്യക്ഷമതയോടെയും മാതൃകാപരമായും അധികാരവികേന്ദ്രീകരണ പ്രക്രിയ മുന്നോട്ടുകൊണ്ടു പോകുന്നതിന് കേരളത്തിൽ സാധിച്ചിട്ടുണ്ട്. സർക്കാരിൽനിന്നും തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് അർത്ഥവും അധികാരവും ആളും (Funds, functions and functionaries) കൈമാറുന്നതിൽ ഇന്ത്യയിൽ ഒന്നാമതാണ് കേരളത്തിന്റെ സ്ഥാനം. രണ്ടാം സ്ഥാനത്ത് കർണ്ണാടകവും മൂന്നാം സ്ഥാനത്ത് തമിഴ്നാടും നാലാം സ്ഥാനത്ത് പശ്ചിമബംഗാളും അഞ്ചാം സ്ഥാനത്ത് മഹാരാഷ്ട്രയുമാണ്. സർക്കാരിൽ നിന്നും കൈമാറുന്ന ഓരോ രൂപയും വസ്തുനിഷ്ഠമായ മാനദണ്ഡങ്ങൾ പ്രകാരം മാത്രം നല്കുന്നു എന്നതും കേരളത്തിന്റെ പ്രത്യേകതയാണ്. നിലവിൽ വികസനഫണ്ടും മെയിന്റനൻസ് ഫണ്ടും വിതരണം

**പട്ടിക-1**

| ക്രമ നമ്പർ | മാനദണ്ഡം | വെയിറ്റേജ് ശതമാനം | | |
|---|---|---|---|---|
| | | ഗ്രാമ പഞ്ചായത്ത് | ബ്ലോക്ക് പഞ്ചായത്ത് | ജില്ലാ പഞ്ചായത്ത് |
| 1. | ജനസംഖ്യ (പട്ടികജാതി പട്ടികവർഗ്ഗം ഒഴികെ) | 60 | 60 | 50 |
| 2. | പട്ടികവർഗ്ഗ ജനസംഖ്യ | 5 | 5 | 5 |
| 3. | ഭൂവിസ്തൃതി (വനഭൂമി ഒഴികെ) | 5 | 10 | 15 |
| 4 | നെൽവയൽ വിസ്തീർണ്ണം | 5 | - | - |
| 5 | തനത് വരുമാനം | 10 | - | - |
| 6. | കർഷക തൊഴിലാളികൾ മത്സ്യബന്ധനം- കന്നുകാലി വളർത്തൽ എന്നിവമൂലം ഉപജീവനം നടത്തുന്നവർ, ചെറുകിട തൊഴിലാളികൾ എന്നിവരുടെ composite index | 15 | 25 | 20 |
| 7 | വൈദ്യുതീകരിക്കാത്ത വീടുകൾ, കക്കൂസ് ഇല്ലാത്ത വീടുകൾ മുതലായവയുടെ കമ്പോസിറ്റ് ഇൻഡക്സ് | - | - | 10 |
| | **ആകെ** | **100** | **100** | **100** |

ചെയ്യുന്നതിന്റെ മാനദണ്ഡം പരിശോധിക്കുന്നതിലൂടെ ഇത് വ്യക്തമാകുന്നതാണ് (പട്ടിക-1).

മെയിന്റനൻസ് ഫണ്ടു വിതരണത്തിനും ഇതേ മാതൃക തന്നെയാണ് ഇപ്പോൾ തുടർന്നു വരുന്നത്. തദ്ദേശഭരണ സ്ഥാപനങ്ങളുടെ കൈവശമുള്ള ആസ്തികൾ സംബന്ധിച്ച വിശദവിവരങ്ങൾ ലഭ്യമാകുന്ന മുറയ്ക്ക് അവയുടെ സംരക്ഷണച്ചെലവിന് ആനുപാതികമായ തുക മെയിന്റനൻസ് ഫണ്ടായി അനുവദിക്കുന്ന കാര്യം സർക്കാരിന്റെ പരിഗണനയിലുണ്ട്. ഒന്നാം ധനകാര്യ കമ്മിഷന്റെ റിപ്പോർട്ടിനുശേഷം കേരളത്തിലെ തദ്ദേശഭരണസ്ഥാപനങ്ങൾക്ക് സർക്കാർ കൈമാറിയ പദ്ധതി-പദ്ധതിയേതര ഫണ്ടിന്റെ വർദ്ധന പരിശോധിച്ചാൽ ക്രമാനുബദ്ധമായ വളർച്ചാനിരക്ക് കൈവരിച്ചു എന്ന് വ്യക്തമാവും (പട്ടിക-2).

2010-11 വർഷത്തിൽ വികസനഫണ്ട്, മെയിന്റനൻസ് ഫണ്ട്, ജനറൽ പർപസ് ഫണ്ട് എന്നീ ഇനങ്ങളിലായി 1893.41 കോടിരൂപയാണ് തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് ലഭ്യമാവുക. അതായത് 2009-10 വർഷത്തിൽ ലഭിച്ചതിന്റെ 10 ശതമാനം കൂടുതൽ. വികസനഫണ്ടായി നല്കുന്ന തുകയിൽ 4 ശതമാനം പട്ടികവർഗ്ഗ ഉപപദ്ധതിക്കായും 21 ശതമാനം തുക പട്ടികജാതിവിഭാഗങ്ങളുടെ ക്ഷേമ-വികസന പ്രവർത്തനങ്ങൾക്കായും മാറ്റിവെയ്ക്കുന്നുണ്ട്. ശേഷിക്കുന്ന 75 ശതമാനം തുക പൊതുവായ കാര്യങ്ങൾക്ക് ചെലവഴിക്കാം. ഇപ്രകാരം ജനറൽ സെക്ടറിലേയ്ക്ക് മാറ്റിവെയ്ക്കുന്ന തുകയിൽ 85 ശതമാനം തുക ത്രിതല പഞ്ചായത്തുകൾക്കും 15 ശതമാനം തുക നഗരസഭകൾക്കുമായി പങ്കുവെയ്ക്കുന്നു. ത്രിതല പഞ്ചായത്തുകൾക്കുള്ള ജനറൽ ഫണ്ടിൽ 70 ശതമാനം തുക ഗ്രാമപഞ്ചായത്തുകൾക്കും 15 ശതമാനം വീതം ബ്ലോക്ക്, ജില്ലാ പഞ്ചായത്തുകൾക്കുമാണ് നല്കുക. എന്നാൽ പട്ടികജാതി വിഭാഗങ്ങൾക്കു വേണ്ടിയുള്ള തുകയും പട്ടികവർഗ്ഗ ഉപപദ്ധതിത്തുകയും പ്രസ്തുത വിഭാഗങ്ങളുടെ ജനസംഖ്യയ്ക്ക് ആനുപാതികമായാണ് ത്രിതല പഞ്ചായത്തുകൾക്കും നഗരസഭകൾക്കും വിഭജിച്ചു നല്കുക. ഇപ്രകാരം ശാസ്ത്രീയവും വസ്തുനിഷ്ഠവുമായ മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിലും സുതാര്യതയോടെയും ഫണ്ടു വകയിരുത്തുകയും കൈമാറുകയും ചെയ്യുന്നതിലൂടെ കേരളം മറ്റ് സംസ്ഥാനങ്ങൾക്ക് മാതൃകയായി മാറിയിട്ടുണ്ട്. ബജറ്റിൽ വകയിരുത്തുന്ന തുകയിൽ യാതൊരു കുറവും വരുത്താതെ ലഭ്യമാക്കുന്നു എന്നതും തുല്യമായ പ്രതിമാസ ഗഡുക്കളായി ഓരോ മാസവും തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് കൈമാറുന്നു എന്നതും തദ്ദേശഭരണ സ്ഥാപനങ്ങളുടെ ആത്മവിശ്വാസം വർദ്ധിപ്പിക്കുവാനും സാമ്പത്തിക അച്ചടക്കത്തോടെ പ്രവർത്തിക്കുവാനും ഏറെ സഹായിച്ചിട്ടുണ്ട്.

**പട്ടിക-2** *(തുക കോടിയിൽ)*

| വർഷം | പദ്ധതി യേതരം | പദ്ധതി | ആകെ |
|---|---|---|---|
| 1997-98 | 297.22 | 741.86 | 1039.08 |
| 1998-99 | 384.32 | 938.87 | 1323.19 |
| 1999-00 | 405.38 | 848.31 | 1253.69 |
| 2000-01 | 419.87 | 759.48 | 1179.35 |
| 2001-02 | 440.88 | 620.14 | 1061.02 |
| 2002-03 | 472.19 | 1004.60 | 1476.79 |
| 2003-04 | 505.55 | 1284.22 | 1789.77 |
| 2004-05 | 661.22 | 991.00 | 1652.22 |
| 2005-06 | 914.57 | 1008.15 | 1922.72 |
| 2006-07 | 1089.68 | 1233.80 | 2323.48 |
| 2007-08 | 1250.00 | 1377.49 | 2627.49 |
| 2008-09 | 1237.33 | 1441.43 | 2678.76 |
| 2009-10 | 1362.73 | 1670.24 | 3032.97 |

### നാലാം സംസ്ഥാന ധനകാര്യ കമ്മിഷൻ

പ്രൊഫ.എം.എ.ഉമ്മൻ അദ്ധ്യക്ഷനായ നാലാം സംസ്ഥാന ധനകാര്യ കമ്മിഷൻ 2009 സെപ്തംബർ മാസത്തിലാണ് രൂപീകൃതമായത്. 2010 ഡിസംബർ 31 വരെയാണ് കമ്മിഷന്റെ കാലാവധി. സംസ്ഥാന ധനകാര്യ കമ്മിഷനുകളുടെ നാലാം തലമുറ എന്ന് വിശേഷിപ്പിക്കാവുന്ന ഈ കമ്മിഷന്റെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലാവും 2011-12 മുതൽ അഞ്ചുവർഷക്കാലത്തേയ്ക്ക് തദ്ദേശഭരണ സ്ഥാപനങ്ങൾക്കുള്ള ധനകൈമാറ്റങ്ങളും മറ്റ് പരിഷ്ക്കരണങ്ങളും ദിശാബോധം കൈവരിക്കുക. 2010 നവംബർ 1 ന് അധികാരമേല്ക്കുന്ന തദ്ദേശഭരണ സ്ഥാപനങ്ങളുടെ സാരഥികൾക്ക് ഈ കമ്മിഷന്റെ റിപ്പോർട്ട് ഇക്കാരണത്താൽ നിർണ്ണായകമാണ്. 73,74 ഭരണഘടനാ ഭേദഗതികളെത്തുടർന്ന് അധികാരവികേന്ദ്രീകരണവും വികേന്ദ്രീകൃതാസൂത്രണവും ശക്തിപ്പെട്ടശേഷം അധികാരത്തിൽ വരുന്ന നാലാം തലമുറയിലെ ഭരണാധികാരികളിൽ നിന്നും ഉന്നതവും ഉദാത്തവുമായ പ്രവർത്തനങ്ങളാണ് പ്രതീക്ഷിക്കുന്നത്. ഈ പ്രതീക്ഷയ്ക്കൊത്ത് ഉയരുവാനുള്ള സാമ്പത്തിക സ്വാതന്ത്ര്യം ലഭ്യമാക്കുന്നതിന് അനുസരണമായ നിർദ്ദേശങ്ങളാണ് നാലാം സംസ്ഥാന ധനകാര്യ കമ്മിഷനിൽ നിന്നും ഗവൺമെന്റും ജനങ്ങളും പ്രതീക്ഷിക്കുന്നത്. അതുകൊണ്ടുതന്നെ യാവണം പതിവിൽ കവിഞ്ഞ ചുമതലകളും ഉത്തരവാദിത്വങ്ങളും നാലാം ധനകാര്യക്കമ്മിഷന് സർക്കാർ നല്കിയിട്ടുണ്ട്. കമ്മിഷന്റെ ടേംസ് ഓഫ് റഫറൻസ് (Terms of Reference - ToR) പരിശോധിച്ചാൽ ഇക്കാര്യം വ്യക്തമാകുന്നതുമാണ്. നാലാം കമ്മിഷന്റെ ToR ഇങ്ങനെ സംക്ഷേപിക്കാവുന്നതാണ്.

1. സാമ്പത്തിക സ്ഥാപനങ്ങളിൽ നിന്നും മറ്റും ധനം സ്വരൂപിക്കാനുള്ള തദ്ദേശഭരണ സ്ഥാപനങ്ങളുടെ ശേഷി വിലയിരുത്തുകയും അതിനു അനുയോജ്യമായ ചട്ടക്കൂടിന് രൂപം നല്കുകയും ചെയ്യുക.
2. സ്വന്തവും കൈമാറിക്കിട്ടിയതുമായ ആസ്തികളുടെ സംരക്ഷണത്തിന്റെ ഗുണനിലവാരം വർദ്ധിപ്പിക്കുവാനുള്ള വഴികൾ.
3. തദ്ദേശഭരണ സ്ഥാപനങ്ങൾ ചുമത്തുന്ന നികുതികളും ഫീസുകളും കൂടുതൽ യുക്തിസഹവും കാര്യക്ഷമവുമാക്കുന്നതിനുള്ള നിർദ്ദേശങ്ങൾ.
4. ചെലവുകൾ കൂടുതൽ കാര്യക്ഷമവും ഫലപ്രദമാക്കുക.
5. തനത് വരുമാനം വർദ്ധിപ്പിക്കുന്ന സ്ഥാപനങ്ങൾക്ക് പ്രോത്സാഹനം നല്കുക.
6. തദ്ദേശസ്ഥാപനങ്ങളുടെ സാമ്പത്തികസ്ഥിതി സംബന്ധിച്ച വ്യക്തവും കൃത്യവുമായ കണക്കുകൾ സൃഷ്ടിക്കുന്നതിനുള്ള നിർദ്ദേശങ്ങൾ.
7. സാമ്പത്തിക മാനേജ്മെന്റ് കാര്യക്ഷമമാക്കുന്നതിന് ആവശ്യമായ നിർദ്ദേശങ്ങൾ.
8. അധികാരവികേന്ദ്രീകരണം സ്ഥാപനവത്ക്കരിക്കുന്നതിനാവശ്യമായ നടപടികൾ.
9. ആദ്യത്തെ മൂന്ന് ധനകാര്യകമ്മിഷനുകളുടേയും നിർദ്ദേശങ്ങൾ പുനപ്പരിശോധിക്കുകയും അവയിൽ നടപ്പാക്കാതെ ശേഷിക്കുന്നതും സർക്കാർ അംഗീകരിച്ചതുമായ നിർദ്ദേശങ്ങൾ നടപ്പാക്കുക തുടങ്ങിയ കാര്യങ്ങൾ പരിശോധിച്ച് ആവശ്യമായ നിർദ്ദേശങ്ങൾ സമർപ്പിക്കുക എന്നതാണ് നാലാം ധനകാര്യകമ്മിഷനിൽ നിക്ഷിപ്തമായിരിക്കുന്ന ധർമ്മം.

ഇവയുടെ അടിസ്ഥാനത്തിൽ തയ്യാറാക്കി സമർപ്പിക്കുന്ന റിപ്പോർട്ട് നാലാം തലമുറ പഞ്ചായത്തുകൾക്കും നഗരസഭകൾക്കും കൂടുതൽ സാമ്പത്തിക സ്വാതന്ത്ര്യത്തോടെ പ്രവർത്തിക്കുവാനും സാമൂഹ്യ നീതിയിൽ അധിഷ്ഠിതമായ സാമ്പത്തിക വികസനം സാധ്യമാക്കുവാനും അനുയോജ്യമായ സാഹചര്യം സംജാതമാക്കും എന്ന് പ്രത്യാശിക്കാം. ■

*ലേഖിക*
*നാലാം സംസ്ഥാന ധനകാര്യ കമ്മിഷനിൽ റിസർച്ച് ഓഫീസറാണ്.*

പഞ്ചായത്ത്‌രാജ് പഠന പരമ്പര

# പഞ്ചായത്ത് യോഗ നടപടികൾ

## നിരന്തരം ഉന്നയിക്കുന്ന ചോദ്യങ്ങൾ

ശരിയായ തീരുമാനങ്ങൾ ശരിയായ സമയത്ത് കൈക്കൊണ്ടാൽ മാത്രമേ, ശരിയായ കാര്യങ്ങൾ ശരിയായി ചെയ്യുന്നതിന് സാധിക്കുകയുള്ളൂ. പഞ്ചായത്ത് ഭരണ നിർവ്വഹണത്തിന്റെയും അടിസ്ഥാന തത്വം ഇതുതന്നെയാണ്. തീരുമാനങ്ങൾ എടുക്കുന്ന വേദി പഞ്ചായത്തിന്റെ യോഗങ്ങളാണ്. പഞ്ചായത്ത് യോഗങ്ങൾ കാര്യക്ഷമതയോടെ നടത്തുക എന്നതും അതിനെ ഭരണ നിർവ്വഹണത്തിനുള്ള ഫലപ്രദമായ സാമഗ്രിയായി ഉപയോഗപ്പെടുത്തുക എന്നതും വളരെ പ്രധാനമാണ്. വ്യക്തവും വിശദവുമായ നിയമവും ചട്ടങ്ങളും ഇക്കാര്യത്തിൽ നിലവിലുണ്ട്. ഇവയുടെ അടിസ്ഥാനത്തിൽ യോഗനടപടികൾ സംബന്ധിച്ച് നിരന്തരം ഉന്നയിക്കുന്ന ചോദ്യങ്ങളാണ് പരിശോധിക്കുന്നത്.

**പഞ്ചായത്തിന്റെ യോഗം ചേരുന്നത് സംബന്ധിച്ച നിയമങ്ങൾ ഏതാണ്?**

കേരള പഞ്ചായത്ത് രാജ് നിയമത്തിലെ 161-ാം വകുപ്പിലാണ് പഞ്ചായത്ത് യോഗങ്ങൾ സംബന്ധിച്ച വ്യവസ്ഥകൾ ഉള്ളത്. 157, 158 എന്നീ വകുപ്പുകളിലും ഇതു സംബന്ധിച്ച ചില വ്യവസ്ഥകൾ ഉൾക്കൊള്ളുന്നുണ്ട്. നിയമത്തിലെ വ്യവസ്ഥകൾ നടപ്പാക്കുന്നതിന് വേണ്ടി 1995 ലെ കേരള പഞ്ചായത്ത് രാജ് (പഞ്ചായത്തിന്റെ യോഗനടപടിക്രമം) ചട്ടങ്ങൾ എന്ന പേരിൽ വിശദമായ ചട്ടങ്ങളും സർക്കാർ പുറപ്പെടുവിച്ചിട്ടുണ്ട്.

**ആരാണ് പഞ്ചായത്തിന്റെ യോഗം വിളിക്കേണ്ടത്? അപ്രകാരം വിളിച്ചില്ലെങ്കിൽ എന്ത് ചെയ്യും?**

പഞ്ചായത്ത് പ്രസിഡന്റാണ് യോഗം വിളിക്കേണ്ടത്. രണ്ട് യോഗങ്ങൾ തമ്മിലുള്ള ഇടവേള ഒരു മാസത്തിൽ കൂടുതൽ ആകാൻ പാടില്ല. അതായത് ഏറ്റവും ചുരുങ്ങിയത് 30 ദിവസത്തിൽ ഒരു യോഗമെങ്കിലും വിളിച്ചിരിക്കണം.

എന്നാൽ പഞ്ചായത്തിന്റെ അംഗസംഖ്യയുടെ മുന്നിൽ ഒന്നിൽ കുറയാത്ത എണ്ണം വരുന്ന അംഗങ്ങൾ ഏതെങ്കിലും പ്രത്യേക ആവശ്യത്തിന് യോഗം കൂടണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് രേഖാമൂലം ഒരു നോട്ടീസ് പ്രസിഡന്റിന് നല്കുകയാണെങ്കിൽ അക്കാര്യം പരിഗണിക്കുന്നതിനായി പഞ്ചായത്തിന്റെ ഒരു പ്രത്യേകയോഗം നോട്ടീസ് കിട്ടി പത്ത് ദിവസത്തിനുള്ളിൽ പ്രസിഡന്റ് വിളിച്ചു കൂട്ടേണ്ടതാണ്. പ്രസിഡന്റിന് നൽകുന്ന നോട്ടീസിന്റെ പകർപ്പ് സെക്രട്ടറിക്കും നൽകണം.

ഇപ്രകാരം പത്ത് ദിവസത്തിനുള്ളിൽ പ്രസിഡന്റ് യോഗം വിളിച്ചു കൂട്ടാത്ത പക്ഷം നോട്ടീസ് നല്കിയ അംഗങ്ങൾ തന്നെ മറ്റ് അംഗങ്ങൾക്ക് നോട്ടീസ് നൽകിക്കൊണ്ടും സെക്രട്ടറിയെ അറിയിച്ചുകൊണ്ടും പഞ്ചായത്തിന്റെ പ്രത്യേക യോഗം വിളിച്ചുകൂട്ടാവുന്നതാണ്. അപ്രകാരം ചേരുന്ന യോഗത്തിൽ നോട്ടീസിൽ പറഞ്ഞിരുന്ന വിഷയമൊഴികെ മറ്റൊരു വിഷയവും ചർച്ച ചെയ്യാൻ പാടില്ല. യോഗം പഞ്ചായത്ത് ഓഫീസ് സ്ഥിതി ചെയ്യുന്ന സ്ഥലത്തല്ലാതെ മറ്റൊരിടത്തും വിളിച്ചുകൂട്ടുവാനും പാടില്ല.

**യോഗത്തിന്റെ കോറം എത്രയാണ്? ഞായറാഴ്ച യോഗം ചേരാമോ?**

ഒരു യോഗം നിയമസാധുതയോടെ നടത്തുന്നതിന് ഉണ്ടായിരിക്കേണ്ട ഏറ്റവും കുറഞ്ഞ അംഗസംഖ്യയെ ആണ് കോറം എന്ന് പറയുന്നത്. പഞ്ചായത്തിന്റെ കാര്യത്തിൽ അതിന് അനുവദിക്കപ്പെട്ട അംഗസംഖ്യയുടെ മൂന്നിൽ ഒരു ഭാഗമാണ് കോറം. അത്രയും അംഗങ്ങൾ യോഗത്തിന് ഹാജരില്ലാത്തപക്ഷം യോഗം കൂടുന്നത് നിയമവിധേയമല്ല. എന്നുമാത്രമല്ല, യോഗം നടന്നുകൊണ്ടിരിക്കുമ്പോൾ എപ്പോഴെങ്കിലും നിശ്ചിത കോറം ഇല്ലാതെ വന്നാൽ ഉടൻതന്നെ യോഗനടപടികൾ നിർത്തിവെയ്ക്കണം. യോഗത്തിന് ഹാജരാകുന്ന അംഗങ്ങൾ ഹാജർ രജിസ്റ്ററിൽ തീയതി, സമയം എന്നിവ കാണിച്ച് ഒപ്പ് വെയ്ക്കണം. യോഗം ആരംഭിക്കാൻ നിശ്ചയിച്ചിട്ടുള്ള സമയം മുതൽ അരമണിക്കൂറിന് ശേഷവും കോറം തികയാതിരിക്കുകയും ഹാജരായ അംഗങ്ങൾ കൂടുതൽ സമയം കാത്തിരിക്കുവാൻ വിസമ്മതിക്കുകയും ചെയ്താൽ യോഗം മാറ്റിവെയ്ക്കപ്പെട്ടതായി കരുതുന്നതാണ്.

സർക്കാർ വിജ്ഞാപനം പ്രകാരം പൊതു ഒഴിവുദിനമായി പ്രഖ്യാപിച്ചിട്ടുള്ള ദിവസങ്ങളിൽ യോഗം കൂടുവാൻ പാടില്ല. അടിയന്തര ഘട്ടങ്ങളിൽ ഒഴികെ, രാവിലെ 9 മണിക്ക് മുമ്പും വൈകുന്നേരം 6 മണിക്ക് ശേഷവും യോഗം കൂടുവാൻ പാടില്ല.

**യോഗത്തിൽ എന്തൊക്കെയാണ് ചർച്ച ചെയ്യുന്നതെന്ന് അംഗങ്ങൾക്ക് മുൻകൂട്ടി അറിയാൻ കഴിയുമോ?**

കഴിയും; കഴിയണം. യോഗം സംബന്ധിച്ച നോട്ടീസ് യോഗം തുടങ്ങുന്നതിന് നിശ്ചയിച്ചിട്ടുള്ള തീയതിക്ക് മൂന്ന് പൂർണ്ണ ദിവസങ്ങൾക്ക് മുമ്പ് എങ്കിലും എല്ലാ അംഗങ്ങൾക്കും നൽകിയിരിക്കണം. പൂർണ്ണ ദിവസങ്ങൾ എന്നതിൽ പ്രഖ്യാപിത അവധിദിവസങ്ങൾ ഉൾപ്പെടുന്നതും എന്നാൽ നോട്ടീസ് കൈപ്പറ്റിയ തീയതിയും യോഗം കൂടുന്ന തീയതിയും ഉൾപ്പെടാത്തതുമാണ്. യോഗം സംബന്ധിച്ച നോട്ടീസിൽ യോഗസ്ഥലവും തീയതിയും സമയവും യോഗത്തിൽ ചർച്ച ചെയ്യേണ്ട വിഷയങ്ങളും ഉണ്ടായിരിക്കണം. നിശ്ചിത യോഗത്തിന് ചർച്ചചെയ്യേണ്ടതായി നോട്ടീസിൽ ഉൾപ്പെടുത്തിയിട്ടില്ലാത്ത യാതൊരുവിഷയവും ആ യോഗത്തിൽ പരിഗണിക്കുവാൻ പാടില്ല. എന്നാൽ സർക്കാരിൽനിന്നും പഞ്ചായത്തിന്റെ പരിഗണനയ്ക്കായി അയച്ചുകിട്ടുന്ന അടിയന്തര പ്രാധാന്യമുള്ള ഉത്തരവുകളും നിർദ്ദേശങ്ങളും അജണ്ടയിൽ ഉൾപ്പെടുത്തിയിട്ടില്ലെങ്കിലും യോഗത്തിൽ പരിഗണിക്കേണ്ടതാണ്.

യോഗനോട്ടീസിന്റേയും അജണ്ടയുടേയും പകർപ്പുകൾ നോട്ടീസ് തീയതിയിൽ തന്നെ പഞ്ചായത്ത് നോട്ടീസ് ബോർഡിലും പ്രസിദ്ധീകരിക്കണം. എന്നാൽ ഏതെങ്കിലും കാര്യത്തിൽ പഞ്ചായത്തിന്റെ തീരുമാനം അടിയന്തരമായി ആവശ്യമാകുന്ന ഘട്ടങ്ങളിൽ ഇരുപത്തിനാല് മണിക്കൂറിൽ കുറയാത്ത സമയത്തെ നോട്ടീസ് നൽകി പ്രസിഡന്റിന് പ്രത്യേകയോഗം വിളിച്ചു കൂട്ടാവുന്നതാണ്.

**പഞ്ചായത്ത് യോഗത്തിലേയ്ക്ക് പത്ര ലേഖകരെ ക്ഷണിക്കാമോ?**

പഞ്ചായത്തുകളുടെ യോഗങ്ങൾ പരസ്യമായിരിക്കണം. സുതാര്യതയാണ് സത്ഭരണത്തിന്റെ പ്രവേശനബിന്ദു. പൊതുജനങ്ങൾക്കും പത്രപ്രവർത്തകർക്കും യോഗത്തിൽ പ്രവേശനം നൽകുന്നത് സുതാര്യത വർദ്ധിപ്പിക്കും. അവർക്ക് പ്രവേശനം നല്കണം. അവർക്ക് സന്ദർശക ഗാലറിയും ഒരുക്കാവുന്നതാണ്. എന്നാൽ ഇത്തരം പ്രവേശനം നിയന്ത്രിക്കുന്നതിന് അദ്ധ്യക്ഷന് അധികാരമുണ്ട്. മാത്രമല്ല, മിനിട്സിൽ കാരണം രേഖപ്പെടുത്തിക്കൊണ്ട് പൊതുജനത്തെ മുഴുവനായോ ഏതെങ്കിലും വ്യക്തിയേയോ, വ്യക്തികളേയോ പ്രത്യേകമായോ യോഗത്തിൽ നിന്ന് മാറ്റിനിർത്താനും അദ്ധ്യക്ഷന് അധികാരമുണ്ട്.

പക്ഷേ, അവിശ്വാസപ്രമേയം ചർച്ചയ്ക്കെടുക്കുന്ന യോഗത്തിൽ സന്ദർശകരെ പ്രവേശിപ്പിക്കേണ്ടതില്ല എന്ന് സംസ്ഥാന തെരഞ്ഞെടുപ്പ് കമ്മിഷൻ നിർദ്ദേശിച്ചിട്ടുണ്ട്.

**ക്രമപ്രശ്നം എന്നാൽ എന്താണ്?**

കേരള പഞ്ചായത്ത് രാജ് (പഞ്ചായത്തിന്റെ യോഗ നടപടിക്രമം) ചട്ടങ്ങൾ പ്രകാരമാണ് പഞ്ചായത്തിന്റെ യോഗങ്ങൾ നടത്തേണ്ടത്. യോഗം നടത്തുന്നതിൽ ഈ ചട്ടങ്ങളോ, അവയിലെ നിബന്ധനകളോ വ്യവസ്ഥകളോ പാലിക്കപ്പെടുന്നില്ല എന്നോ അതുമായി ബന്ധപ്പെട്ട അദ്ധ്യക്ഷന്റെ അധികാരപരിധി ലംഘിക്കുന്നു എന്നോ ഒരു അംഗത്തിന് അഭിപ്രായമുള്ള പക്ഷം അക്കാര്യം ഒരു ചോദ്യരൂപത്തിൽ ഉന്നയിക്കാവുന്നതാണ്. എന്നാൽ ഇപ്രകാരം ഉന്നയിക്കുന്ന ക്രമപ്രശ്നം ഒരു ക്രമപ്രശ്നം തന്നയാണോ എന്ന് അദ്ധ്യക്ഷൻ തീരുമാനിക്കേണ്ടതും ആ തീരുമാനം അന്തിമമായിരിക്കുന്നതുമാണ്. അതായത്, ഒരു ക്രമപ്രശ്നത്തെപ്പറ്റിയോ അതിന്മേലുള്ള അദ്ധ്യക്ഷന്റെ തീരുമാനത്തെപ്പറ്റിയോ യാതൊരു ചർച്ചയും അനുവദിക്കുന്നതല്ല. എന്നാൽ അദ്ധ്യക്ഷന് അതിന്മേൽ തീരുമാനമെടുക്കുന്നതിന് മുമ്പ് അംഗങ്ങൾക്ക് പറയാനുള്ളത് പറയാൻ അവസരം നൽകാവുന്നതാണ്. കാര്യപരിപാടി തുടങ്ങുന്നതിന് മുമ്പോ, ഒരു അജണ്ട കഴിഞ്ഞ് അടുത്ത അജണ്ട തുടങ്ങുന്നതിന് ഇടയ്ക്കുള്ള സമയത്തോ ഉചിതമായി ക്രമപ്രശ്നം ഉന്നയിക്കാം. പക്ഷേ ക്രമപ്രശ്നം ഉന്നയിക്കുക എന്നത് അംഗത്തിന്റെ അവകാശമായി കണക്കാക്കാൻ പാടില്ല. മാത്രമല്ല, താഴെ പറയുന്ന കാര്യങ്ങൾക്കായി ക്രമപ്രശ്നം ഉന്നയിക്കാനും പാടില്ല.

എ. ഏതെങ്കിലും ഒരു വിവരം അറിയാൻ വേണ്ടി

ബി. തന്റെ നിലപാട് വിശദീകരിക്കാൻ വേണ്ടി.

സി. അവതരിപ്പിച്ചുകൊണ്ടിരിക്കുന്ന പ്രമേയത്തെക്കുറിച്ച്.

സി. സാങ്കല്പികമായ സംഗതികളെക്കുറിച്ച് മാത്രമല്ല, ഏതെങ്കിലും അംഗം ക്രമരഹിതമായി പെരുമാറുകയും യോഗം നടത്തുന്നതിന് തടസ്സമുണ്ടാക്കുകയും ചെയ്യുന്ന പക്ഷം, അദ്ധ്യക്ഷൻ ആ അംഗത്തോട് ഉടൻ പുറത്തുപോകാൻ നിർദ്ദേശിക്കേണ്ടതും പ്രസ്തുത അംഗം അത് അനുസരിച്ചില്ലെങ്കിൽ അദ്ധ്യക്ഷന് ആ അംഗത്തെ ആ ദിവസത്തേയ്ക്ക് സസ്പെൻഡ് ചെയ്യാവുന്നതും, അങ്ങനെ സസ്പെഡ് ചെയ്യപ്പെട്ട അംഗം ഉടൻതന്നെ യോഗത്തിൽ നിന്ന് പുറത്ത് പോകേണ്ടതുമാണ്. അപ്രകാരം പുറത്ത് പോകാത്ത പക്ഷം ആവശ്യമെങ്കിൽ ന്യായമായ ബലമുപയോഗിച്ച് അയാളെ നീക്കം ചെയ്യാവുന്നതുമാണ്. ഒരു യോഗത്തിൽ ക്രമസമാധാനനില നിയന്ത്രണാതീതമാകുന്ന സന്ദർഭത്തിൽ അദ്ധ്യക്ഷന് അതത് സംഗതിപോലെ നിശ്ചിത സമയത്തേയ്ക്കോ ആ ദിവസത്തേയ്ക്കോ യോഗം നിർത്തിവെയ്ക്കാവുന്നതുമാണ്.

**യോഗത്തിന്റെ അജണ്ട ആരാണ് നിശ്ചയിക്കുക? ഒരു പ്രമേയം കൊണ്ടു വരണമെങ്കിൽ എന്ത് ചെയ്യണം?**

പ്രസിഡന്റുമായി ആലോചിച്ച് സെക്രട്ടറിയാണ് അജണ്ട തയ്യാറാക്കേണ്ടത്. പ്രസിഡന്റ് നിർദ്ദേശിക്കുന്ന വിഷയങ്ങളും, പഞ്ചായത്തിന്റെ തീരുമാനം ആവശ്യമുള്ളതായി സെക്രട്ടറിയോ എക്സ്-ഒഫിഷ്യോ സെക്രട്ടറിമാരോ (കൃഷി ഓഫീസർ, വെറ്ററിനറി സർജൻ, അസിസ്റ്റന്റ് എഞ്ചിനീയർ തുടങ്ങി ഘടക സ്ഥാപന മേധാവികളെയാണ് എക്സ്-ഒഫിഷ്യോ സെക്രട്ടറിമാരായി ഉദ്ദേശിക്കുന്നത്) കരുതുന്ന വിഷയങ്ങളും പ്രസിഡന്റ് സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻമാർ എന്നിവർ യോഗത്തിൽ മറുപടി പറയേണ്ടതായ ചോദ്യങ്ങളും അനുവദിക്കപ്പെട്ട പ്രമേയങ്ങളും അജണ്ടയായി ഉൾപ്പെടുത്തേണ്ടതാണ്. ഒരു അജണ്ട രജിസ്റ്റർ സെക്രട്ടറി എഴുതി സൂക്ഷിക്കുകയും വേണം.

അജണ്ടയിൽ ഔദ്യോഗികമായി ഉൾപ്പെടാതെ പോകുന്നതും എന്നാൽ പഞ്ചായത്തിന്റെ അടിയന്തര ശ്രദ്ധയും തീരുമാനവും ആവശ്യമായി വരുന്നതുമായ ഏതൊരു കാര്യവും, അത് പഞ്ചായത്തിന്റെ അധികാര പരിധിയിൽ വരുന്നതാണെങ്കിൽ, ഒരു പ്രമേയമായി അവതരിപ്പിക്കാവുന്നതാണ്. പ്രമേയം അവതരിപ്പിക്കാൻ ആഗ്രഹിക്കുന്ന അംഗം പ്രസ്തുത പ്രമേയത്തിന്റെ പകർപ്പുസഹിതം ഒരു നോട്ടീസ് രേഖാമൂലം പ്രസിഡന്റിന് നൽകണം.

ഏഴ് പൂർണ്ണ ദിവസത്തെ നോട്ടീസ് നല്കണമെന്നാണ് ചട്ടം. എന്നാൽ പ്രസിഡന്റിന് ഏഴ് ദിവസത്തിൽ കുറഞ്ഞ നോട്ടീസ് പ്രകാരവും അജണ്ടയിൽ ഒരു പ്രമേയം ഉൾപ്പെടുത്താവുന്നതാണെന്ന് ചട്ടത്തിൽ ഇളവ് നല്കിയിട്ടുമുണ്ട്. ഒരു യോഗത്തിൽ ഒരു അംഗം ഒന്നിൽ കൂടുതൽ പ്രമേയം അവതരിപ്പിക്കാൻ പാടില്ല. ഇപ്രകാരം ലഭിക്കുന്ന എല്ലാ പ്രമേയങ്ങളും പ്രസിഡന്റ് പരിശോധിക്കേണ്ടതും ചട്ടത്തിലെ നിബന്ധനകൾക്ക് വിധേയമായി അവതരണാനുമതി നൽകുകയോ നൽകാതിരിക്കുകയോ ചെയ്യാവുന്നതുമാണ്. അനുവദിക്കുന്നതിനുള്ള നിബന്ധനകൾ ഇവയാണ്.

എ. അത് പഞ്ചായത്തിന്റെ ഭരണപരമായ പരിധിയിൽ വരുന്ന സംഗതിയെ സംബന്ധിച്ചുള്ളതായിരിക്കണം.

ബി. അത് വ്യക്തമായും ചുരുക്കത്തിലും പറഞ്ഞിട്ടുള്ളതാകണം.

സി. അത് ഒരു സംഗതിയെ മാത്രം സംബന്ധിച്ചുള്ളതാകണം.

ഡി. അതിൽ തർക്കങ്ങളോ ഊഹാപോഹങ്ങളോ പരിഹാസസൂചകമായ വാക്കുകളോ മാനഹാനിവരുത്തുന്ന പ്രസ്താവനകളോ ഉണ്ടാകരുത്.

ഇ. അത്, ഔദ്യോഗിക നിലയിലല്ലാതെയുള്ള ഒരു വ്യക്തിയുടെ പെരുമാറ്റത്തേയോ സ്വഭാവത്തേയോ പരമാർശിക്കുന്നതാകരുത്.

എഫ്. അത് ഏതെങ്കിലും കോടതിയുടെ പരിഗണനയിലിരിക്കുന്ന ഒരു സംഗതിയെ പരാമർശിക്കുന്നതോ അതുമായി ബന്ധപ്പെട്ടതോ ആകരുത്.

പ്രമേയങ്ങൾ അനുവദിക്കുന്നതിനും മുൻഗണന നൽകുന്നതിനും നിരാകരിക്കുന്നതിനുമുള്ള പ്രസിഡന്റിന്റെ വിവേചനാധികാരം ഈ കാര്യത്തിൽ അന്തിമമായിരിക്കുന്നതാണ്. അനുവദിച്ച പ്രമേയം അജണ്ടയിൽ ഉൾപ്പെടുത്തും നിരാകരിച്ച സംഗതിയിൽ അതിനുള്ള കാരണം സഹിതം ബന്ധപ്പെട്ട അംഗത്തെ വിവരം അറിയിക്കേണ്ടതുമാണ്.

**പഞ്ചായത്ത് യോഗങ്ങൾ പലപ്പോഴും ബഹളമയമാണ്. ഒന്നിൽ കൂടുതൽ അംഗങ്ങൾ ഒരേ സമയം സംസാരിക്കുന്നത് എങ്ങനെ തടയാനാകും?**

യോഗം നിയന്ത്രിക്കാനുള്ള ചുമതല അദ്ധ്യക്ഷനാണ്. എന്നാലും ചട്ട പ്രകാരമല്ലാതെ കാര്യങ്ങൾ നീങ്ങുന്നതായി കണ്ടാൽ അത് ഒരു ക്രമപ്രശ്നമായി ഏതൊരു അംഗത്തിനും ഉന്നയിക്കാവുന്നതുമാണ്. താഴെപറയുന്ന അവസരങ്ങളിൽ അദ്ധ്യക്ഷന്റെ അനുമതിയോടുകൂടി ഒരു അംഗത്തിന് യോഗത്തിൽ പ്രസംഗിക്കാവുന്നതാണ്.

1. യോഗത്തിന് മുമ്പാകെ ഒരു അജണ്ട തീരുമാനത്തിനായി ഉള്ളപ്പോൾ.
2. ഒരു പ്രമേയം അവതരിപ്പിക്കുകയോ പിന്താങ്ങുകയോ എതിർക്കുകയോ ഭേദഗതി നിർദ്ദേശിക്കുകയോ ചെയ്യുമ്പോൾ.

3. ഒരു ക്രമപ്രശ്നം ഉന്നയിക്കുമ്പോൾ
4. അദ്ധ്യക്ഷന്റെ പ്രത്യേകാനുമതിയോടുകൂടി ഒരു പ്രസ്താവന നടത്തുകയോ വ്യക്തിപരമായ വിശദീകരണം നല്കുകയോ ചെയ്യുമ്പോൾ.

അദ്ധ്യക്ഷൻ പേരു വിളിക്കുന്ന ക്രമത്തിൽ മാത്രമേ അംഗങ്ങൾ സംസാരിക്കാൻ പാടുള്ളൂ.

പ്രസംഗിക്കുവാൻ ആഗ്രഹിക്കുന്ന ഏതൊരു അംഗവും അതു രേഖാമൂലം അദ്ധ്യക്ഷനെ അറിയിക്കേണ്ടതും അദ്ധ്യക്ഷൻ മുൻഗണനാക്രമത്തിൽ അംഗങ്ങളെ വിളിക്കേണ്ടതുമാണ്. പ്രസംഗ ദൈർഘ്യം സാധാരണയായി 4 മിനിട്ടിൽ കൂടാൻ പാടില്ല. എന്നാൽ ഒരു പ്രമേയമോ ഭേദഗതിയോ അവതരിപ്പിക്കുന്ന ആൾക്ക് 8 മിനിട്ട് വരെ സമയം നല്കാവുന്നതാണ്. എന്നിരുന്നാലും അദ്ധ്യക്ഷന് യുക്താനുസരണം സമയം കൂട്ടുകയോ കുറയ്ക്കുകയോ ചെയ്യുന്നതിന് വിവേചനാധികാരമുണ്ട്. അദ്ധ്യക്ഷൻ സംസാരിക്കാൻ വേണ്ടി എഴുന്നേൽക്കുമ്പോൾ, പ്രസംഗിച്ചുകൊണ്ടിരിക്കുന്ന അംഗം അത് നിർത്തി ഉടൻതന്നെ ഇരിക്കേണ്ടതാണ്. ഉചിതമല്ലെന്ന് തോന്നുന്ന കാര്യങ്ങളോ, ആവർത്തന വിരസത ഉണ്ടാക്കുന്ന തർക്കങ്ങളോ ഉന്നയിക്കുന്ന അംഗത്തോട് പ്രസംഗം അവസാനിപ്പിക്കാൻ അദ്ധ്യക്ഷന് നിർദ്ദേശിക്കാവുന്നതാണ്. ഇപ്രകാരമുള്ള ചട്ടത്തിലെ വ്യവസ്ഥകൾ കർശനമായി നടപ്പാക്കുന്നതിന് അദ്ധ്യക്ഷനും അംഗങ്ങളും ശ്രമിക്കുന്നപക്ഷം യോഗങ്ങൾ ഫലപ്രദവും അർത്ഥപൂർണ്ണവുമായി മാറുന്നതാണ്.

**യോഗത്തിലെ ചോദ്യോത്തരവേള എന്നാൽ എന്താണ്?**

യുക്തിപൂർവ്വം പ്രയോഗിക്കുന്ന പക്ഷം അംഗങ്ങൾക്ക് ഏറെ പ്രയോജനകരമായ ഒന്നാണ് ചോദ്യോത്തരവേള. പഞ്ചായത്തിന്റെ ഭരണപരമായ പരിധിക്കുള്ളിൽ വരുന്ന ഏതു സംഗതിയെപ്പറ്റിയും വിവരങ്ങൾ ശേഖരിക്കുന്നതിനായി അംഗങ്ങൾക്ക് യോഗത്തിൽ ചോദ്യം ചോദിക്കാവുന്നതാണ്. ഒരു അംഗത്തിന് ഒരു യോഗത്തിൽ രണ്ട് ചോദ്യങ്ങൾവരെ ചോദിക്കാം. ചോദ്യങ്ങൾ പ്രസിഡന്റിനോടോ സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻമാരോടോ ആണ് ചോദിക്കേണ്ടത്. ചോദ്യം ഏഴ് പൂർണ്ണ ദിവസങ്ങൾക്ക് മുമ്പായി പ്രസിഡന്റിനും ബന്ധപ്പെട്ട സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാനും നല്കണം. ഏഴുദിവസം എന്ന നിബന്ധന ഇളവ് ചെയ്യാൻ പ്രസിഡന്റിന് വിവേചനാധികാരവുമുണ്ട്. ചട്ടത്തിലെ വ്യവസ്ഥകൾക്ക് വിധേയമായി ഒരു ചോദ്യം അനുവദിക്കണമോ വേണ്ടയോ എന്ന് പ്രസിഡന്റിന് തീരുമാനിക്കാം. ചോദ്യം അനുവദിച്ചാൽ അത് അടുത്ത യോഗത്തിന്റെ അജണ്ടയിൽ ഉൾപ്പെടുത്തും. ചോദ്യം പ്രസിഡന്റിനോടാണെങ്കിൽ അദ്ദേഹവും ഏതെങ്കിലും സ്റ്റാന്റിംഗ് കമ്മിറ്റി ചെയർപേഴ്സണോടാണെങ്കിൽ അദ്ദേഹവും യോഗത്തിൽ മറുപടി നൽകുകയും ചെയ്യും. അപ്രകാരം മറുപടി നല്കിക്കഴിഞ്ഞാൽ അത് വീണ്ടും വിശദീകരിക്കുന്നതിനായി ഏത് അംഗത്തിനും ഒരു അനുബന്ധചോദ്യം ചോദിക്കാം. എന്നാൽ പ്രസ്തുത അനുബന്ധചോദ്യം ചട്ടവിരുദ്ധമാണെന്ന് അദ്ധ്യക്ഷന് അഭിപ്രായമുള്ള പക്ഷം അത് അനുവദിക്കാതിരിക്കുകയും ചെയ്യാം. ഏതെങ്കിലും ചോദ്യത്തെപ്പറ്റിയോ ചോദ്യത്തിന് നല്കിയ മറുപടിയെപ്പറ്റിയോ ഒരു ചർച്ചയും അനുവദിക്കാൻ പാടില്ല.

**മിനിട്സിന്റെ പകർപ്പ് അംഗങ്ങൾക്ക് കിട്ടുകയില്ലേ? മിനിട്സും തീരുമാനവും ഒന്നുതന്നെയല്ലേ?**

തീരുമാന രജിസ്റ്ററും മിനിട്സ് ബുക്കും ഒന്നല്ല. അവ വ്യത്യസ്തമാണ്. പഞ്ചായത്ത് യോഗങ്ങളിൽ പാസാക്കുന്ന തീരുമാനങ്ങളും പ്രമേയങ്ങളും രേഖപ്പെടുത്തുന്നതിന് ഒരു തീരുമാനം രജിസ്റ്റർ സെക്രട്ടറി വെച്ചുപോരേണ്ടതാണ്. യോഗത്തിൽ പാസാക്കുന്ന ഓരോ തീരുമാനവും പ്രമേയവും അവ പാസാക്കുന്ന മുറയ്ക്ക് സെക്രട്ടറിയോ സെക്രട്ടറി ചുമതലപ്പെടുത്തുന്ന ഉദ്യോഗസ്ഥനോ തീരുമാന രജിസ്റ്ററിൽ അപ്പപ്പോൾ തന്നെ രേഖപ്പെടുത്തണം. തീരുമാനങ്ങളും പ്രമേയങ്ങളും എഴുതുമ്പോൾ അവ സ്വയം വിശദീകരിക്കുന്നതും സംശയങ്ങൾക്കോ വ്യാഖ്യാനങ്ങൾക്കോ ഇട നല്കാത്തതുമാണെന്ന് ഉറപ്പുവരുത്തണം. അജണ്ടയും തീരുമാനവും മാത്രമേ ഈ രജിസ്റ്ററിൽ എഴുതുകയുള്ളൂ. രജിസ്റ്ററിൽ എഴുതുമ്പോൾ ഒരു കാർബൺ പേപ്പർ പകർപ്പ് സഹിതമാണ് എഴുതേണ്ടത്. ഇപ്രകാരം രേഖപ്പെടുത്തിയശേഷം സെക്രട്ടറിയും യോഗാദ്ധ്യക്ഷനും ഒപ്പുവെയ്ക്കണം.

സെക്രട്ടറി യോഗത്തിൽ അതു വായിക്കണം. യോഗം അവസാനിച്ചാലുടൻ കാർബൺപേപ്പർ പകർപ്പ് ഓഫീസിലെ നോട്ടീസ് ബോർഡിൽ പ്രസിദ്ധപ്പെടുത്തണം. ഇതിന്റെ പകർപ്പ് യോഗം അവസാനിച്ച് 48 മണിക്കൂറിനുള്ളിൽ എല്ലാ അംഗങ്ങൾക്കും സെക്രട്ടറി നല്കേണ്ടതുമാണ്. ഇതാണ് തീരുമാനരജിസ്റ്റർ. ഇനി മിനിട്സ് ബുക്ക് നോക്കാം.

യോഗ നടപടിക്കുറിപ്പുകളാണ് മിനിട്സ്. ഇതിന്റെ കരട് സെക്രട്ടറി തയ്യാറാക്കണം. യോഗത്തിൽ ഓരോ വിഷയത്തിലും അംഗങ്ങൾ നടത്തിയ പ്രസംഗങ്ങളുടേയും പ്രസ്താവനകളുടേയും സെക്രട്ടറി നൽകിയ അഭിപ്രായങ്ങളുടേയും ഉന്നയിക്കപ്പെട്ട ക്രമപ്രശ്നങ്ങളുടേയും അതിന്മേൽ അദ്ധ്യക്ഷൻ എടുത്ത തീരുമാനങ്ങളുടേയും സംക്ഷിപ്തം മിനിട്സിൽ ഉണ്ടാകണം. ഏതെങ്കിലും വിഷയത്തിൽ വോട്ടെടുപ്പ് നടന്നിട്ടുണ്ടെങ്കിൽ അനുകൂലിച്ചും പ്രതികൂലിച്ചും വോട്ടുചെയ്ത അംഗങ്ങളുടെ പേര് വിവരം, അനുവദിക്കപ്പെട്ട ചോദ്യങ്ങളും അവർക്ക് നൽകിയ മറുപടിയും പാസ്സാക്കിയ തീരുമാനങ്ങളും പ്രമേയങ്ങളും എന്നിവ ഉൾപ്പെടെ യോഗത്തിന്റെ വിവരങ്ങൾ വിശദമായി കരട് മിനിട്സിൽ രേഖപ്പെടുത്തണം. യോഗം കഴിഞ്ഞ് മൂന്ന് ദിവസത്തിനുള്ളിൽ ഈ കരട് മിനിട്സ് സെക്രട്ടറി അദ്ധ്യക്ഷന്റെ അംഗീകാരത്തിനായി സമർപ്പിക്കണം. ഇത് അദ്ധ്യക്ഷന് ലഭിച്ചാൽ 24 മണിക്കൂറിനുള്ളിൽ ആയത് പരിശോധിച്ച് വസ്തുതാപരമായി എന്തെങ്കിലും തിരുത്തലുകൾ ആവശ്യമുണ്ടെങ്കിൽ അത് വരുത്തിയശേഷം ഒപ്പ് വെച്ച് സെക്രട്ടറിക്ക് തിരിച്ചു നൽകണം. സെക്രട്ടറി ഉടൻതന്നെ അത് മിനിട്സ് ബുക്കിൽ രേഖപ്പെടുത്തുകയും അദ്ധ്യക്ഷന്റെ ഒപ്പ് വാങ്ങുകയും വേണം. ഇപ്രകാരം മിനിട്സ് പൂർത്തിയായാൽ ഉടൻതന്നെ മിനിട്സിന്റെ പകർപ്പ് നോട്ടീസ് ബോർഡിൽ പ്രസിദ്ധീകരിക്കണം.

യോഗം കഴിഞ്ഞ് പത്ത് ദിവസത്തിനുള്ളിൽ മിനിട്സിന്റെ പകർപ്പ്, ജില്ലാ പഞ്ചായത്തിന്റെ കാര്യത്തിൽ തദ്ദേശസ്വയംഭരണ വകുപ്പ് സെക്രട്ടറിക്കും ബ്ലോക്ക് പഞ്ചായത്തിന്റെ കാര്യത്തിൽ പഞ്ചായത്ത് ഡയറക്ടർക്കും ഗ്രാമപഞ്ചായത്തിന്റെ കാര്യത്തിൽ അതത് ജില്ലയിലെ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർക്കും അയച്ചുകൊടുക്കണം. ഏതെങ്കിലും അംഗം ഭിന്നാഭിപ്രായക്കുറിപ്പ് നൽകിയിട്ടുണ്ടെങ്കിൽ അതു സഹിതമാണ് അയയ്ക്കേണ്ടത്. മിനിട്സിന്റെ പകർപ്പ് അംഗങ്ങൾക്ക് നൽകണമെന്ന് വ്യവസ്ഥയില്ല.

**വിയോജനക്കുറിപ്പ് എന്നാൽ എന്താണ്? ആർക്കാണ് അത് നൽകേണ്ടത്?**

പഞ്ചായത്തു യോഗത്തിൽ പാസ്സാക്കിയ ഏതെങ്കിലും തീരുമാനത്തിന്മേലോ പ്രമേയത്തിന്മേലോ ഒരു അംഗത്തിന് അഭിപ്രായവ്യത്യാസമുണ്ടെങ്കിൽ അത് രേഖാമൂലം സെക്രട്ടറിക്ക് നൽകാവുന്നതാണ്. ഇതാണ് ഭിന്നാഭിപ്രായക്കുറിപ്പ്. പക്ഷേ ചില നിബന്ധനകൾ പാലിക്കണം. യോഗം അവസാനിച്ച് 48 മണിക്കൂറിനുള്ളിൽ ഇത് സെക്രട്ടറിക്ക് നല്കണം. യോഗത്തിൽ ഹാജരുണ്ടായിരിക്കുകയും അഭിപ്രായവ്യത്യാസമുള്ള തീരുമാനം കൈക്കൊണ്ടപ്പോൾ അതിനെ എതിർത്ത് വോട്ട് ചെയ്യുകയും ചെയ്ത അംഗത്തിന് മാത്രമേ ഇപ്രകാരം ഭിന്നാഭിപ്രായക്കുറിപ്പ് നല്കാൻ അവകാശമുണ്ടായിരിക്കുകയുള്ളൂ.

**എല്ലാ തീരുമാനങ്ങളും വോട്ടിനിടേണ്ടതുണ്ടോ?**

യോഗത്തിൽ പരിഗണിക്കുന്ന ഏത് വിഷയവും യോഗത്തിൽ ഹാജരായ അംഗങ്ങളുടെ ഭൂരിപക്ഷാഭിപ്രായ പ്രകാരമേ അംഗീകരിക്കുവാൻ പാടുള്ളൂ. ഏതെങ്കിലും അംഗം വോട്ടെടുപ്പ് വേണമെന്ന് ആവശ്യപ്പെട്ടാൽ അത് അദ്ധ്യക്ഷൻ അംഗീകരിക്കണം. ഏതെങ്കിലും കാര്യത്തിൽ വോട്ടിന്റെ തുല്യത വരുന്ന പക്ഷം അദ്ധ്യക്ഷന് ഒരു കാസ്റ്റിംഗ് വോ

ട്ടുകൂടി ചെയ്ത് ഭൂരിപക്ഷ തീരുമാനം കൈക്കൊള്ളാവുന്നതാണ്. എന്നാൽ തെരെഞ്ഞെടുപ്പ്, അവിശ്വാസപ്രമേയം എന്നിവ അജണ്ടയായി വരുന്ന യോഗങ്ങളിൽ അദ്ധ്യക്ഷതവഹിക്കുന്ന ഉദ്യോഗസ്ഥന് ഇപ്രകാരം കാസ്റ്റിംഗ് വോട്ടിന് അവകാശമില്ല.

**പഞ്ചായത്ത് യോഗത്തിൽ പങ്കെടുക്കുന്നതിന് യാത്രാബത്ത ലഭിക്കുമോ?**

പഞ്ചായത്തിന്റെ ഏതൊരു യോഗത്തിൽ പങ്കെടുക്കുന്നതിനും അംഗങ്ങൾക്ക് നിശ്ചിത നിരക്കിൽ ഹാജർബത്ത ലഭിക്കാൻ അർഹതയുണ്ട്. ഇതിനുപുറമേ പഞ്ചായത്തിന്റേയോ അതിന്റെ ഏതെങ്കിലും കമ്മിറ്റിയുടേയോ യോഗങ്ങളിൽ ഹാജരാകുന്നതിന് കേരള സർവ്വീസ് ചട്ടങ്ങൾ പ്രകാരമുള്ള യാത്രാബത്തക്ക് അർഹതയുണ്ട്. അതായത് പഞ്ചായത്തിന്റെ ആസ്ഥാനവും അംഗത്തിന്റെ വാസസ്ഥലവും തമ്മിൽ 8 കിലോമീറ്ററിൽ കൂടുതൽ ദൂരമുണ്ടെങ്കിൽ യാത്രാബത്ത ലഭിക്കും. എന്നാൽ ദിനബത്തക്ക് അർഹതയില്ല. മാത്രമല്ല, ദൈനംദിന കൃത്യനിർവ്വഹണത്തിനായി സ്വന്തം വാസസ്ഥലത്തു നിന്നും പഞ്ചായത്ത് ഓഫീസിലേക്ക് നടത്തുന്ന യാത്രകൾക്ക് അതിന്റെ ദൂരം എത്രതന്നെ ആയാലും യാത്രാബത്തക്ക് അർഹതയുണ്ടാവില്ല.

ജില്ലാ പഞ്ചായത്ത് പ്രസിഡന്റിന് ഇപ്രകാരം യോഗങ്ങളിൽ പങ്കെടുക്കുന്നതിന് സ്വന്തം പഞ്ചായത്താഫീസിലേയ്ക്ക് നടത്തുന്ന യാത്രകൾക്ക് യാത്രാബത്ത ലഭിക്കില്ല.

**ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റുമാർക്ക് ജില്ലാ പഞ്ചായത്ത് യോഗങ്ങളിൽ പങ്കെടുക്കുമ്പോൾ വോട്ടവകാശം ഉണ്ടോ?**

ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റുമാർ ജില്ലാ പഞ്ചായത്തിലും ഗ്രാമപഞ്ചായത്ത് പ്രസിഡന്റുമാർ ബ്ലോക്ക് പഞ്ചായത്തിലും എക്സ്-ഒഫീഷ്യോ അംഗങ്ങളാണ്. എന്നാൽ കോറം കണക്കാക്കുന്നതിൽ ആ പഞ്ചായത്തിലേയ്ക്ക് തെരഞ്ഞെടുക്കപ്പെട്ട അംഗങ്ങളുടെ ഹാജരാണ് കണക്കാക്കുക. പ്രസിഡന്റ്, വൈസ് പ്രസിഡന്റ്, സ്റ്റാന്റിംഗ് കമ്മിറ്റി അംഗങ്ങൾ എന്നിവരുടെ തെരഞ്ഞെടുപ്പിലും അവിശ്വാസ പ്രമേയ ചർച്ചയിലും എക്സ്-ഒഫിഷ്യോ അംഗങ്ങൾക്ക് വോട്ടവകാശം ഇല്ല. എന്നാൽ മറ്റ് യോഗങ്ങളിലെ എല്ലാ വിഷയങ്ങളിലും ഇവർക്ക് മറ്റ് ഏതൊരു അംഗത്തേയും പോലെയുള്ള അവകാശങ്ങളും വോട്ടവകാശവും ഉണ്ടായിരിക്കും.

**പഞ്ചായത്ത് യോഗം സംബന്ധിച്ച് സെക്രട്ടറിയുടെ ചുമതലകൾ എന്തൊക്കെയാണ്?**

സെക്രട്ടറിക്ക് വിപുലമായ ഉത്തരവാദിത്തങ്ങൾ ഉണ്ട്.

1. പ്രസിഡന്റുമായി കൂടിയാലോചിച്ച് യോഗത്തിന്റെ സമയവും തീയതിയും അജണ്ടയും നിശ്ചയിക്കുക.
2. അജണ്ട രജിസ്റ്റർ തയ്യാറാക്കുക.
3. യോഗനോട്ടീസും അജണ്ടയും തയ്യാറാക്കി പ്രസിഡന്റിന്റെ അംഗീകാരത്തോടെ നിശ്ചിത സമയത്തിനുള്ളിൽ അംഗങ്ങൾക്ക് നൽകുക.
4. യോഗത്തിനുള്ള വേദി ക്രമീകരിക്കുക.
5. സന്ദർശക ഗാലറിയിലേയ്ക്ക് പൊതുജനങ്ങൾക്കും പത്രപ്രതിനിധികൾക്കും പ്രവേശനവും ഇരിപ്പിടവും പ്രസിഡന്റിന്റെ നിയന്ത്രണത്തിന് വിധേയമായി ക്രമീകരിക്കുക.
6. അജണ്ടയിലെ ഏതൊരു വിഷയത്തെ സംബന്ധിച്ചും തീരുമാനമെടുക്കുന്നതിനാവശ്യമായ നിയമോപദേശം പഞ്ചായത്തിന് നൽകുക. അതനുസരിച്ചുള്ള അഭിപ്രായക്കുറിപ്പ് ബന്ധപ്പെട്ട ഫയലിൽ രേഖപ്പെടുത്തുകയും പ്രസ്തുത അഭിപ്രായം അടങ്ങുന്ന കുറിപ്പ് യോഗത്തിന് മുമ്പ് അംഗങ്ങൾക്ക് നൽകുകയോ വിഷയം ചർച്ച ചെയ്യുമ്പോൾ യോഗത്തിൽ സമർപ്പിക്കുകയോ ചെയ്യുക.
7. എല്ലാ പഞ്ചായത്തു യോഗങ്ങളിലും നിർബന്ധമായി പങ്കെടുക്കുക. ഒഴിച്ചുകൂടാനാവാത്ത കാരണങ്ങളാൽ പങ്കെടുക്കാൻ കഴിയാതെ വന്നാൽ പകരം ഉദ്യോഗസ്ഥനെ അധികാരപ്പെടുത്തുക.
8. യോഗത്തിന്റെ തീരുമാനങ്ങൾ രേഖപ്പെടുത്തുന്നതിന് തീരുമാന രജിസ്റ്റർ വെയ്ക്കുക. തീരുമാനങ്ങൾ യഥാസമയം രേഖപ്പെടുത്തുകയോ അതിന് ഒരു ഉദ്യോഗസ്ഥനെ ചുമതലപ്പെടുത്തുകയോ ചെയ്യുക. തീരുമാന രജിസ്റ്ററിൽ ഒപ്പുവെയ്ക്കുക. അതിന്റെ പകർപ്പ് നോട്ടീസ് ബോർഡിൽ പ്രസിദ്ധീകരിക്കുക. പകർപ്പ് നിശ്ചിത സമയത്തിനുള്ളിൽ എല്ലാ അംഗങ്ങൾക്കും നൽകുക.
9. അംഗങ്ങൾ പ്രസിഡന്റിനോടോ സ്റ്റാന്റിംഗ് കമ്മിറ്റി ചെയർപേഴ്സണോടോ ചോദിക്കുന്ന ചോദ്യങ്ങൾ അജണ്ടയിൽ ഉൾപ്പെടുത്തിയാൽ ബന്ധപ്പെട്ടവർക്ക് യോഗത്തിൽ പറയാനുള്ള മറുപടി തയ്യാറാക്കുന്നതിന് ആവശ്യമായ വിവരങ്ങൾ നൽകുക.
10. യോഗ നടപടിക്കുറിപ്പുകളുടെ (മിനിട്സ്) കരട് തയ്യാറാക്കുക, യഥാസമയം അദ്ധ്യക്ഷന് സമർപ്പിക്കുക, അദ്ധ്യക്ഷന്റെ അംഗീകാരം ലഭിച്ചാലുടൻ മിനിട്സിന്റെ ബുക്കിൽ പകർത്തുക, അതിൽ അദ്ധ്യക്ഷന്റെ ഒപ്പുവാങ്ങുക, പകർപ്പ് നോട്ടീസ് ബോർഡിൽ പ്രസിദ്ധീകരിക്കുക, നിശ്ചിത സമയത്തിനകം നിശ്ചിത അധികാരിക്ക് പകർപ്പ് അയയ്ക്കുക.
11. ഭിന്നാഭിപ്രായക്കുറിപ്പ് യഥാവിധി ലഭിക്കുമ്പോൾ അത് സ്വീകരിക്കുക.
12. ഒരു തീരുമാനം നടപ്പാക്കുന്നത് സംബന്ധിച്ച് ഏതെങ്കിലും പ്രശ്നത്തിന്മേലോ, ഏതെങ്കിലും ഭിന്നാഭിപ്രായക്കുറിപ്പിന്മേലോ സർക്കാരിന്റേയോ, അധികാരപ്പെടുത്തിയ ഉദ്യോഗസ്ഥന്റേയോ തീരുമാനം ഉണ്ടാകേണ്ട പക്ഷം അത് തന്റെ വിശദമായ റിപ്പോർട്ട് സഹിതം ബന്ധപ്പെട്ട അധികാരിയുടെ ശ്രദ്ധയിൽ കൊണ്ടുവരിക.
13. പഞ്ചായത്ത് പാസ്സാക്കിയ ഏതെങ്കിലും തീരുമാനം അല്ലെങ്കിൽ പ്രമേയം നിയമാനുസൃതം പാസ്സാക്കിയതല്ലെന്നോ ആക്റ്റ് പ്രകാരം നൽകിയിട്ടുള്ള അധികാരസീമ ലംഘിക്കുന്നതാണെന്നോ അല്ലെങ്കിൽ അത് നടപ്പിലാക്കിയാൽ മനുഷ്യജീവനോ ആരോഗ്യത്തിനോ പൊതു സുരക്ഷയ്ക്കോ അപകടമാകുവാൻ സാധ്യതയുള്ളതാണെന്നോ സെക്രട്ടറിക്ക് അഭിപ്രായമുള്ള പക്ഷം പ്രസ്തുത തീരുമാനം പുനരവലോകനം ചെയ്യാൻ പഞ്ചായത്തിനോട് രേഖാമൂലം ആവശ്യപ്പെടുകയും, തൊട്ടടുത്ത യോഗത്തിൽ അജണ്ടയായി ഉൾപ്പെടുത്തുകയും ചെയ്യുക. അപ്പോഴും പഞ്ചായത്ത് അതേ തീരുമാനത്തിൽ ഉറച്ചു നില്ക്കുകയാണെങ്കിൽ പ്രസ്തുത തീരുമാനങ്ങളും തന്റെ അഭിപ്രായവും സഹിതം സർക്കാരിലേയ്ക്ക് അയയ്ക്കുക യഥാവിധി തുടർനടപടികൾ സ്വീകരിക്കുകയും ചെയ്യുക.

തുടങ്ങിയ നിയമാനുസരണ കർത്തവ്യങ്ങൾക്ക് പുറമേ യോഗങ്ങൾ കാര്യക്ഷമമായും ഫലപ്രദമായും നടത്തുന്നതിനാവശ്യമായ എല്ലാ നടപടികളും സ്വീകരിക്കുന്നതിന് സെക്രട്ടറി ശ്രദ്ധിക്കേണ്ടതാണ്.

**പഞ്ചായത്ത് യോഗത്തിന്റെ അജണ്ട ക്രമീകരിക്കേണ്ടത് എങ്ങനെയാണ്?**

യോഗത്തിന്റെ ആരംഭത്തിൽ ചോദ്യോത്തര വേളയാണ് ഉൾപ്പെടുത്തേണ്ടത്. ഇത് യോഗം ആരംഭിച്ച് ഒരു മണിക്കൂറിൽ അധികമാവാൻ പാടില്ല. ഒരു മണിക്കൂറിനുള്ളിൽ മറുപടി പറയാൻ സാധിക്കാത്തതും അജണ്ടയിൽ ഉൾപ്പെടുത്തിയിട്ടുള്ളതുമായ ചോദ്യങ്ങൾക്ക് യോഗത്തിനുശേഷം ബന്ധപ്പെട്ട അംഗങ്ങൾക്ക് രേഖാമൂലം മറുപടി നൽകേണ്ടതാണ്.

ചോദ്യോത്തരവേള കഴിഞ്ഞാൽ വിഷയങ്ങൾ ക്രമാനുഗതമായി ഉൾപ്പെടുത്താം. പ്രമേയങ്ങൾക്കായി പരമാവധി അരമണിക്കൂർ സമയം മാത്രമേ നീക്കിവെയ്ക്കാവൂ. അജണ്ടയിൽ ചേർത്ത ഒരു പ്രമേയം ആ യോഗത്തിൽ ചർച്ച ചെയ്തില്ലെങ്കിൽ അത് ലാപ്സ് ആയതായി കരുതുന്നതാണ്. ■

*തയ്യാറാക്കിയത്:* **എൻ. സുരാജ്**
*ജോയിന്റ് ഡയറക്ടർ*
*പഞ്ചായത്ത് വകുപ്പ്*

ഉദയഭാനു കണ്ടേത്ത്



# ജനപ്രതിനിധികളും അക്കൗണ്ടും

പുതുതായി തെരഞ്ഞെടുക്കപ്പെട്ട ജനപ്രതിനിധികൾ ഭരണസാരഥ്യം ഏറ്റെടുക്കുമ്പോൾ ഏറ്റവും വെല്ലുവിളി ഉയർത്തുന്ന മേഖല ധനകാര്യമാണ്. ജനപ്രതിനിധികളുടെ സൽപേരിന്റെ ആധാരം തന്നെ പണമിടപാടുകളിലെ സുതാര്യത, സത്യസന്ധത, കൃത്യത എന്നിവയാണ്. ശരിയായ രീതിയിൽ അക്കൗണ്ട് സൂക്ഷിച്ചില്ലെങ്കിൽ പല വിഷമങ്ങളും നേരിടേണ്ടിവരും.

വിവിധ സ്റ്റാൻഡിംഗ് കമ്മിറ്റികളാണ് ബജറ്റ് നിർദ്ദേശങ്ങൾ തയ്യാറാക്കി ധനകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റിക്കു നൽകുന്നത്; ധനകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റി ചെയർമാനാണ് ബജറ്റ് അവതരിപ്പിക്കുന്നത്; പ്രസിഡന്റ്/ചെയർപേഴ്സൺ/മേയർ ആണ് ഓരോ ചെലവും അധികൃതമാക്കുന്നത്; ധനകാര്യസ്റ്റാൻഡിംഗ് കമ്മിറ്റിയാണ് പ്രതിമാസ അക്കൗണ്ടിന്റെ പ്രാഥമിക ഓഡിറ്റ് നിർവഹിക്കുന്നത്; എല്ലാ അംഗങ്ങളും ഉൾപ്പെട്ട ഭരണസമിതിയാണ് ബജറ്റും വാർഷിക അക്കൗണ്ടും ചർച്ച ചെയ്ത് അംഗീകരിക്കുന്നത്. മേൽപ്പറഞ്ഞ കാര്യങ്ങളിൽ നിന്ന് ജനപ്രതിനിധികളുടെ ധനകാര്യ ഉത്തരവാദിത്തം വ്യക്തമാകുമല്ലോ.

ധനമാനേജ്മെന്റിന്റെ അടിസ്ഥാനശിലകളാണ് മെച്ചപ്പെട്ട വിഭവസമാഹരണം, കാര്യക്ഷമമായ വിഭവ വിനിയോഗം, കൃത്യമായ അക്കൗണ്ടിംഗ്, വീഴ്ചകൾ ചൂണ്ടിക്കാട്ടി ശരിയായ മാർഗ്ഗനിർദ്ദേശം നൽകുന്ന ഓഡിറ്റിംഗ് എന്നിവ. ഇവയിൽ അക്കൗണ്ടിംഗിനെപ്പറ്റി മാത്രമാണ് ഇവിടെ പരാമർശിക്കുന്നത്.

**അക്കൗണ്ടബിലിറ്റി**

'അക്കൗണ്ടബിലിറ്റി' എന്ന പദം ഇപ്പോൾ വലിയ പ്രചാരത്തിലാണ്. ഉത്തരവാദപ്പെട്ട സ്ഥാനങ്ങളിലിരിക്കുന്നവർക്ക് അവരുടെ ചെയ്തികൾ ജനസമക്ഷം ബോദ്ധ്യപ്പെടുത്താനുള്ള ബാദ്ധ്യതയേയാണ് ഈ പദം സൂചിപ്പിക്കുന്നത്. അക്കൗണ്ട് കൃത്യമായി സൂക്ഷിക്കാത്ത ഒരു സ്ഥാപനത്തിന് അക്കൗണ്ടബിലിറ്റി സ്വപ്നം കാണാൻപോലും സാദ്ധ്യമല്ല.

പഞ്ചായത്ത്-നഗരസഭകളിലെ അക്കൗണ്ടിംഗ് മെച്ചപ്പെടുത്തുന്നതിന് സർക്കാർ കഴിഞ്ഞ കുറേ വർഷങ്ങളായി ഊർജ്ജിത പരിശ്രമം നടത്തുന്നുണ്ട്. പുതിയ അക്കൗണ്ടിംഗ് ഫോർമാറ്റുകൾ നടപ്പായി; പഞ്ചായത്തുകളിൽ അക്കൗണ്ടന്റ് തസ്തിക സൃഷ്ടിച്ചു; നഗരസഭകളിൽ കംപ്യൂട്ടർവൽകൃത അക്കൗണ്ടിംഗ് നടപ്പാക്കി; തുടർച്ചയായ പരിശീലനങ്ങൾ നൽകി; പഞ്ചായത്തുകളിൽ അക്രൂവൽ അക്കൗണ്ടിംഗ് നടപ്പാക്കാനുള്ള ശ്രമം അവസാനഘട്ടത്തിലാണ്.

തദ്ദേശഭരണ സ്ഥാപനങ്ങളുടെ വരുമാനങ്ങൾ, ചെലവുകൾ, അക്കൗണ്ടിംഗ്, ജനപ്രതിനിധികൾ ശ്രദ്ധിക്കേണ്ട കാര്യങ്ങൾ എന്നിവയാണ് താഴെ പ്രതിപാദിക്കുന്നത്.

**വരുമാനങ്ങൾ**

നാമമാത്രമായ ചുമതലകളും തത്തുല്യമായ വരുമാനങ്ങളും മാത്രമാണ് ഗ്രാമപഞ്ചായത്തുകൾക്കുണ്ടായിരുന്നത്. ബ്ലോക്ക് പഞ്ചായത്തുകൾക്ക് ജില്ലാപഞ്ചായത്തുകൾക്കും തനത് വരുമാനം ഉണ്ടായിരുന്നില്ല. നഗരസഭകൾക്ക് അവരുടേതായ വരുമാനം ഉണ്ടായിരുന്നു.

എന്നാൽ 73-ഉം 74-ഉം ഭരണഘടനാഭേദഗതികളും തുടർന്നു നിലവിൽ വന്ന 1994-ലെ കേരള പഞ്ചായത്ത് രാജ് നിയമവും 1994-ലെ കേരള മുനിസിപ്പാലിറ്റി നിയമവും ചിത്രം അപ്പാടെ മാറ്റി. മൂന്നോ നാലോ ലക്ഷം രൂപ കൈകാര്യം ചെയ്തിരുന്ന ഗ്രാമപഞ്ചായത്തിന് വിവിധ സ്രോതസ്സുകളിൽ നിന്നായി ശരാശരി ഒന്നര ക്കോടി രൂപ ലഭിക്കുന്ന സ്ഥിതിയുണ്ടായി.

ഏതെല്ലാം സ്രോതസ്സുകളിൽ നിന്ന് തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് പണം ലഭിക്കുന്നുവെന്നു പരിശോധിക്കാം. മൂന്നാംധനകാര്യകമ്മീഷന്റെ ശുപാർശയനുസരിച്ച് തദ്ദേശ ഭരണ സ്ഥാപനങ്ങൾക്ക് ഫണ്ട് നൽകുന്നതിനുവേണ്ടി സർക്കാർ പുറപ്പെടുവിച്ച ഉത്തരവിൽ (12-4- 2006-ലെ ജി.ഒ.(പി) നമ്പർ.177/2006/ഫിൻ) അവയെ ഏഴായി തരംതിരിച്ചിരിക്കുന്നു.

**1. *'എ'ഫണ്ട് (വികസന ഫണ്ട്):-***

തദ്ദേശ ഭരണസ്ഥാപനങ്ങൾ രൂപകല്പന ചെയ്തു നടപ്പാക്കുന്ന പദ്ധതികൾക്കായി സംസ്ഥാ നസർക്കാർ നൽകുന്നു.ട്രഷറിയിൽ തദ്ദേശഭരണ സ്ഥാപനത്തിന്റെ പേരിലുള്ള പ്രത്യേക അക്കൗണ്ടിൽ ചേർത്ത് പബ്ലി ക്ക് അക്കൗണ്ടിൽ സൂക്ഷിക്കുന്നു. ബിൽ മുഖേന പിൻവലിക്കാം. ചെലവാകാത്ത തുക വർഷാവസാനം ലാപ്സ് ആവുകയില്ല. പക്ഷേ, 80ശതമാനം തുക ചെലവഴിച്ചില്ലെങ്കിൽ അടുത്ത വർഷത്തെ അലോട്ട്മെന്റിൽ തത്തുല്യമായ വെട്ടിക്കുറവുണ്ടാകും.

**2. *'ബി' ഫണ്ട് (സംസ്ഥാനാവിഷ്കൃതപദ്ധതിഫണ്ട്):-***

സംസ്ഥാന സർക്കാർ നേരത്തേ നടത്തിയിരുന്നതും കൈമാറ്റം ചെയ്തവയുമായ പരിപാടികൾക്ക് നൽ കുന്നു. ഉദാ: തൊഴിലില്ലായ്മ വേതനം, സാമൂഹ്യസുരക്ഷാപെൻഷനുകൾ തുടങ്ങിയവ. ട്രഷറിയിൽ കൺസോളിഡേറ്റഡ് ഫണ്ടിൽ തന്നെ നിലനിർത്തുന്നു. തദ്ദേശ ഭരണ സ്ഥാപനത്തിന്റെ പേരിലു ള്ള അക്കൗണ്ടിലേയ്ക്ക് മാറ്റുന്നില്ല. ബിൽ മുഖേന പിൻവലിക്കാം. ചെലവാക്കാത്ത തുക വർഷാവസാനം ലാപ്സ് ആകും.

**3. *'സി'ഫണ്ട് (മെയിന്റനൻസ് ഫണ്ട്):-***

സംസ്ഥാന സർക്കാർ നൽകുന്ന ഈ ഫണ്ട് രണ്ടുതരത്തിലാണ്.

3.1 മെയിന്റനൻസ് ഫണ്ട്(റോഡിതര ആസ്തികൾ)

3.2. മെയിന്റനൻസ് ഫണ്ട് (റോഡ് ആസ്തികൾ): 'എ'ഫണ്ടിനെ സംബന്ധിച്ച എല്ലാ

വ്യവസ്ഥകളും ബാധകം.

***4.'ഡി' ഫണ്ട്(ജനറൽ/പർപ്പസ് ഫണ്ട്):-***

സംസ്ഥാന സർക്കാർ നൽകുന്നത്. ട്രഷറിയിൽ, പബ്ലിക് അക്കൗണ്ടിൽ, തദ്ദേശ ഭരണ സ്ഥാപനത്തിന്റെ പേരിലുള്ള പ്രത്യേക അക്കൗണ്ടിൽ സൂക്ഷിക്കുന്നു. ചെക്ക് വഴി തുക പിൻവലിക്കാം. ചെലവാകാത്ത തുക വർഷാവസാനം ലാപ്സ് ആവുകയില്ല.

***5. 'ഇ' ഫണ്ട് (കേന്ദ്രാവിഷ്കൃതഫണ്ട്:- തുടങ്ങിയവ)***

മഹാത്മാഗാന്ധി ദേശീയ തൊഴിലുറപ്പുപദ്ധതി, ഐഎവൈ, എസ്ജിഎസ്‌വൈ, ഐഎച്ച്എസ്ഡി, യുഐഡിഎസ് എസ്എ.ടി, ജെഎൻഎൻയുആർഎം തുടങ്ങിയ കേന്ദ്രാവിഷ്കൃത പദ്ധതികൾ ഉൾപ്പെടുന്നു. സർക്കാർ നിർദ്ദേശിച്ച പ്രത്യേക ബാങ്ക് അക്കൗണ്ടുകളിൽ തുക സൂക്ഷിക്കുന്നു.

***6. 'എഫ്' ഫണ്ട് (തനതു ഫണ്ട് മുതലായവ) നികുതി - നികുതിയേതര വരുമാനങ്ങൾ. ഉദാഹരണം:-***

നികുതികൾ: വസ്തുനികുതി, തൊഴിൽ നികുതി, പരസ്യനികുതി, സേവനനികുതി, വിനോദനികുതി

വാടക: ഷോപ്പിംഗ് കോംപ്ലക്സുകൾ, ഹാളുകൾ തുടങ്ങിയവ

ലൈസൻസ് ഫീസ്: ഡിആന്റ്ഓ, പിഎഫ്എ, കെസിആർ, പിപിആർ തുടങ്ങിയവ.

ഉപയോഗഫീസ്: ബസ്സ്റ്റാന്റ്, മാർക്കറ്റ്, കശാപ്പുശാല, പബ്ലിക് കംഫർട്ട് സ്റ്റേഷൻ, ഫീസ് തുടങ്ങിയവ.

പെർമിറ്റ് ഫീസ്: കെട്ടിട നിർമ്മാണം തുടങ്ങിയവ.

***7. ജിഫണ്ട് (വായ്പകൾ തുടങ്ങിയവ):-***

മേൽപ്പറഞ്ഞവയിൽ ഉൾപ്പെടാത്തവ. സർക്കാരിൽ നിന്നും ധനകാര്യസ്ഥാപനങ്ങളിൽ നിന്നും ലഭിക്കുന്ന വായ്പകൾ തുടങ്ങിയവ.

**ചെലവുകൾ:**

ഓണറേറിയം, ശമ്പളം, ശുചീകരണം, മാലിന്യ നിർമ്മാർജ്ജനം, തെരുവുവിളക്കുകൾ, കറന്റ് ചാർജ്ജ്, വാട്ടർ ചാർജ്ജ്, ടെലഫോൺ ചാർജ്ജ് തുടങ്ങിയവ; തൊഴിലില്ലായ്മാ വേതനം, സാമൂഹ്യസുരക്ഷാ പെൻഷനുകൾ തുടങ്ങിയവ. റോഡുകളുടെയും മറ്റ് സ്ഥാപനങ്ങളുടേയും അറ്റകുറ്റപ്പണികളും സംരക്ഷണച്ചെലവുകളും; വികസന പ്രവർത്തനങ്ങൾക്കുവേണ്ടിയുള്ള ചെലവുകൾ.

- പദ്ധതിച്ചെലവുകളുൾപ്പെടെ എല്ലാ ചെലവുകളും ബജറ്റിന് അനുസൃതമായിട്ടായിരിക്കണം. ബജറ്റിൽ ഉൾപ്പെടുത്താത്തതോ, ഉൾപ്പെടുത്തിയതിൽ കവിഞ്ഞതോ ആയ ചെലവ് ചെയ്യരുത്. ഇപ്രകാരം ചെയ്യേണ്ടി വന്നാൽ സപ്ലിമെന്ററിയോ റിവൈസ്ഡോ ആയ ബജറ്റ് അവതരിപ്പിച്ച ശേഷമായിരിക്കണം (ഈ നിബന്ധന അടിയന്തരഘട്ടത്തിൽ ഒഴിവാക്കാം. ചെലവു നടത്തിക്കഴിഞ്ഞ് അടുത്ത യോഗത്തിൽ അവതരിപ്പിച്ചാൽ മതി).
- മിതവ്യയം പാലിക്കണം - അതായത് ചുരുങ്ങിയ ചെലവിൽ ലഭിക്കാവുന്നതിൽ ഏറ്റവും നല്ല സാധനം സേവനം ലഭിക്കണം.
- ചെലവ് കാര്യക്ഷമമായിരിക്കണം-തിരിച്ചുകിട്ടുന്ന ഫലത്തിന് ആനുപാതികമായ ചെലവേ ചെയ്യാവൂ.
- ചെലവ് ഫലപ്രദമായിരിക്കണം - അതായത് പാഴ്ച്ചെലവായിരിക്കരുത്.

**'അക്കൗണ്ടബിലിറ്റി' എന്ന പദം ഇപ്പോൾ വലിയ പ്രചാരത്തിലാണ്. ഉത്തരവാദപ്പെട്ട സ്ഥാനങ്ങളിലിരിക്കുന്നവർക്ക് അവരുടെ ചെയ്തികൾ ജനസമക്ഷം ബോദ്ധ്യപ്പെടുത്താനുള്ള ബാദ്ധ്യതയേയാണ് ഈ പദം സൂചിപ്പിക്കുന്നത്. അക്കൗണ്ട് കൃത്യമായി സൂക്ഷിക്കാത്ത ഒരു സ്ഥാപനത്തിന് അക്കൗണ്ടബിലിറ്റി സ്വപ്നം കാണാൻപോലും സാദ്ധ്യമല്ല.**

**കണക്കുസൂക്ഷിക്കൽ**

73-ഉം 74-ഉം ഭരണഘടനാ ഭേദഗതികളും തുടർന്നുള്ള നിയമനിർമ്മാണങ്ങളും വഴി തദ്ദേശഭരണസ്ഥാപനങ്ങൾക്ക് വിവിധ സ്രോതസ്സുകളിൽ നിന്നു ഫണ്ട് ലഭിക്കാനാരംഭിച്ചു. ചെലവിനങ്ങളും വളരെയേറെ വർദ്ധിച്ചു. ഇവയൊന്നും ഉൾക്കൊള്ളാൻ നിലവിലുള്ള ബജറ്റ് അക്കൗണ്ടിംഗ് ഫോർമാറ്റുകൾ പര്യാപ്തമായിരുന്നില്ല.

11-ാം ധനകാര്യകമ്മീഷന്റെ ശുപാർശയെത്തുടർന്ന് കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ പഞ്ചായത്തുകൾക്കും നഗരസഭകൾക്കും പ്രത്യേകം അക്കൗണ്ട് ഫോർമാറ്റുകൾ ശുപാർശ ചെയ്തു. പഞ്ചായത്തുകൾക്ക് കാഷ് അടിസ്ഥാനത്തിലുള്ള സിംഗിൾ എൻട്രി അക്കൗണ്ടിംഗ് സംവിധാനവും നഗരസഭകൾക്ക് അക്രൂവൽ അടിസ്ഥാനത്തിലുള്ള ഡബിൾ എൻട്രി സംവിധാനവുമാണ് ശുപാർശ ചെയ്തത്. ഇതു രണ്ടും സംസ്ഥാന സർക്കാർ നടപ്പാക്കി. 2004 ഏപ്രിൽ 1 മുതൽ ത്രിതല പഞ്ചായത്തുകളിൽ പുതിയ രീതി നടപ്പാക്കി. 2007 ഏപ്രിൽ 1 മുതൽ 7 നഗരസഭകളിലും 2010 ഏപ്രിൽ 1 മുതൽ ബാക്കി നഗരസഭകളിലും പുതിയ അക്കൗണ്ടിംഗ് രീതി നിലവിൽ വന്നു.

52 നഗരസഭകളിൽ ഇൻഫർമേഷൻ കേരള മിഷൻ (ഐകെഎം) വികസിപ്പിച്ചെടുത്ത ഡബിൾ എൻട്രി അക്കൗണ്ടിംഗ് സോഫ്റ്റ്‌വെയർ ആയ 'സാംഖ്യ'യാണ് വിന്യസിച്ചിട്ടുള്ളത്. റവന്യൂ മൊഡ്യൂളായ സഞ്ചയ, പ്ലാൻ മോണിറ്ററിംഗ് മൊഡ്യൂളായ സുലേഖ, സിവിൽ രജിസ്ട്രേഷനുള്ള സേവന, ഫയൽ ട്രാക്കിംഗ് മൊഡ്യൂളായ സൂചിക, ശമ്പളബിൽ സംബന്ധിച്ച സ്ഥാപന തുടങ്ങിയ ഐകെഎം വികസിപ്പിച്ചെടുത്ത വിവിധ സോഫ്റ്റ്‌വെയറുകളുമായി ഇണങ്ങിയാണ് സാംഖ്യ പ്രവർത്തിക്കുന്നത്. സാംഖ്യ വിന്യാസം പൂർത്തിയായിക്കഴിയുന്ന മുറയ്ക്ക് പഴയ സോഫ്റ്റ്‌വെയർ നിലവിലുള്ള നഗരസഭകളിലും സാംഖ്യ ആപ്ലിക്കേഷൻ വിന്യസിക്കുന്നതാണ്.

നഗരസഭകളിലെ അക്കൗണ്ടിംഗ് സമ്പ്രദായം പൂർണ്ണമായും കംപ്യൂട്ടർവൽകൃതമാണ്. പഞ്ചായത്തുകളിലെ പുതിയ അക്കൗണ്ടിംഗ് ചട്ടങ്ങൾ നിലവിൽ വരുന്നതോടെ അവിടെയും സാംഖ്യ വിന്യസിക്കുന്നതായിരിക്കും.

ഐകെഎം വിന്യസിച്ച സഞ്ചയ സോഫ്റ്റ്‌വെയർ ഉപയോഗിച്ച് പല നഗരസഭകളിലും പഞ്ചായത്തുകളിലും വസ്തുനികുതി, തൊഴിൽ നികുതി, വാടക, ഡി &ഓ, പിഎഫ്എ ലൈസൻസ് ഫീ തുടങ്ങിയവയുടെ അസസ്മെന്റ്/ഡിമാൻഡ് രജിസ്റ്ററുകൾ കംപ്യൂട്ടർവല്ക്കരിച്ചിട്ടുണ്ട്. ഇപ്രകാരം ചെയ്തിട്ടുള്ള നഗരസഭകളിൽ സാംഖ്യയും സഞ്ചയയും സംയോജിച്ചു പ്രവർത്തിക്കുന്നതു കാരണം കൗണ്ടറിൽ വരുന്ന നികുതിദായകന് തന്റെ പേരിലുള്ള ഡിമാൻഡ് എത്രയെന്നു സ്ക്രീനിൽ കാണാൻ കഴിയും. ഈ തുകയ്ക്ക് രസീത് നൽകുന്നതിന് ഒന്നും ടൈപ്പ് ചെയ്യേണ്ടതില്ല; ക്ലിക്ക് ചെയ്ത് രസീത് പ്രിന്റ് ചെയ്താൽ മതി. നികുതിദായകന് നഗരസഭയുടെ വെബ്സൈറ്റ് സ്വന്തം വീട്ടിലിരുന്നുതന്നെ പരിശോധിക്കാം. ക്രെഡിറ്റ് കാർഡ്/ഡെബിറ്റ് കാർഡ് ഉപയോഗിച്ച് വീട്ടിലിരുന്നുതന്നെ നികുതി അടയ്ക്കാനുള്ള ഇ-പേയ് മെന്റ് സംവിധാനവും ഒരുങ്ങിക്കഴിഞ്ഞു.

നികുതിദായകരുടെ ഡിമാൻഡ് സംബന്ധിച്ച മുഴുവൻ വിവരവും ശേഖരിച്ചിട്ടുള്ള കൊച്ചുയന്ത്രം ഔട്ട്ഡോർ കളക്ഷൻ ഉദ്യോഗസ്ഥരുടെ കൈകളിലെത്തിക്കാനുള്ള ശ്രമവും പുരോഗമിക്കുന്നു. ഇതു സംബന്ധിച്ച പരീക്ഷണങ്ങൾ ഇൻഫർമേഷൻ കേരള മിഷനിൽ നടക്കുന്നു. അതു പൂർത്തിയായാൽ പിരിച്ചെടുത്ത തുകയുടെ വിവരം നികുതിദായകന്റെ പേരിനുനേരെ ഡിമാൻഡ് രജിസ്റ്ററിൽ എത്തിച്ചേരുന്നതിന് ഈ യന്ത്രം കേബിൾ വഴി കംപ്യൂട്ടറിൽ ഘടിപ്പിച്ചാൽ മാത്രം മതി.

*(ശേഷം പേജ് 34)*



മുരളീധരൻ തഴക്കര

ഗ്രാമ നന്മകളിലേയ്ക്കുള്ള തിരിച്ചുപോക്ക് ഇന്ന് ആഗോളാടിസ്ഥാനത്തിൽ ചിന്താവിഷയമാണ്. അത് പ്രകൃതിയിലേയ്ക്കും മനുഷ്യനിലേയ്ക്കുമുള്ള യാത്ര കൂടിയാണ്. കാലത്തിന്റെ പ്രവാഹത്തിൽ ഉപഭോഗ തൃഷ്ണയുടേയും പ്രകൃതി ചൂഷണത്തിന്റെയും വഴിയിലാണ് മനുഷ്യൻ മുന്നേറ്റം അധികവും നടത്തിയത്. അത് സർവ്വനാശത്തിന്റെ പടിവാതിലിൽ നമ്മെ എത്തിച്ചു. ലോകത്തിന്റെ പല കോണുകളിൽ അന്ധകാരത്തിൽ ചെറിയ ചില ദീപങ്ങൾ പോലെ, പരിശ്രമങ്ങൾ തുടങ്ങി – തിരിച്ചു വരവിനായി. അതിന്റെ പരിണതഫലമായിരുന്നു ഗ്രാമീണ കാർഷിക വിജ്ഞാനത്തിന്റെ തിരിച്ചുവരവ്. കേരളത്തിലും പല കോണുകളിലായി അതിനുള്ള ശ്രമങ്ങൾ നടക്കുന്നുണ്ട്. അത്തരമൊരു അബോധ പ്രവർത്തനത്തിന്റെ ഫലമാണ് ഗ്രാമീണവും കാർഷികവുമായ സംജ്ഞകളുടെ സമാഹരണത്തിനായുള്ള ശ്രമം. ഇതൊരു തുടക്കം മാത്രമാണ് – എങ്കിലും സാർത്ഥകമായ തുടക്കം.

# തേഞ്ഞു മാഞ്ഞു പോകുന്ന ഗ്രാമീണ മൊഴിമുത്തുകൾ

അതിർത്തികൾ ഭൂമിയിൽ വന്നു തുടങ്ങിയതെന്നാണാവോ? സ്വന്തം എന്ന് തോന്നിത്തുടങ്ങിയപ്പോഴാവണം. ഭൂമിയുടെ അതിർത്തികൾ പലതരത്തിൽ പലയിടത്ത് കാണപ്പെട്ടു. മരങ്ങളായി കല്ലുകളായി കുന്നുകളായി കുഴികളായി ആറായി തോടായി പുഴയായി കടലായി അങ്ങനെയങ്ങനെ... പിന്നെ പിന്നെ അതു പോരാതായി. വ്യക്തമായ ചില നിബന്ധനകൾ വേണ്ടി വന്നു. ഓരോ നാടിനും ഓരോതരം അതിർത്തികൾ. അവിടെവിടെ ലഭ്യമായ വസ്തുക്കൾ ഉപയോഗിച്ച് നിർമ്മിക്കുന്നവ.

കേരളത്തിന്റെ നാട്ടിൻപുറങ്ങൾ തനതായ അതിർത്തി രേഖകൾ കൊണ്ട് സമൂഹത്തിന്റെ വ്യക്തിത്വം വെളിവാക്കിയിട്ടുണ്ട്. മണ്ണുകൊണ്ട് അതിർത്തി തീർത്തും എല്ലായിടത്തും-അതിരുകൾ കയ്യാലകൾ എന്നിങ്ങനെ. അതിരു തോന്നിക്കുക എന്നാണ് പറയുന്നത്. അതിർത്തി അടയാളപ്പെടുത്തുക എന്ന ലക്ഷ്യം മാത്രമേ അതിനുള്ളൂ. ഒരാളുടെ അതിർത്തിയിൽ നിന്നും അയൽക്കാരന്റെ പറമ്പിയ്ലേക്കു കടക്കാൻ തെല്ലും തടസ്സമില്ല. മനുഷ്യനെ മനുഷ്യനിൽ നിന്നും അകറ്റുക ലക്ഷ്യമല്ല.

അതിർത്തികളിൽ വളർന്നുവന്ന മരങ്ങളും ചെടികളും ഒരടയാളമാണ് എന്നു കണ്ടിട്ടാണ് വേലികൾ ഉണ്ടാവുന്നത്. ചിലേടത്ത് ചെമ്പരത്തിയും കടലാവണക്കും മുരിക്കും കൈതയും ശീമക്കൊന്നയും വെച്ചുപിടിപ്പിച്ചിരിക്കുന്നത് കാണാം. പൂക്കളുടെ ഭംഗിയും അതിർത്തിയുടെ ധർമ്മവും പരിസ്ഥിതിക്ക് പരിരക്ഷയും ഒരേ സമയം നിർവ്വഹിക്കപ്പെടും എന്നതാണതിന്റെ ഗുണം. പിന്നെ അതിർത്തിക്കായി 'വേലികെട്ടുക' എന്ന സ്ഥിതി വന്നു. വേലിയും, വേലികെട്ടും വേലിപ്പടർപ്പും ഒക്കെയായി ബന്ധപ്പെട്ട പദാവലികളുടെ സമാഹാരമാണ് നടത്തുന്നത്. പ്രാഥമികാന്വേഷണത്തിൽ ശ്രദ്ധയിൽപ്പെട്ടവ - ഇനിയും എത്രയോ വാക്കുകൾ വിവിധ ദേശങ്ങളിൽ ഉണ്ടാവും.

### വേലി

പണ്ട് പുരയിടത്തിന്റെ അതിരറിയുവാൻ വേണ്ടി അയൽപക്കക്കാരുടെ സഞ്ചാരമോ കാഴ്ചയോ തടയാതെ നിലനിന്നുപോന്ന ഒരു അതിർത്തി നിർണ്ണയസംവിധാനം. അയലത്തെ പശു അതിക്രമിച്ചു കയറരുത് എന്നു മാത്രമേ ഉദ്ദേശ്യമുള്ളൂ. മനുഷ്യന് നിർബാധം സഞ്ചരിക്കാൻ വേണ്ട വിടവുകൾ ഉണ്ടാവും. 'വേലി തന്നെ വിളവു തിന്നുക' എന്നത് ഒരു പറഞ്ഞു പതിഞ്ഞ ശൈലിയാണല്ലോ.

### വേലിക്കല്ല്

അതിര് തിട്ടപ്പെടുത്തുവാനായി വേലി





കെട്ടുന്നതിന് പകരം വേലിക്കല്ല് മാത്രം കുഴിച്ചിടുന്ന രീതിയുണ്ടായിരുന്നു. അപ്പോഴും ബന്ധവസ്സായ വേലികെട്ടി മറച്ച് അയൽക്കാരുടെ സഞ്ചാരവും കാഴ്ചയും തടയാതെ അതിരിൽ അങ്ങിങ്ങായി വേലിക്കല്ല് നാട്ടിയിരുന്നു.

**മുരിപ്പ്**

ചെറിയ തിണ്ടുപോലെ അതിരു കോരി പുരയിടത്തിന്റെ അതിർത്തി തിരിച്ചിരുന്നു - അതിരു കണക്കാക്കി 'മുരിപ്പിടുക' എന്നാണ് ഇതിന് സാധാരണ പറയുക. ഈ മുരിപ്പിൽ കന്നുകാലികൾക്കുള്ള ചിലതരം പുല്ലുകൾ നട്ടുവളർത്തുന്നവരുമുണ്ട്. മഴക്കാലത്ത് വെള്ളം ഒലിച്ചു ചാടി മണ്ണ് നഷ്ടമാകുന്നത് തടയുവാനുള്ള ഒരു പ്രതിരോധവുമായിരുന്നു മുരിപ്പ്.

**എലിക**

ഒരു പുരയിടത്തിന്റെ അഥവാ വസ്തുവിന്റെ എലിക പറയുമ്പോൾ നാല് അതിരുകളോടു ചേർന്നു കിടക്കുന്ന സ്ഥലം, റോഡ്, വീട്, തോട് എന്നിവയെല്ലാം കൃത്യമായി സൂചിപ്പിക്കുകയാണ് ചെയ്യുക. ഉദാഹരണത്തിന് ഒരു പുരയിടത്തിന്റെ എലിക പറയുമ്പോൾ വടക്ക് ചേർന്ന് മെയിൻറോഡ്, തെക്ക് ചേർന്ന് നീരൊഴുക്ക് തോട്, പടിഞ്ഞാറ് ചേർന്ന് ഞാറക്കണ്ടത്തിൽ ഔസേപ്പിന്റെ വീടും പുരയിടവും എന്നിങ്ങനെയാകും പറയുക.

**സർവ്വേക്കല്ല്**

ഒരു പുരയിടം സർവ്വേയോ, റീ സർവ്വേയോ നടത്തി അളന്നു തിരിച്ച് അതിർത്തി നിർണ്ണയിച്ച് സർക്കാർ നിബന്ധനപ്രകാരം കോൺക്രീറ്റ് ചെയ്ത് കല്ല് കുഴിച്ചിടുന്നു. ഈ സർവ്വേക്കല്ല് ഇളക്കി മാറ്റുവാനോ, സ്ഥാനം മാറ്റി ഇടുവാനോ പാടുള്ളതല്ല.

**മുള വേലി**

പുരയിടത്തിന്റെ അതിർത്തി കോരി മുരിപ്പിട്ട് അതിൽ ശീമക്കൊന്നയോ മരച്ചീനികമ്പോ തുരന്നിട്ട് അനധികൃതമായി പോക്കുവരവ് തടയുന്നതിനായി മുളം ചില്ലികൾ ചേർത്തു വെച്ച് കെട്ടുന്നു. കല്ലൻമുള ചെറുതായി കീറി ഈ മുളംകീറിൽ ചേർത്താണ് മുളംചില്ലികൾ കെട്ടിവെയ്ക്കുന്നത്.

**മറവേലി**

ചിലർ വേലികെട്ടി ഓലകൊണ്ട് മറക്കുന്ന തരത്തിലേക്ക് വേലിക്ക് പരിഷ്ക്കാരം വന്നു. ഒരല്പം സ്വകാര്യത-എന്റെ അതിർത്തിയിലേയ്ക്ക് നിന്റെ കണ്ണുകൾ കടന്നു വരേണ്ട എന്ന താക്കീത്. അങ്ങനെ സാധാരണ വേലി മറവേലിയായി മാറി.

**മുള്ളുവേലി**

മുളവേലിക്കും മുരിപ്പിനും മറ്റും ഉറപ്പുപോരാ എന്ന് തോന്നിയപ്പോഴാണ് 'മുള്ളുവേലി'യിലേയ്ക്കുള്ള ചുവടുമാറ്റം. അതിർത്തിയിൽ കല്ലോടു കല്ല് കയറുപിടിച്ച് തുല്യഅകലത്തിൽ കരിങ്കല്ലുകൊണ്ടുള്ള വേലിക്കല്ല് ആഴത്തിൽ തുരന്നിട്ട് ഉറപ്പിക്കുന്നു. അതിൽ ചുറ്റി മുള്ളുകമ്പിബലമായി വലിച്ച് മുറുക്കി കെട്ടുന്നു. ചേർന്നുചേർന്ന് മുള്ളുകമ്പി വലിഞ്ഞു മുറുകി നിൽക്കുമ്പോൾ അതിനിടയിൽ കൂടി സഞ്ചാരം അസാദ്ധ്യമാകും പക്ഷേ കാഴ്ച തടയപ്പെടുന്നില്ല എന്നത് ഭാഗ്യം.

**മതിൽ**

കാലത്തിന്റെ വലിയ ഗതിയിൽ മതിലുകൾ വ്യാപകമായി. കോട്ടകൾക്കും കൊട്ടാരങ്ങൾക്കും ക്ഷേത്രങ്ങൾക്കും മാത്രം പതിവുണ്ടായിരുന്ന ചുറ്റുമതിലുകൾ മെല്ലെ ഓരോരുത്തരും സ്വീകരിച്ചും അയൽക്കാരനെ ശക്തമായി തള്ളിമാറ്റുന്നതായി മതിലുകൾ. ക്രമേണ മതിലിന് പൊക്കം കൂടി കൂടി വന്നു. അതിർത്തികൾ എന്ന സാങ്കേതിക സംജ്ഞയിൽ നിന്നും സ്വയം അകറ്റി നിർത്താൻ ഉപകരിക്കുന്ന വലിയ ആത്മപീഡന വസ്തുവായി മതിലുകൾ മാറി. വലിയ മതിലുകൾ ആഢ്യത്വ ചിഹ്നങ്ങളായി.

**വേലിപ്പടർപ്പ്**

പടർന്നു വളരുന്ന പലി വള്ളിച്ചെടികളും വേലിയിൽ ചുറ്റിപ്പടർന്ന് സമൃദ്ധമായി വളരുമായിരുന്നു. ശംഖുപുഷ്പം പോലെയുള്ള വള്ളിച്ചെടികൾ വേലിപ്പടർപ്പിൽ പൂവിട്ടു നില്ക്കുന്നത് ഹൃദ്യമായൊരു കാഴ്ചയായിരുന്നു. ഹരിതാഭമായ ഒരു വേലിപ്പടർപ്പായി ഇത് മാറുന്നു. കാഴ്ച മറയ്ക്കുന്നില്ലെന്ന് മാത്രമല്ല ഈ ഹരിതവേലി കാഴ്ചയ്ക്ക് ഇമ്പം മാകുകയാണ്

**കൈത**

പുരയിടങ്ങളുടെ അതിർത്തി തിരിച്ച് അതിന്മേൽ നിരനിരയായി കൈതയും കടലാവണക്കും മറ്റും നടുന്നത് പഴയ രീതി. ആൺ കൈതയും പെൺ കൈതയുമുണ്ട്. കൈത വളർന്ന് കഴിഞ്ഞാൽ ഇവയുടെ മുള്ളുകാരണം അവയ്ക്കിടയിലൂടെ കടന്നുകയറുക ബുദ്ധിമുട്ടാകും. പഴയ നാട്ടിടവഴികളിലൂടെ നടക്കുമ്പോൾ കൈതപ്പൂവിന്റെ ഹൃദയഹാരിയായ സുഗന്ധം അതൊരനുഭവമാണ്. കൈതയുടെ ഓല മുറിച്ചെടുത്ത് മുള്ളു ചീകികളഞ്ഞ് ഉണക്കിയെടുത്താണ് പായ നെയ്തിരുന്നത്. കടലാവണക്കിന്റെ ഇലത്തണ്ട് ഒടിച്ച് ഊതി കുമിളകൾ ആകാശത്തിലേയ്ക്ക് ഉയർന്നുപൊങ്ങുന്ന കാഴ്ച മറ്റൊരനുഭവം.

**ശീമക്കൊന്ന**

വളരെ പെട്ടെന്ന് വളരുന്നതും കടൽ കടന്നെത്തിയ വിദേശിയുമായ സസ്യമാണ് ശീമക്കൊന്ന. വേലികെട്ടാൻ വേണ്ടി സൃഷ്ടിച്ചതാണെന്ന് തോന്നും വിധമുള്ള ആകൃതിയും പ്രകൃതിയുമാണ് ശീമക്കൊന്നയ്ക്ക്. നമ്മുടെ വേലികളെല്ലാം ശീമക്കൊന്ന കയ്യടക്കിയ ഒരു കാലമുണ്ടായിരുന്നു. ഒരേ ഘനത്തിൽ ഒരേ നീളത്തിൽ ബലമുള്ള കമ്പുകൾ. വേലികെട്ടാനായി ഉപയോഗിക്കുന്ന കമ്പുകളെ വേലിപ്പത്തലുകൾ എന്നാണ് പൊതുവെ പറയുക. പച്ചിലവളമായും കാലിത്തീറ്റയായുമൊക്കെ ശീമക്കൊന്നയുടെ ഇല ഉപയോഗിച്ചിരുന്നു.

**വേലിച്ചീനി**

വേലിപ്പത്തലായി മരച്ചീനിയുടെ ബലമുള്ള കമ്പും ഉപയോഗിച്ചിരുന്നു. 'എം.4' എന്ന ഇനം മരച്ചീനിയുടെ കമ്പാണ് കൂടുതലായും ഉപയോഗിച്ചിരുന്നത്. വേലി പൊളിച്ച് പുതുതായി കെട്ടുമ്പോൾ മുരിപ്പിൽ വളർന്നു നിൽക്കുന്ന 'വേലിച്ചീനി' പിഴുതെടുക്കും. സാധാരണയിൽ കവിഞ്ഞ കിഴങ്ങുപിടുത്തം വേലിച്ചീനിയുടെ പ്രത്യേകതയാണ്. ഇങ്ങനെ കിട്ടുന്ന മരച്ചീനി അയൽക്കാർക്കൊക്കെ പങ്കുവെയ്ക്കുകയും ചെയ്യും. അങ്ങനെ വേലിപ്പത്തൽ ഭക്ഷ്യ സുരക്ഷയ്ക്കും അയൽപക്ക സൗഹൃദത്തിനും ഉപാധിയായി മാറുകയും ചെയ്യുന്നു.

**ജൈവ വേലി**

സിമന്റും കരിങ്കല്ലും കൊണ്ടുള്ള മതിലിന് പകരം ചെടികളും വള്ളിപ്പടർപ്പുകളും കൊണ്ടുള്ള പ്രകൃതിയ്ക്കനുഗുണമായ സ്വാഭാവിക വേലിയാണിത്. ആഗോളതാപനത്തിന് മരമാണ് മറുപടി എന്ന് പറയുമ്പോൾ, മുരിക്കും ശീമക്കൊന്നയും കൈതയും കടലാവണക്കും പതിമുഖവും മറ്റും നട്ടുവളർത്തിയുണ്ടാക്കുന്ന 'ജൈവവേലിയിലേയ്ക്ക്' മടങ്ങുന്നത് മണ്ണിനും മനുഷ്യനും പരിസ്ഥിതിക്കും സുഖദമാണ്. ■

*ലേഖകൻ തിരുവനന്തപുരം ആകാശവാണിയിൽ പ്രോഗ്രാം എക്സിക്യൂട്ടീവാണ്.*

## ജനപ്രതിനിധികളും അക്കൗണ്ടും

(പേജ് 31ൽ നിന്ന്)

**ജനപ്രതിനിധികൾ ചെയ്യേണ്ട കാര്യങ്ങൾ**

- രസീത് നൽകാതെ ഒരു വരവും സ്വീകരിക്കുന്നില്ലെന്നും ബിൽ തയ്യാറാക്കി പ്രസിഡന്റ്/ചെയർപേഴ്സൺ/മേയർ അധികൃതമാക്കാതെ ഒരു ചെലവും നടത്തുന്നില്ലെന്നും ഉറപ്പു വരുത്തണം.
- മാന്വൽ സമ്പ്രദായത്തിൽ ഓരോ ദിവസവും കാഷ് ബുക്ക് ക്ലോസ് ചെയ്യുന്നുവെന്ന് ഉറപ്പുവരുത്തണം. കംപ്യൂട്ടർവൽകൃത സമ്പ്രദായത്തിൽ ഓരോ ദിവസവും വൈകുന്നേരം കാഷ് ബുക്കിന്റേയും ബാങ്ക് ബുക്കുകളുടേയും പ്രിന്റ് ഔട്ട് എടുത്ത് ഒപ്പിട്ട് സൂക്ഷിക്കുന്നുണ്ടെന്ന് ഉറപ്പു വരുത്തണം.
- ദിനംപ്രതിയുള്ള ഓരോ ഇടപാടുകളും മാന്വൽ സമ്പ്രദായത്തിലായാലും കംപ്യൂട്ടർവൽകൃത സമ്പ്രദായത്തിലായാലും അന്നേ ദിവസം തന്നെ രേഖപ്പെടുത്തുന്നുണ്ടെന്ന് ഉറപ്പുവരുത്തണം.
- പ്രതിമാസ അക്കൗണ്ട് അടുത്ത മാസം 10-ാം തീയതിക്കകം സെക്രട്ടറി തയ്യാറാക്കണം. ധനകാര്യ കമ്മിറ്റി പ്രതിമാസ അക്കൗണ്ട് വിശദമായി പരിശോധിക്കണം. ഈ പരിശോധനയ്ക്ക് ഓരോ മാസത്തേയും മുഴുവൻ വൗച്ചറുകളും ഒരു ഫയലായി തയ്യാറാക്കിയിട്ടുണ്ടെന്ന് ഉറപ്പുവരുത്തണം.
- നിർവഹണ ഉദ്യോഗസ്ഥർ, അവർക്കു ലഭിക്കുന്ന അലോട്ട്മെന്റ് വിനിയോഗിച്ചതിന്റെ കണക്ക്, അടുത്ത മാസം 5-ാം തീയതിക്കകം നൽകുന്നണ്ടെന്ന് ഉറപ്പുവരുത്തണം.
- ഓരോ വർഷത്തേയും കണക്ക്, വർഷം അവസാനിച്ചുകഴിഞ്ഞ് അധികം താമസിക്കാതെ, എന്നാൽ ജൂലായ് 31-നകം ഓഡിറ്റിനു സമർപ്പിച്ചുവെന്ന് ഉറപ്പുവരുത്തണം.
- വസ്തുനികുതി, തൊഴിൽ നികുതി, വാടക, ഡി&ഒ, പിഎഫ്എ ലൈസൻസ് ഫീസ് തുടങ്ങിയവയുടെ ഡാറ്റാബേസ് തയ്യാറാക്കുന്നതിനുള്ള തീരുമാനം എടുക്കണം (ഇതുവരെ എടുത്തിട്ടില്ലെങ്കിൽ). തുടർ നടപടികൾ ഉറപ്പുവരുത്തണം. ■

*ലേഖകൻ ഏജീസ് ഓഫീസിൽ സീനിയർ ഓഡിറ്റ് ഓഫീസറായിരുന്നു. ഇപ്പോൾ ഇൻഫർമേഷൻ കേരളമിഷനിൽ കൺസൾട്ടന്റാണ്*
*മൊബൈൽ : 9447454221*
*ഇ-മെയിൽ: ubkandeth@gmail.com*

## 2011-12 വാർഷിക പദ്ധതി തയ്യാറാക്കി അംഗീകാരം നേടുന്നതിന് സർക്കാർ നടപടി ക്രമങ്ങൾ നിശ്ചയിച്ച് ഉത്തരവായി സ.ഉ.(എം.എസ്)നമ്പർ 257/2010 തസ്വഭവ, തീയതി: 6.11.2010

| 2011-12 വാർഷിക പദ്ധതി | | |
|---|---|---|
| ക്രമ നം. | പ്രവർത്തനങ്ങൾ | അവസാന തീയതി |
| 1 | വർക്കിംഗ് ഗ്രൂപ്പുകളുടെ പുനസംഘടന | 2010 ഡിസംബർ 1 |
| 2 | വർക്കിംഗ് ഗ്രൂപ്പുകൾ വികസനാവസ്ഥ അപഗ്രഥനം ചെയ്ത് റിപ്പോർട്ടുകൾ തയ്യാറാക്കൽ | 2010 ഡിസംബർ 6 |
| 3 | ജില്ലാ ആസൂത്രണസമിതി, വർക്കിംഗ് ഗ്രൂപ്പ് റിപ്പോർട്ടുകൾ ക്രോഡീകരിച്ച് 2011-12 വാർഷിക പദ്ധതിയിൽ പാലിക്കേണ്ട ജില്ലാതല മുൻഗണനകൾ നിശ്ചയിക്കുന്നതിനായി തദ്ദേശഭരണ സ്ഥാപനങ്ങളുടെ യോഗം വിളിച്ചു ചേർക്കൽ | 2010 ഡിസംബർ 13 |
| 4. | ഗ്രാമസഭ/വാർഡ്സഭാ യോഗങ്ങൾക്ക് മുൻപ് സ്റ്റേക്ക്ഹോൾഡർമാരുമായി കൂടിയാലോചന | 2010 ഡിസംബർ 17 |
| 5. | ഗ്രാമ/വാർഡ്സഭാ യോഗങ്ങൾ | 2011 ജനുവരി 5 |
| 6. | ടെക്നിക്കൽ അഡ്വൈസറി ഗ്രൂപ്പുകളുടെ പുനസംഘടന | 2011 ജനുവരി 5 |
| 7. | ബ്ലോക്ക് പഞ്ചായത്തുകളും ജില്ലാ പഞ്ചായത്തുകളും മറ്റ് തലങ്ങളിലെ പഞ്ചായത്തുകളുമായി കൂടിയാലോചന നടത്തൽ | 2011 ജനുവരി 7 |
| 8. | തദ്ദേശഭരണ സ്ഥാപനങ്ങൾ കരട് പദ്ധതി തയ്യാറാക്കൽ | 2011 ജനുവരി 15 |
| 9. | വികസന സെമിനാർ | 2011 ജനുവരി 20 |
| 10. | പ്രോജക്ടുകൾ തയ്യാറാക്കിയതിനുശേഷം പദ്ധതിക്ക് അന്തിമരൂപം നൽകി ടെക്നിക്കൽ അഡ്വൈസറി ഗ്രൂപ്പിന് സമർപ്പിക്കൽ | (എ) ഗ്രാമപഞ്ചായത്തുകളും മുനിസിപ്പാലിറ്റികളും കോർപ്പറേഷനുകളും - 2011 ഫെബ്രുവരി 1 (ബി) ബ്ലോക്ക് പഞ്ചായത്തുകളും ജില്ലാപഞ്ചായത്തുകളും - 2011 ഫെബ്രുവരി 10 |
| 11 | ജില്ലാ ആസൂത്രണസമിതിയുടെ അംഗീകാരം | (എ) ഗ്രാമപഞ്ചായത്തുകളും മുനിസിപ്പാലിറ്റികളും കോർപ്പറേഷനുകളും - 2011 ഫെബ്രുവരി 14 (ബി) ബ്ലോക്ക് പഞ്ചായത്തുകളും ജില്ലാപഞ്ചായത്തുകളും - 2011 ഫെബ്രുവരി 25 |
| 2011-12ലെ പട്ടികവർഗ്ഗ ഉപപദ്ധതി | | |
| 1 | വർക്കിംഗ് ഗ്രൂപ്പുകളുടെ പുനസംഘടന | 2010 ഡിസംബർ 1 |
| 2 | പശ്ചാത്തലം ഒരുക്കൽ, വികസനാവസ്ഥയുടെ അപഗ്രഥനം | 2010 ഡിസംബർ 6 |
| 3 | ഊരുകൂട്ട യോഗങ്ങൾ | 2011 ജനുവരി 5 |
| 4 | ഗ്രാമപഞ്ചായത്ത്/മുനിസിപ്പാലിറ്റി തലത്തിൽ പദ്ധതി രൂപീകരണയോഗം | 2011 ജനുവരി 10 |
| 5 | കരട് പദ്ധതിക്ക് അന്തിമരൂപം നൽകൽ | 2011 ജനുവരി 15 |
| 6 | വികസന സെമിനാർ | 2011 ജനുവരി 20 |
| 7 | പദ്ധതിക്ക് അന്തിമ രൂപം നൽകി ടെക്നിക്കൽ അഡ്വൈസറി ഗ്രൂപ്പിന്റെ പ്രത്യേക കമ്മിറ്റിക്ക് സമർപ്പിക്കൽ | (എ) ഗ്രാമപഞ്ചായത്തുകളും മുനിസിപ്പാലിറ്റികളും കോർപ്പറേഷനുകളും - 2011 ഫെബ്രുവരി 1 (ബി) ബ്ലോക്ക് പഞ്ചായത്തുകളും ജില്ലാപഞ്ചായത്തുകളും - 2011 ഫെബ്രുവരി 10 |
| 8 | ജില്ലാ ആസൂത്രണസമിതിയുടെ അംഗീകാരം | (എ) ഗ്രാമപഞ്ചായത്തുകളും മുനിസിപ്പാലിറ്റികളും കോർപ്പറേഷനുകളും - 2011 ഫെബ്രുവരി 14 (ബി) ബ്ലോക്ക് പഞ്ചായത്തുകളും ജില്ലാപഞ്ചായത്തുകളും - 2011 ഫെബ്രുവരി 25 |
| 9 | പദ്ധതി പ്രചാരണം | - 2011 മാർച്ച് 15 |



# ഞാൻ കണ്ട ഡൽഹി

ലേഖനപരമ്പര - 13



റോയ് ചാക്കോ ഇളമണ്ണൂർ

ചുവന്ന പാറക്കല്ലുകളാൽ നിർമ്മിച്ചിരിക്കുന്ന റെഡ്ഫോർട്ട് ഇന്ത്യൻ ചരിത്രത്തിലെ നിരവധി സംഭവങ്ങൾക്ക് സാക്ഷ്യം വഹിച്ചിട്ടുണ്ട്. അതിൽ ഏറ്റവും പ്രധാനപ്പെട്ട രണ്ടെണ്ണമാണ് മുഗൾ സാമ്രാജ്യത്തിന്റെ അന്ത്യവും ഇന്ത്യൻ സ്വാതന്ത്ര്യത്തിന്റെ പ്രഖ്യാപനവും. മൂന്നു നൂറ്റാണ്ട് നീണ്ട മുഗൾ ഭരണത്തിന് അന്ത്യം കുറിച്ചുകൊണ്ട് അവസാന മുഗൾചക്രവർത്തിയായ ബഹദൂർഷാ സഫറിൽ നിന്ന് ബ്രിട്ടീഷുകാർ അധികാരം പിടിച്ചെടുത്തത് ഇവിടെനിന്നാണ്. ഭാരതത്തിന്റെ പ്രഥമ പ്രധാനമന്ത്രി ജവഹർലാൽ നെഹ്റു ഇവിടെ നിന്നുകൊണ്ടാണ് ബ്രിട്ടീഷ് കോളനി ഭരണത്തിൽ നിന്നുള്ള രാജ്യത്തിന്റെ സ്വാതന്ത്ര്യപ്രഖ്യാപനം നൽകിയത്. അന്നുമുതൽ എല്ലാ വർഷവും ആഗസ്റ്റ് 15-ാം തീയതി പ്രധാനമന്ത്രി രാഷ്ട്രത്തെ അഭിസംബോധന ചെയ്യുന്നത് ചുവപ്പുകോട്ടയിൽ നിന്നുകൊണ്ടാണ്. മുന്നിലുള്ള മൈതാനത്ത് ആയിരക്കണക്കിന് ജനങ്ങൾക്ക് ഇരിക്കാൻ സൗകര്യമുണ്ട്. രണ്ടര കിലോമീറ്ററോളമാണ് കോട്ടയുടെ ചുറ്റളവ്. കോട്ടയുടെ ഒരു വാതിൽ മുഗൾ കാലത്ത് ഡൽഹിയുടെ വാണിജ്യസിരാകേന്ദ്രമായിരുന്ന ചാന്ദ്നി ചൗക്കിലേയ്ക്കാണ്. ഇപ്പോഴും ഇവിടം ഡൽഹിയിലെ പ്രസിദ്ധമായ ഒരു ബിസിനസ് കേന്ദ്രമാണ്. ഇന്ത്യയിലെ ഒരു പ്രധാന വാണിജ്യകേന്ദ്രമായ ചാന്ദ്നി ചൗക്കിൽ മെട്രോ ട്രയിൻ സ്റ്റേഷനുണ്ട്. ചാന്ദ്നി ചൗക്കിന് സമീപമാണ് ഡൽഹിയിലെ മൂന്ന് പ്രധാന റയിൽവേ സ്റ്റേഷനുകളിലൊന്നായ 'പഴയ ഡൽഹി റയിൽവേ സ്റ്റേഷൻ'.

ചുവപ്പ് കോട്ടയിൽ തിങ്കൾ ഒഴികെ എല്ലാ ദിവസവും പ്രവേശനമുണ്ട്. പത്ത് രൂപയാണ് ടിക്കറ്റ് നിരക്ക്. കോട്ടയ്ക്കുള്ളിലെ മ്യൂസിയങ്ങൾ കൂടി കാണുവാൻ 5 രൂപയുടെ പ്രത്യേകം ടിക്കറ്റ് എടുക്കണം. വിദേശികൾക്ക് 150 രൂപയാണ് ടിക്കറ്റ് നിരക്ക്. ലാഹോറി ഗേറ്റ് വഴിയാണ് ടൂറിസ്റ്റുകളെ കടത്തിവിടുന്നത്. കോട്ടയ്ക്കുള്ളിലേയ്ക്ക് പ്രവേശിക്കുമ്പോൾ ഇരുവശവും വ്യാപാര സ്ഥാപനങ്ങളാണ് നമ്മെ വരവേൽക്കുന്നത്. ഹാന്റിക്രാഫ്റ്റ്, തുണിത്തരങ്ങൾ, ബാഗുകൾ, മാർബിൾ ശില്പങ്ങൾ എന്നിവ വിൽക്കുന്ന ഇരുപത്തഞ്ചോളം കടകൾ ഇരുവശത്തുമായിട്ടുണ്ട്.

കോട്ടയ്ക്കുള്ളിലെ 'ഇന്ത്യൻ വാർ മെമ്മോറിയൽ മ്യൂസിയ'ത്തിൽ പടക്കോപ്പുകൾ, പടച്ചട്ടകൾ, ആയുധങ്ങൾ മുതലായവ കാണാം. 'ഇന്ത്യൻ ഫ്രീഡം സ്ട്രഗിൾ മ്യൂസിയത്തിൽ' സ്വാതന്ത്ര്യ സമരസേനാനികളുടെ പ്രതിമകൾ ഉണ്ട്. ചരിത്രവും സംക്ഷിപ്തമായി കുറിച്ചുവച്ചിട്ടുണ്ട്. ഇരുനില കെട്ടിടത്തിലാണ് ഈ മ്യൂസിയം. 'മുംതാസ് മഹൽ' എന്ന





മ്യൂസിയത്തിൽ 17-ാം നൂറ്റാണ്ടിലെ പാത്രങ്ങൾ, വിവിധ രാജാക്കന്മാർ ഉപയോഗിച്ചിരുന്ന ഖുറാൻ, ചെറിയ ആയുധങ്ങൾ, ഫ്ളോർ മാറ്റുകൾ, രാജാവും റാണിയും ഓരോ അവസരങ്ങളിൽ ഉപയോഗിച്ചിരുന്ന വസ്ത്രങ്ങൾ എന്നിവ സൂക്ഷിച്ചിരിക്കുന്നു.

ഹാൾ ഓഫ് പബ്ലിക് ഓഡിയൻസ് എന്നറിയപ്പെടുന്ന 'ദിവാൻ-ഇ-ആം' ഒരു ഗ്രൗണ്ടാണ്. പേര് സൂചിപ്പിക്കുംപോലെ ജനങ്ങൾക്ക് ഇരിക്കാനുള്ള സ്ഥലം. ഹാൾ ഓഫ് പ്രൈവറ്റ് ഓഡിയൻസ് (ദിവാനി ഖാസും) അകത്ത് കാണാം. രംഗ് മഹൾ (പ്ലേസ് ഓഫ് കളേഴ്സ്) സമീപം. ഇവിടൊക്കെ ഇപ്പോൾ ടൂറിസ്റ്റുകൾക്ക് പ്രവേശനമില്ല.

കോട്ടയ്ക്കുള്ളിൽ നിരവധി കെട്ടിടങ്ങൾ കാണാം. ഇപ്പോൾ അവിടൊക്കെ മെയിന്റനൻസ് ജോലികൾ നടന്നുവരുന്നു. CRPF എന്ന ബോർഡും കാണാം. ഇവിടേയ്ക്കും പൊതുജനങ്ങൾക്ക് പ്രവേശനമില്ല. കോട്ടയ്ക്കുള്ളിൽ പണ്ട് ഉണ്ടായിരുന്ന ചെറിയ പൂന്തോട്ടത്തിന്റെ ഭാഗങ്ങളും കാണാം. ഇപ്പോൾ ചെടികളൊന്നുമില്ല.

ഡൽഹിയിൽ പലയിടങ്ങളിലായി നിരവധി മ്യൂസിയങ്ങളുണ്ട്. ഇവിടങ്ങളിലെല്ലാം ദിനംപ്രതി നൂറുകണക്കിന് സന്ദർശകർ എത്തുന്നുമുണ്ട്. ചുവപ്പുകോട്ടയ്ക്ക് പ്രധാനമായും രണ്ട് വാതിലുകളുണ്ട്. ഒന്നിന് ഡൽഹിഗേറ്റ് എന്നും മറ്റതിന് ലാഹോർ ഗേറ്റ് എന്നും പേർ നൽകിയിരിക്കുന്നു. പഴയ ഡൽഹിയിലെ ഏറ്റവും വലിയ ടൂറിസ്റ്റുകേന്ദ്രമാണ് ഇപ്പോൾ ഇത്. മൂവായിരത്തിലേറെ ആൾക്കാർ ഈ കോട്ടയ്ക്കുള്ളിലെ കൊട്ടാരത്തിൽ രാജഭരണകാലത്ത് താമസിച്ചിരുന്നു. പിന്നീട് മുഗൾഭരണകർത്താക്കളിൽ നിന്ന് ബ്രിട്ടീഷുകാർ പിടിച്ചടക്കി. 1947 ൽ ഇന്ത്യക്ക് സ്വാതന്ത്ര്യം കിട്ടിയപ്പോൾ ഇന്ത്യൻ സേന കൊട്ടാരത്തിന്റെയും കോട്ടയുടെയും സുരക്ഷ ഏറ്റെടുത്തു. 2003 ഡിസംബറിൽ ഇന്ത്യൻ സേന, ചുവപ്പുകോട്ട ഇന്ത്യൻ ടൂറിസം അധികൃതർക്ക് കൈമാറി.

ഭാരതത്തിന്റെ തലസ്ഥാന നഗരിയായ ഡൽഹി പുരാതനകാലം മുതൽ തന്നെ പല രാജവംശങ്ങളുടെയും ആസ്ഥാനമായിരുന്നതിനാൽ പൗരാണികചരിത്രമുറങ്ങുന്ന മെട്രോപ്പോലിറ്റൻ നഗരമായി ന്യൂഡൽഹിയെ വിശേഷിപ്പിക്കാം. പാണ്ഡവരുടെ ആസ്ഥാനമായിരുന്നത്രേ ഇന്ദ്രപ്രസ്ഥം. ആ ഇന്ദ്രപ്രസ്ഥമാണത്രെ ഇപ്പോഴത്തെ പഴയ ഡൽഹി. ഡൽഹി നഗരത്തിലെ 'പുരാന കില' (പഴയ കോട്ട) നിൽക്കുന്ന സ്ഥലത്തായിരുന്നു ഇന്ദ്രപ്രസ്ഥ ആസ്ഥാനം എന്ന് കരുതപ്പെടുന്നു. തുടർന്ന് സുൽത്താൻമാരും മുഗളന്മാരും ഡൽഹിയുടെ അധിപരായി. കാലമേറെ കഴിഞ്ഞപ്പോൾ, ഇന്ത്യ സ്വതന്ത്രമായപ്പോൾ രാജ്യത്തിന്റെ ഭരണസിരാകേന്ദ്രമായി.

ഹുമയൂൺ പണികഴിപ്പിച്ച് ഷെർഷാ പുതുക്കി പണിത, ഡൽഹിയിലെ പഴയകോട്ട നഗരത്തിന്റെ 16-ാം നൂറ്റാണ്ടിലെ മതിലുകളായിരുന്നു. കോട്ടയ്ക്കുള്ളിൽ ഒരു മുസ്ലീം പള്ളിയുണ്ട്. ഈ പള്ളിയുടെ ടവറിൽ നിന്നു വീണാണ് ഹുമയൂൺ മരിച്ചത്. നാഷണൽ സുവോളജിക്കൽ പാർക്ക് പഴയകോട്ടയ്ക്കു സമീപമാണ്.

എന്നാൽ ചുവപ്പുകോട്ട (ലാൽകില) നിർമ്മിച്ചത് ഷാജഹാൻ ചക്രവർത്തിയാണ്. ആഗ്രയിൽ നിന്ന് ഡൽഹിയിലേയ്ക്ക് തലസ്ഥാനം മാറ്റിയതിന്റെ ഭാഗമായാണ് യമുനാനദിക്കു സമീപം പണിതീർത്ത ചുവപ്പുകോട്ട. 1648ലാണ് ഷാജഹാൻ ചക്രവർത്തി ചുവന്ന കല്ലുകൊണ്ടുള്ള ഈ കൊട്ടാരം നിർമ്മിച്ചത്.

ആഗ്രയിൽ നിന്ന് ഡൽഹിയിലേയ്ക്ക് 1638 ലാണ് ചക്രവർത്തി ഷാജഹാൻ തലസ്ഥാനം മാറ്റിയത്. അതിനുശേഷം അദ്ദേഹം 'ഷാജഹാനാബാദ്' (പഴയ ഡൽഹി) നിർമ്മാണം ആരംഭിച്ചു. 1649 ലാണ് ഈ നഗരം പൂർത്തിയാക്കിയത്. (ന്യൂഡൽഹി, ബ്രിട്ടീഷുകാർ വന്ന് സ്ഥാപിച്ചതാണ്). ചുവന്ന കോട്ടയുടെ പണി ആരംഭിച്ചത് 1639 ഏപ്രിൽ 16 നാണെന്ന് ആർക്കിയോളജിക്കൽ സർവേ ഓഫ് ഇന്ത്യയുടെ ഗ്രന്ഥത്തിൽ പറയുന്നു. 9 വർഷം കൊണ്ട് കോട്ടയുടെ പണി പൂർത്തിയായി. അന്ന് കോട്ടയ്ക്കും അകത്തെ കൊട്ടാരത്തിനുമായി ഒരു കോടി രൂപ ചെലവായതായാണ് കണക്ക്. 362 വർഷം മുൻപുള്ള ഒരു തുകയാണിതെന്നോർക്കണം. പാണ്ഡവരുടെ ആസ്ഥാനമായിരുന്ന ഇന്ദ്രപ്രസ്ഥത്തോടു ചേർന്നാണ് പഴയ ഡൽഹി സ്ഥാപിച്ചതെന്ന് കരുതപ്പെടുന്നു.

ഡൽഹിയുടെ വടക്കൻ പ്രദേശത്താണ് ചുവപ്പുകോട്ട. യമുനാനദിയുടെ സമീപമാണിത്. മുഗൾ രാജവംശം 1857 വരെ റെഡ്ഫോർട്ട് ആസ്ഥാനമായാണ് ഭരണം നടത്തിയത്. 1857ൽ ബഹദൂർഷാ സഫറിനെ ബ്രിട്ടീഷുകാർ കീഴടക്കി, നാടുകടത്തി കോട്ട പിടിച്ചെടുത്തു. ഇന്ത്യക്കു സ്വാതന്ത്ര്യം കിട്ടുന്നതുവരെ റെഡ്ഫോർട്ടും പരിസരവും ബ്രിട്ടീഷ് മിലിട്ടറി ക്യാമ്പ് ആയിരുന്നു.

ഡൽഹിയിൽ സന്ദർശനം നടത്തുവാൻ അനുയോജ്യമായ സമയമാണ് ഇപ്പോൾ കടന്നുപൊയ്ക്കൊണ്ടിരിക്കുന്നത്. ഇതിനുപറ്റിയ ഏറ്റവും നല്ല മാസം നവംബർ തന്നെ. കഠിനമായ തണുപ്പ് ആസ്വദിക്കാൻ താൽപര്യമുള്ളവർക്ക് ഡിസംബർ 15 വരെ അവിടെ തങ്ങാം. അതികഠിനമായ 'ശരീരത്തിലെ എല്ലുകൾ പോലും വിറയ്ക്കും, മരവിക്കും' എന്ന് വിശേഷിപ്പിക്കാവുന്ന അതിശൈത്യം താങ്ങുവാൻ കഴിയുന്നവർക്ക് ഡിസംബർ പകുതി മുതൽ ജനുവരി അവസാനം വരെ വടക്കേന്ത്യയിൽ സന്ദർശനം നടത്താം. ഫെബ്രുവരി മാസമാകുമ്പോഴേയ്ക്കും തണുപ്പിന് ശമനമുണ്ടാകും. നവംബർപോലെ സുന്ദരമായ ഒരു കാലാവസ്ഥ എത്തും.

ഉത്തരാർദ്ധ ഗോളത്തിൽ (ഭൂമധ്യരേഖയ്ക്ക് വടക്ക്) സെപ്റ്റംബർ- ഒക്ടോബർ വേളയാണ് ശരത്ക്കാലം. ഇതെത്തുടർന്നുള്ള ശിശിരത്തിന്റെ പിറവി നവം



**ഡൽഹിയിൽ പലയിടങ്ങളിലായി നിരവധി മ്യൂസിയങ്ങളുണ്ട്. ഇവിടങ്ങളിലെല്ലാം ദിനംപ്രതി നൂറു കണക്കിന് സന്ദർശകർ എത്തുന്നുമുണ്ട്. ചുവപ്പുകോട്ടയ്ക്ക് പ്രധാനമായും രണ്ട് വാതിലുകളുണ്ട്. ഒന്നിന് ഡൽഹിഗേറ്റ് എന്നും മറ്റതിന് ലാഹോർ ഗേറ്റ് എന്നും പേർ നൽകിയിരിക്കുന്നു. പഴയ ഡൽഹിയിലെ ഏറ്റവും വലിയ ടൂറിസ്റ്റുകേന്ദ്രമാണ് ഇപ്പോൾ ഇത്. മൂവായിരത്തിലേറെ ആൾക്കാർ ഈ കോട്ടയ്ക്കുള്ളിലെ കൊട്ടാരത്തിൽ രാജഭരണകാലത്ത് താമസിച്ചിരുന്നു. പിന്നീട് മുഗൾഭരണ കർത്താക്കളിൽ നിന്ന് ബ്രിട്ടീഷുകാർ പിടിച്ചടക്കി. 1947ൽ ഇന്ത്യക്ക് സ്വാതന്ത്ര്യം കിട്ടിയപ്പോൾ ഇന്ത്യൻ സേന കൊട്ടാരത്തിന്റെയും കോട്ടയുടെയും സുരക്ഷ ഏറ്റെടുത്തു.**

ബറിലാണ്. വടക്കേ ഇന്ത്യയിൽ സായംസന്ധ്യമുതൽ പ്രഭാതംവരെ നിലനിൽക്കുന്ന ഇളംതണുപ്പിന് നവംബറിലെ ദിനങ്ങളിൽ മെല്ലെ കാഠിന്യം കൂടിത്തുടങ്ങും. നവംബറിലെ രാവുകളിൽ വടക്കേന്ത്യയിൽ സുഖകരമായ തണുപ്പാണ്. നവംബർ അവസാനമാകുമ്പോഴേയ്ക്കും തെക്കേന്ത്യൻ സംസ്ഥാനങ്ങളിലും രാത്രികാലങ്ങളിൽ തണുപ്പനുഭവപ്പെടുക പതിവാണ്. ഇതിലേറ്റവും കുറച്ച് തണുപ്പ് അനുഭവപ്പെടുന്നത് കേരളത്തിലെ ഇടുക്കി, വയനാട് ജില്ലകളിലൊഴിച്ചുള്ള പ്രദേശങ്ങളിൽ തന്നെ. ഡിസംബർ ആകുമ്പോഴേയ്ക്കും തെക്കൻ സംസ്ഥാനങ്ങളൊഴികെ ഈ രാജ്യമൊട്ടുക്ക് പ്രപഞ്ചത്തിന്റെ പ്രതിഭാസമായ 'വിന്റർ' ശക്തമാകും.

ഒരു രാജ്യത്തിലെ സംസ്ഥാനങ്ങളിൽ കാലാവസ്ഥയ്ക്ക് ചെറിയ തോതിലാണ് മാറ്റം അനുഭവപ്പെടുന്നതെങ്കിൽ രാജ്യങ്ങൾ തമ്മിൽ ഒരേസമയം കാലാവസ്ഥയിൽ വലിയ അന്തരമാണ് ഉണ്ടാകുന്നത്.. ഉദാഹരണമായി മുംബൈയിൽ നിന്നും 9 മണിക്കൂർ വിമാനയാത്ര ചെയ്താൽ എത്താവുന്ന ആഫ്രിക്കൻ ഭൂഖണ്ഡത്തിന്റെ തെക്കേയറ്റത്തുള്ള രാജ്യമായ സൗത്ത് ആഫ്രിക്കയിൽ ഡിസംബർ, ജനുവരി മാസങ്ങളിൽ കടുത്ത ചൂടാണ്. വടക്കേന്ത്യയിലെ കൊടും വേനലായ ജൂലൈയിൽ സൗത്ത് ആഫ്രിക്കയിൽ ശൈത്യകാലമാണ്. ആന്ധ്രാപ്രദേശ്, തമിഴ്നാട്, കർണ്ണാടക എന്നീ തെക്കേ ഇന്ത്യൻ സംസ്ഥാനങ്ങളിൽ ഡിസംബറിൽ പകലുകളിലും ശൈത്യം അനുഭവപ്പെടാറുണ്ട്. കേരളത്തിലാകട്ടെ വൃശ്ചിക-ധനു മാസങ്ങളിൽ (ഡിസംബർ-ജനുവരി) സന്ധ്യമുതൽ പ്രഭാതംവരെ ചെറിയ തണുപ്പ് ലഭിക്കുന്നുണ്ട്. എന്നാൽ പകൽകാലത്ത് നല്ല വെയിലാണ്; കടുത്ത ചൂടാണ്; എന്നതാണ് ഒരു പ്രത്യേകത. ഡൽഹിയിൽ ഡിസംബർ-ജനുവരി മാസങ്ങളിൽ നട്ടുച്ചനേരത്തുപോലും ചൂടില്ല. ചില ദിവസങ്ങളിൽ സൂര്യ രശ്മി അല്പം പോലും നഗരത്തിലെ കടുത്ത മഞ്ഞിനെ അകറ്റുവാനായി കടന്നെത്തുകയില്ല. വടക്കേന്ത്യൻ ജനങ്ങൾക്ക് ആശ്വാസത്തിന്റെ കുളിർകാറ്റുമായി വന്നണയുന്ന തണുപ്പുകാലം നിശയുടെ യാമങ്ങൾക്ക് ദൈർഘ്യം കൂട്ടുമെങ്കിലും മാനവമനസുകളിൽ മാറ്റത്തിന്റെയും ആമോദത്തിന്റെയും കുളിരു നിറയ്ക്കുന്നു, അവരുടെ ജീവിത രീതിയിൽ കാതലായ മാറ്റം ഉണ്ടാക്കുന്നു. സസ്യങ്ങളെയും പുഷ്പദളങ്ങളെയും മഞ്ഞുതുള്ളികളുടെ മാന്ത്രികസ്പർശം നൽകി ഉന്മേഷവതികളാക്കുന്ന ശീതകാലം ഡൽഹിയിൽ ആരംഭിച്ചിട്ട് ഒരുമാസമായി. ■

(തുടരും)

*ലേഖകൻ ഡൽഹി സെൻട്രൽ മോനിറ്ററിംഗ് സർവീസിൽ ന്യൂസ് മോനിറ്ററായിരുന്നു. ഇപ്പോൾ ആകാശവാണി തിരുവനന്തപുരം നിലയത്തിൽ ന്യൂസ് എഡിറ്ററാണ്*





ദൂരദർശൻ സംപ്രേഷണം ചെയ്ത ഗ്രീൻ കേരള എക്സ്പ്രസ് റിയാലിറ്റി ഷോയിൽ പങ്കെടുത്ത പഞ്ചായത്തുകളും നഗരസഭകളും കോർപ്പറേഷനുകളും അവരുടെ വികസന മാതൃക അവതരിപ്പിച്ചപ്പോൾ പാലക്കാട് ജില്ലയിലെ എലപ്പുള്ളി ഗ്രാമപഞ്ചായത്ത് അതീവ സങ്കോചത്തോടെയാണ് അവരുടെ മൃഗാശുപത്രി വഴി ഗ്രാമത്തിലെ പട്ടിണി പാവങ്ങളായ കർഷക തൊഴിലാളികളെയും കർഷകരെയും വീട്ടമ്മമാരെയും കുടുംബശ്രീ അംഗങ്ങളെയും സ്കൂൾ വിദ്യാർത്ഥികളെ യും പങ്കാളികളാക്കി കൊണ്ട് നിർവഹിച്ച 'മാതൃകാ മൃഗസംരക്ഷണ ഗ്രാമം' എന്ന നിശ്ശബ്ദ ധവളവിപ്ലവം അവതരിപ്പിച്ചത്. 2007 സെപ്തംബറിൽ എലപ്പുള്ളിയിൽ ആവിഷ്ക്കരിച്ച മാതൃകാ ക്ഷീരഗ്രാമം പദ്ധതി ഉൽഘാടനം ചെയ്ത മൃഗസംരക്ഷണ വകുപ്പു മന്ത്രി സി. ദിവാകരനും മൃഗസംരക്ഷണവകുപ്പു ഡയറക്ടർ ഡോ. ആർ. വിജയകുമാറും ഒരേ സ്വരത്തിൽ പ്രവചിച്ചിരുന്നു. ഇത് വളരെ ഭാവനാ പൂർണ്ണമായ ഒരു പദ്ധതിയാണ്. വകുപ്പുകളുടെ ഏകോപനം ഒരു മൃഗാശുപത്രിയുടെ നേതൃത്വത്തിൽ സംഭവിക്കുന്നത് അപൂർവ്വമാണ് അനുകരണീയമാണ്; ഗ്രാമപഞ്ചായത്തിന്റെ മേൽ നോട്ടത്തിൽ വിവിധ ഏജൻസികളുടെ ഏക മനസ്സോടെയുള്ള പ്രവർത്തനം അത്ഭുതം സൃഷ്ടിക്കും. നന്മയുള്ളവരുടെ പ്രവചനം ഫലിക്കും.

ഹൃദയം നിറയെ സ്വപ്നങ്ങളും സ്വപ്നങ്ങൾ യാഥാർത്ഥ്യങ്ങളാക്കുന്നതിനുള്ള ഇച്ഛാശക്തിയുള്ള നേതൃത്വവും കഠിന പരിശ്രമം ചെയ്യുന്നതിന് തയ്യാറുള്ള ഉദ്യോഗസ്ഥരും കൈകോർത്താൽ സംഭവിക്കുന്ന അത്ഭുതം തന്നെ എലപ്പുള്ളിയിലും സംഭവിച്ചു. പ്രവചനം ഫലിച്ചു.

**ഡോ. എൻ. ശുദ്ധോദനൻ**

# കാലിത്തൊഴുത്തിൽ നിന്ന് ഒരു കോടി ഒന്നാം സമ്മാനം





2007-ൽ പ്രതിദിനം 2400 ലിറ്റർ പാലും കേവലം ആയിരത്തോളം പശുക്കളും 700 ക്ഷീരകർഷകരുമായിരുന്നു ഉണ്ടായിരുന്നത്. നെൽകൃഷിയെ ആശ്രയിച്ചു ജീവിച്ചിരുന്ന 7 കർഷകർ കാർഷിക കടക്കെണിയിൽ പെട്ട് ആത്മഹത്യ ചെയ്യുകയും അനേകം പേർ കാർഷികരംഗം ഉപേക്ഷിച്ച് നഗരത്തിലേക്ക് കൂലിപണിക്കായി പോകുകയും ചെയ്യുന്ന അവസ്ഥയിലാണ് മാതൃകാ മൃഗസംരക്ഷണഗ്രാമം പദ്ധതി തുടങ്ങുന്നത്.

കാർഷിക രംഗത്തിന്റെ നവോത്ഥാനത്തിനായി ഗ്രാമപഞ്ചായത്തിന് എന്തു ചെയ്യുവാൻ കഴിയുമെന്ന് തെളിയിച്ചു. 70 ഹെക്ടർ തരിശുനിലത്ത് മികച്ച തീറ്റപ്പുൽകൃഷി തുടങ്ങി. 9 ക്ഷീര സഹകരണ സംഘങ്ങൾ രജിസ്റ്റർ ചെയ്തു. ഇതിൽ രണ്ടെണ്ണം വനിതാ ക്ഷീരസംഘങ്ങൾ. കുടുംബശ്രീ യൂണിറ്റിലെ വനിതകളുടെ നേതൃത്വത്തിൽ മിനി ഡയറിഫാമുകൾ, ഗ്രൂപ്പ് ഡയറി ഫാമുകൾ എന്നിവ തുടങ്ങി. 40 കൊമേഴ്സ്യൽ ഡയറി ഫാമുകൾ ആരംഭിച്ചു. ക്ഷീരകർഷകരുടെ എണ്ണം 2700 ആയി വർധിച്ചു.

2010 മാർച്ചിൽ കണക്കെടുത്തപ്പോൾ പ്രതിദിനം 2400 ലിറ്റർ ആയിരുന്ന പാലുല്പാദനം 10240 ലിറ്ററായി വർധിച്ചു. ഇപ്പോഴത് 12200 ലിറ്ററായി വീണ്ടും ഉയർന്നിരിക്കുന്നു. ഈ സാമ്പത്തിക വർഷം ക്ഷീരസംഘങ്ങൾ മാത്രം സംഭരിച്ച പാലിന്റെ അളവ് 36.5 ലക്ഷം ലിറ്ററും പാൽ പണമായി കർഷകർക്ക് ലഭിച്ചത് 731 ലക്ഷം രൂപയുമാണ്. ഗ്രാമ പഞ്ചായത്തിലെ 31 അംഗൻവാടി കുട്ടികൾക്ക് സൗജന്യമായി പാൽവിതരണം, നേച്ചർ ഫ്രഷ് പാലിന്റെ നഗരത്തിലെ വിതരണം എന്നിവയും എടുത്തുപറയാവുന്ന നേട്ടങ്ങളായി.

മൂന്നുവർഷം മുമ്പുണ്ടായിരുന്നതിന്റെ രണ്ടിരട്ടി വീട്ടമ്മമാരും കുടുംബശ്രീ അംഗങ്ങളും പട്ടികജാതി വിഭാഗക്കാരും മാതൃകാ ക്ഷീരഗ്രാമം പദ്ധതിയിൽ അണിചേർന്നതോടെ എല്ലാ കുടുംബങ്ങളിലും ക്ഷീര സമൃദ്ധിയിലൂന്നിയ ഐശ്വര്യം നിറഞ്ഞുതുളുമ്പി. കേരളമാകെ കർഷകർ തൊഴുത്ത് ഉപേക്ഷിക്കുന്ന കാലത്താണ് ഇതെന്ന് ഓർക്കണം.

ഓരോ വർഷവും വിതരണം ചെയ്ത 15000 കോഴികളും അഞ്ഞൂറോളം ആടുകളും ടർക്കികളും എല്ലാ



കർഷക ഭവനങ്ങളുടെ മുറ്റത്ത് നിറഞ്ഞ കാഴ്ചയാണ് ഇപ്പോൾ എലപ്പുള്ളിയിൽ. ക്ഷീരഗ്രാമമായി മാറിയ എലപ്പുള്ളി ഇപ്പോൾ കേരളത്തിന്റെ മാതൃകാ മൃഗ സംരക്ഷണ ഗ്രാമമായി ബ്രാൻഡു ചെയ്യപ്പെട്ടിരിക്കുന്നു.

ഓരോ കുടുംബത്തിലും രണ്ടു പശുക്കൾ, പ്രാദേശികമായി ലഭ്യമാകുന്ന കുറഞ്ഞ ചെലവിലുള്ള കാലിത്തീറ്റ, തരിശു നിലങ്ങളിലെ തീറ്റപുൽകൃഷി, പാലിൽ നിന്നും ഉല്പാദിപ്പിച്ച് മാർക്കറ്റു ചെയ്യുന്ന പനീർ, പഞ്ചഗവ്യം എന്നിവയും കോസ്മെറ്റിക് ഉല്പന്നങ്ങളും ചാണകത്തിൽ നിന്നും ചാണക വരളി, ഭസ്മം എന്നിവയുടെ നിർമ്മാണവും ആധുനിക മാനേജ്മെന്റ് തന്ത്രങ്ങളുപയോഗിച്ച് ഇവയുടെ വിപണനവും ഇപ്പോൾ എലപ്പുള്ളിയുടെ പ്രശസ്തി കടൽ കടന്ന് വിദേശങ്ങളിൽ എത്തുന്നതിനുവരെ കാരണമായി. എലപ്പുള്ളിയിൽ നിന്നും മാർക്കറ്റ് ചെയ്യുന്ന 'ഗോമൂത്ര അർക്ക്', 'ദശമൂല വെണ്ണ', ആയുർവ്വേദ സുഖചികിത്സയിലെ വസ്തി, വിരേചനം, വചനം, സ്വേദനം എന്നിവയ്ക്ക് ഉപയോഗിക്കുന്ന ഗോമൂത്രത്തിൽ അധിഷ്ഠിതമായ ഉല്പന്നങ്ങൾ എന്നിവ അന്വേഷിച്ച് പ്രശസ്തരായ സിനിമാ താരങ്ങൾ പോലും എലപ്പുള്ളിയിലെ കർഷക ഭവനങ്ങളിൽ എത്തുന്നു.

ജനപ്രതിനിധികളുടെയും വികസനോദ്യോഗസ്ഥരുടേയും ഏകമനസ്സോടു






കൂടിയ കൂട്ടായ പ്രവർത്തനത്തിലൂടെ ഈ ഗ്രാമത്തിലുണ്ടായ ധവളവിപ്ലവം കേരളത്തിലെ ഏത് തദ്ദേശസ്വയംഭരണ സ്ഥാപനത്തിനും പകർത്താവുന്ന സുസ്ഥിര വികസന മാതൃകയാണെന്നുള്ള ജൂറിയുടെ കണ്ടെത്തൽ എലപ്പുള്ളിയുടെ പാൽപാത്രത്തിലേയ്ക്ക് ഒന്നാം സമ്മാനമായി ഒരു കോടി രൂപയാണ് സമ്മാനിച്ചത്.

എല്ലാ തദ്ദേസസ്വയംഭരണ സ്ഥാപനങ്ങളുടെ നിയന്ത്രണത്തിലും ഒന്നിലധികം മൃഗാശുപത്രികളും അവയുടെ ഉപസ്ഥാപനങ്ങളും ഉള്ള രാജ്യത്തെ ഏക സംസ്ഥാനം കേരളമാണ്. ഏലപ്പുള്ളിയിലെ ഉത്തമമാതൃക ഏതു പ്രാദേശിക സർക്കാരിനും അനുയോജ്യമാണ്. ■

*ലേഖകൻ മൃഗസംരക്ഷണ വകുപ്പിൽ അസിസ്റ്റന്റ് ഡയറക്ടറാണ്*





# കണ്ണാടി നേച്ചർ

## പ്രകൃതിദത്തമായ പാൽ

പ്രകൃതിയുടെ പോഷക സമൃദ്ധമായ ഒരു വരദാനമാണ് പാൽ. എന്നാൽ ഉപഭോക്താക്കൾക്ക് ഇപ്പോൾ ലഭിച്ചു കൊണ്ടിരിക്കുന്ന പാലിന്റെ സ്രോതസ്സിനെക്കുറിച്ചും ഗുണനിലവാരത്തെക്കുറിച്ചും നിരവധി ആശങ്കകൾ നിലനിൽക്കുന്നുണ്ട്. പാലിന്റെ തനിമ, ചേർക്കുന്ന മായം, കേടുവരാതിരിക്കാനും മറ്റും ചേർക്കുന്ന രാസപദാർത്ഥങ്ങൾ, പശുവിന് കുത്തിവെയ്ക്കുന്ന ആന്റിബയോട്ടിക്കുകളുടെയും മറ്റു മരുന്നുകളുടെയും കീട നാശിനികളുടെയും സാന്നിദ്ധ്യം, പ്ലാസ്റ്റിക്ക് കവറുകൾ മൂലമുണ്ടാകുന്ന പരിസ്ഥിതി പ്രശ്നം തുടങ്ങിയവ ഇതിൽ പെടുന്നു. അകിടുവീക്കം പോലുള്ള രോഗങ്ങളുള്ള പശുക്കളുടെ പാൽ ഉപയോഗിക്കേണ്ട ഗതികേടും ഉപഭോക്താക്കൾക്ക് ഉണ്ടാകാറുണ്ട്. പാസ്ചറൈസ് ചെയ്യുന്ന പാൽ വീണ്ടും തിളപ്പിക്കുന്നതുമൂലം ഗുണനിലവാരവും തനിമയും നഷ്ടപ്പെടുന്ന സ്ഥിതിയുമുണ്ട്.

ഇത്തരം പ്രശ്നങ്ങൾക്ക് പരിഹാരമെന്നോണം ശുചിയായ പാലുൽപ്പാദനത്തിന് ഊന്നൽ നൽകി, ശാസ്ത്രീയമായി കറന്നെടുക്കുന്ന പാൽ, താമസം കൂടാതെ, ചില്ലുകുപ്പികളിൽ സീൽ ചെയ്ത് ഒരു മണിക്കൂറിനുള്ളിൽ കുടുംബശ്രീയുടെ സംരംഭകർ, ഉപഭോക്താക്കളുടെ വീട്ടുപടിക്കൽ എത്തിക്കുന്ന നൂതന സംരംഭമാണ് കണ്ണാടി നേച്ചർ ഫ്രഷ് മിൽക്ക് പദ്ധതി.

പാലക്കാട് ജില്ലയിലെ കണ്ണാടി ഗ്രാമപഞ്ചായത്തിലെ 14 വാർഡുകളിൽപെട്ട 55ഓളം കുടുംബശ്രീ സംരംഭകരാണ് നേച്ചർ ഫ്രഷ് മിൽക്ക് വിപണിയിൽ എത്തിച്ചിരിക്കുന്നത്. പദ്ധതിയുടെ ഗുണഭോക്താക്കളിൽ 50 പേർക്ക് 2 പശുക്കൾ വീതമുള്ള ഡയറി യൂണിറ്റുകളുടെയും 5 പേർക്ക് പാൽ വിപണനത്തിന്റെയും ചുമതലയാണുള്ളത്. പദ്ധതിയുടെ ആകെ ചെലവ് 35.5 ലക്ഷം രൂപയാണ്. ഇതിൽ 16 ലക്ഷം രൂപ പാലക്കാട് ജില്ലാ പഞ്ചായത്തിന്റെ ബി.ആർ.ജി.എഫ്. പദ്ധതിയിൽ നിന്നുള്ള ഗ്രാന്റും ബാക്കി 19.5 ലക്ഷം രൂപ ബാങ്ക് വായ്പയുമാണ്.

തൊഴുത്ത് നിർമ്മാണം, പശുവിന്റെ തിരഞ്ഞെടുക്കൽ, പരിപാലനം, കറവ രീതി, വിപണനം എന്നിവയിലെല്ലാം നിശ്ചിത പെരുമാറ്റച്ചട്ടങ്ങൾ ഈ പദ്ധതിയിൽ പാലിക്കുന്നുണ്ട്. ഡയറി യൂണിറ്റുകൾക്ക് വേണ്ടി നിർമ്മിച്ച 130 ചതുരശ്ര അടി വിസ്തീർണ്ണമുള്ള തൊഴുത്തുകളിൽ 2 കറവപ്പശുക്കളെയും അതിന്റെ കുട്ടികളെയും കെട്ടാം. പശു എങ്ങിനെ കിടന്നാലും അതിന്റെ അകിടിൽ ചാണകം പുരളുന്നില്ല എന്നതാണ് ശാസ്ത്രീയമായി നിർമ്മിച്ച ഈ തൊഴുത്തിന്റെ സവിശേഷത. ഇതിനായി രണ്ട് സ്പേസർ പോളുകൾ (spacer poles) 93 സെ.മീ. അകലത്തിൽ സ്ഥാപിച്ചിട്ടുണ്ട്. എളുപ്പത്തിൽ വൃത്തിയാക്കാവുന്ന രീതിയിലാണ് ചാണകച്ചാലും മൂത്രചാലും സ്ഥാപിച്ചിരിക്കുന്നത്. ഭൂനിരപ്പിൽ നിന്നും ഒരടി ഉയരത്തിലാണ് തൊഴുത്തിന്റെ തറ സ്ഥിതി ചെയ്യുന്നത്. നല്ല വായു സഞ്ചാരം ലഭിക്കത്തക്ക വിധത്തിലാണ് തൊഴുത്ത് നിർമ്മിച്ചിരിക്കുന്നത്. 24 മണിക്കൂറും പശുക്കൾക്ക് വെള്ളം നൽകുന്നതിനുള്ള ചിലവു കുറഞ്ഞ രീതിയിലുള്ള ഓട്ടോമാറ്റിക്ക് വാട്ടറുകളും (automatic waterers) തൊഴുത്തിൽ സ്ഥാപിച്ചിട്ടുണ്ട്. ശുചിയായ പാലുൽപ്പാദനത്തിനുള്ള ഉപകരണങ്ങൾ സൂക്ഷിക്കുന്നതിനുള്ള ഒരു പെട്ടിയും (wooden box) തൊഴുത്തിൽ സ്ഥാപിച്ചിട്ടുണ്ട്.



ഡോ. ജി. ദിനേഷ്

# ഫ്രഷ്

## അതിന്റെ തനിമയോടെ



പദ്ധതിയുടെ രണ്ടാമത്തെ പ്രത്യേകത പശുവിന്റെ തെരഞ്ഞെടുപ്പാണ്. പശുക്കളെ പദ്ധതിയിലേയ്ക്ക് തിരഞ്ഞെടുക്കുന്നതിനു മുമ്പായി അവയുടെ പാൽ ഗുണനിലവാര പരിശോധനയ്ക്ക് വിധേയമാക്കുന്നു. പാലിൽ ഏറ്റവും ചുരുങ്ങിയത് 3.5% കൊഴുപ്പ് (Fat), 8.5% കൊഴുപ്പിതര ഖരപദാർത്ഥങ്ങൾ (SNF), ലാക്ടോമീറ്റർ റീഡിംഗ് 28 എന്നിവ ഉള്ള പശുക്കളെ മാത്രമേ പദ്ധതിയിലേയ്ക്ക് തെരഞ്ഞെടുക്കുകയുള്ളു.

പദ്ധതിയുടെ മൂന്നാമത്തെ പ്രത്യേകത കറവ പാത്രങ്ങളാണ്. വായവട്ടം കുറഞ്ഞതും അടച്ചുവെയ്ക്കാവുന്നതുമായ സ്റ്റെയിൻലെസ്സ് സ്റ്റീൽ പാത്രങ്ങളാണ് കറവയ്ക്ക് ഉപയോഗിക്കുന്നത്. കറക്കുന്ന അവസരത്തിൽ രോമം, പൊടിപടലങ്ങൾ എന്നിവ പാലിൽ വീഴാതിരിക്കാൻ വായവട്ടം കുറഞ്ഞ ഈ പാത്രങ്ങൾ ഉപകരിക്കുന്നു.

ശാസ്ത്രീയമായ കറവരീതിയാണ് പദ്ധതിയുടെ നാലാമത്തെ പ്രത്യേകത. തൊഴുത്ത് വൃത്തിയാക്കിയതിനു ശേഷം അകിട് വെള്ളം ഉപയോഗിച്ച് കഴുകുന്നു. തുടർന്ന് പൊട്ടാസ്യം പെർമാൻഗനേറ്റ് ലായിനി (അണുനാശിനി) ഉപയോഗിച്ച് കഴുകുന്നു. തുടർന്ന് വൃത്തിയുള്ള ഒരു ടൗവ്വൽ കൊണ്ട് അകിട് തുടയ്ക്കുന്നു. മിൽക്ക് പാടിലിൽ കറന്നെടുക്കുന്ന ആദ്യത്തെ പാലിൽ കാലിഫോർണിയാ മാസ്റ്റയിറ്റിസ് ടെസ്റ്റ് റിയേജന്റ് ഒഴിച്ച് അകിടുവീക്കം ഉണ്ടോ എന്നു പരിശോധിക്കുന്നു. തുടർന്ന് കറവ ആരംഭിക്കുന്നു. കറവയ്ക്കുശേഷം പാത്രം മൂടി കൊണ്ട് അടച്ച് തൊഴുത്തിൽ നിന്നും മാറ്റുന്നു. അകിടുവീക്കം വരുന്നത് തടയുന്നതിനായി മുലക്കാമ്പ് പൊവിഡോൺ അയഡിൻ ലായനിയിൽ മുക്കുന്നു. പശു ഉടൻ കിടക്കാതിരിക്കാൻ തീറ്റ നൽകുന്നു.



ഈ പദ്ധതിയിൽ പാൽ അണുവിമുക്തമായ ചില്ലുകുപ്പികളിലാണ് വിപണനം ചെയ്യുന്നത്. അതിനാൽ പാലിന് യാതൊരു രുചിവ്യത്യാസവും വരുന്നില്ല. കുപ്പികൾ അണുവിമുക്തമാക്കാൻ എളുപ്പവുമാണ്. കറന്നെടുത്ത പാൽ അരിപ്പയിൽ അരിച്ച് കുപ്പികളിൽ നിറയ്ക്കുന്നു. തുടർന്ന് കുപ്പികൾ ഫുഡ് ഗ്രേഡ് കോർക്ക് ഉപയോഗിച്ച് അടയ്ക്കുന്നു. വിവിധ പശുക്കളുടെ പാൽ കൂട്ടിച്ചേർക്കുന്നില്ല എന്നതും ഈ പദ്ധതിയുടെ ഒരു സവിശേഷതയാണ്. ഓരോ പശുവിന്റെയും കോഡ് നമ്പറും കുടുംബശ്രീയുടെ മുദ്രയും ആലേഖനം ചെയ്ത പേപ്പർ സീൽ ഉപയോഗിച്ച് കുപ്പിയുടെ കോർക്ക് സീൽ ചെയ്യുന്നു. ഇതോടെ പാൽ കുപ്പികൾ വിപണനത്തിനു തയ്യാറാകുന്നു.

പാൽ വിപണനം ചെയ്യുന്ന കുടുംബശ്രീ ഗ്രൂപ്പിൽ മുന്ന് വനിതകളും രണ്ട് പുരുഷന്മാരും അടക്കം 5 മാർക്കറ്റിംഗ് എക്സിക്യൂട്ടീവുകളാണ് ഉള്ളത്. പാൽ വിപണനത്തിനായുള്ള പ്രത്യേക ക്രയിറ്റുകൾ ഘടിപ്പിച്ച മോപ്പെടുകളിലാണ് പാൽ വിപണനം ചെയ്യുന്നത്. കണ്ണാടി പഞ്ചായത്തിലെയും തൊട്ടടുത്തുള്ള പാലക്കാട് പട്ടണത്തിലെ റസിഡെൻഷ്യൽ കോളനികളിലുമാണ് ഇവർ പാൽ വിപണനം ചെയ്യുന്നത്. ഒരു ലിറ്റർ പാലിന് 24 രൂപയാണ് വില. ഇതിൽ 20 രൂപ പാൽ ഉൽപ്പാദകനും 4 രൂപ വിപണനം ചെയ്യുന്നവർക്കും ലഭിക്കുന്നു. പദ്ധതിയുടെ ഗുണഭോക്താക്കളായ ക്ഷീരകർഷകർക്ക് 8000 രൂപയും, വിപണനം ചെയ്യുന്ന സംരംഭകർക്ക് 6000 രൂപയും പ്രതിമാസം വരുമാനം ലഭിക്കുന്നുണ്ട്.

കണ്ണാടി ഗ്രാമ പഞ്ചായത്ത് ഭരണസമിതിയുടെ നേതൃത്വത്തിൽ കേരള കാർഷിക സർവ്വകലാശാലയിലേയും മൃഗസംരക്ഷണ വകുപ്പിലെയും വിദഗ്ദ്ധരുടെ പരിശീലനങ്ങളും ചിട്ടയായ ഗുണനിലവാര പരിശോധനകളും ഈ പദ്ധതിയെ വിജയത്തിലെത്തിക്കാൻ സഹായിച്ച ഘടകങ്ങളാണ്.

പ്രകൃതിദത്തമായ പാൽ അതിന്റെ തനിമയോടെ എന്നതാണ് കണ്ണാടി നേച്ചർ ഫ്രഷ് പാലിന്റെ വിജയമന്ത്രം. ഓരോ ഗ്രാമവും ശ്രദ്ധിക്കുകയും പകർത്തുകയും ചെയ്യേണ്ട ഒരു ഗ്രാമതല ധവള വിപ്ലവത്തിന് ഇവിടെ തുടക്കം കുറിക്കുകയാണ്. ■

*ലേഖകൻ കണ്ണാടി ഗ്രാമപഞ്ചായത്തിലെ വെറ്ററിനറി സർജനാണ്*



# വാർത്തകളും വിശേഷങ്ങളും

## BSNL മൊബൈൽ ടവറിന് പെർമിറ്റ് വേണ്ട

BSNL മൊബൈൽ ടവറുകൾക്ക് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ നിർമ്മാണാനുമതി നൽകുന്നത് സംബന്ധിച്ച് സർക്കാർ സ്പഷ്ടീകരണം നൽകി. 1999-ലെ കേരള മുനിസിപ്പാലിറ്റി കെട്ടിട നിർമ്മാണ ചട്ടങ്ങളിലെ ചട്ടം 130 പ്രകാരം "No person shall erect or re-erect any non-Governmental telecommunication tower or telecommunication pole structures or accessory rooms or make alteration or cause the same to be done without first obtaining a separate permit for each such tower or telecommunication pole structures from the secretary". എന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. BSNL കേന്ദ്ര സർക്കാരിന്റെ പൂർണ്ണ ഉടമസ്ഥതയിലുള്ള ഒരു സ്ഥാപനമായതിനാൽ പ്രസ്തുത സ്ഥാപനത്തെ സർക്കാരിതര സ്ഥാപനമായി കണക്കാക്കേണ്ടതില്ല എന്നും BSNL വക മൊബൈൽ ടവർ സ്ഥാപിക്കുന്നതിന്, ചട്ടം 130 പ്രകാരമുള്ള പെർമിറ്റ് വാങ്ങേണ്ടതില്ല എന്നും സർക്കാർ സ്പഷ്ടീകരണം നൽകി. എന്നാൽ BSNLസ്ഥാപിക്കുന്ന ടവറുകളുടെ നിർമ്മിതിയുടെ ഉറപ്പ് (Structural stability), പൊതു ജനങ്ങളുടെ സുരക്ഷിതത്വം തുടങ്ങിയ കാര്യങ്ങൾ BSNLന്റെ പൂർണ്ണ ഉത്തരവാദിത്വത്തിൽ ആയിരിക്കുന്നതാണ്. (സർക്കുലർ നമ്പർ 11414/ആർ.ഡി.2/2010/ത.സ്വ.ഭ.വ, തീയതി: 30/10/2010)

## കേരള പഞ്ചായത്ത് രാജ് (സ്റ്റാന്റിംഗ് കമ്മിറ്റി) ചട്ടങ്ങൾ വീണ്ടും ഭേദഗതി ചെയ്തു

ഗ്രാമപഞ്ചായത്തുകളിൽ ബ്ലോക്ക് പഞ്ചായത്തുകളിലും വൈസ് പ്രസിഡന്റ് സ്ഥാനം സ്ത്രീകൾക്കായി സംവരണം ചെയ്തിട്ടുണ്ടെങ്കിൽ ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻ സ്ഥാനവും വൈസ് പ്രസിഡന്റ് സ്ഥാനം സ്ത്രീകൾക്കായി സംവരണം ചെയ്തിട്ടില്ലെങ്കിൽ വികസനം, ആരോഗ്യവും വിദ്യാഭ്യാസവും എന്നീ സ്റ്റാൻഡിംഗ് കമ്മിറ്റികളുടെ ചെയർമാൻ സ്ഥാനവും സ്ത്രീകൾക്കായി സംവരണം ചെയ്ത് കേരള പഞ്ചായത്ത് രാജ് (സ്റ്റാന്റിംഗ് കമ്മിറ്റി) ചട്ടങ്ങൾ ഭേദഗതി ചെയ്തു. ജില്ലാ പഞ്ചായത്തുകളിൽ വൈസ് പ്രസിഡന്റ് സ്ഥാനം സ്ത്രീകൾക്കായി സംവരണം ചെയ്തിട്ടുണ്ടെങ്കിൽ പൊതുമരാമത്ത്, ക്ഷേമകാര്യം എന്നീ സ്റ്റാന്റഡിംഗ് കമ്മിറ്റികളും, വൈസ് പ്രസിഡന്റ് സ്ഥാനം സ്ത്രീകൾക്കായി സംവരണം ചെയ്തിട്ടില്ലെങ്കിൽ വികസനം, ആരോഗ്യവും വിദ്യാഭ്യാസവും ക്ഷേമകാര്യം എന്നീ 3 സ്റ്റാന്റിഡിംഗ് കമ്മിറ്റികളും സ്ത്രീകൾക്കായി സംവരണം ചെയ്തിട്ടുണ്ട്. (2010-ലെ കേരള പഞ്ചായത്ത് രാജ് (സ്റ്റാന്റിംഗ് കമ്മിറ്റി) രണ്ടാം ഭേദഗതി ചട്ടങ്ങൾ)

## വിമുക്തഭടന്മാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കുന്നത് - സ്പഷ്ടീകരണം

വിമുക്തഭടന്മാർ ഏതെങ്കിലും തൊഴിലിൽ ഏർപ്പെട്ടിട്ടുണ്ടെങ്കിൽ കേരളാ മുനിസിപ്പാലിറ്റി ആക്ടിലെയും ബന്ധപ്പെട്ട ചട്ടങ്ങളിലെയും വ്യവസ്ഥകളനുസരിച്ച് അവരിൽ നിന്ന് തൊഴിൽ നികുതി ഈടാക്കേണ്ടതാണെന്ന് അറിയിച്ച് സർക്കാർ സ്പഷ്ടീകരണം നൽകി. (സർക്കാരിന്റെ 15.10.2010ലെ 34134/എഫ്എം1/2007/തസ്വഭവ നംപർ കത്ത്)

## തദ്ദേശഭരണ സ്ഥാപനങ്ങളുടെ പുനസംഘടന - വാർഷിക പദ്ധതി നടത്തിപ്പിനും പരിപാലനത്തിനും മാർഗരേഖ

തദ്ദേശഭരണ സ്ഥാപനങ്ങളുടെ 2010-ലെ പുനസംഘടനയുടെ ഭാഗമായി 7 ഗ്രാമപഞ്ചായത്തുകളെ മുനിസിപ്പാലിറ്റികളായി പരിവർത്തനപ്പെടുത്തുകയും 15 ഗ്രാമപഞ്ചായത്തുകളെ നഗരസഭകളിൽ കൂട്ടിച്ചേർക്കുകയും മൂന്നാർ ഗ്രാമപഞ്ചായത്ത് വിഭജിച്ച് ഇടമലക്കുടി ഗ്രാമപഞ്ചായത്ത് രൂപീകരിക്കുകയും ബ്ലോക്ക് പഞ്ചായത്തുകളെ പുനസംഘടിപ്പിക്കുകയും ചെയ്തിട്ടുണ്ട്. ബ്ലോക്ക് പഞ്ചായത്തുകളുടെ പുനഃസംഘടനയുടെ ഭാഗമായി 6 ബ്ലോക്ക് പഞ്ചായത്തുകൾ ഇല്ലാതാകുകയും 6 ബ്ലോക്ക് പഞ്ചായത്തുകൾ പുതുതായി രൂപീകരിക്കുകയും ഗ്രാമപഞ്ചായത്തുകളെ വിവിധ ബ്ലോക്ക് പഞ്ചായത്തുകളിലായി പുന:ക്രമീകരിക്കുകയും ചെയ്തിട്ടുണ്ട്. 2010 നവംബർ 1 മുതൽക്കാണ് പുനസംഘടന പ്രാബല്യത്തിൽ വന്നിട്ടുള്ളത്. പുനസംഘടന ബാധകമായിട്ടുള്ള തദ്ദേശഭരണ സ്ഥാപനങ്ങളുടെ 2010-11 വാർഷിക പദ്ധതി തുടർന്ന് നടപ്പാക്കുന്നതിനും കൈമാറിക്കിട്ടിയ സ്ഥാപനങ്ങളുടെ പരിപാലനത്തിനും സർക്കാർ വിശദമായ മാർഗരേഖ പുറപ്പെടുവിച്ച് ഉത്തരവായി. (സ.ഉ.(എം.എസ്)നമ്പർ. 258/2010/ത.സ്വ.ഭ.വ. തീയതി: 08/11/2010)



## പഞ്ചായത്ത് ജീവനക്കാരിക്ക് സിവിൽ സർവ്വീസ് മീറ്റിൽ സ്വർണ്ണമെഡൽ

2010-11 വർഷത്തെ സ്റ്റേറ്റ് സിവിൽ സർവ്വീസ് മീറ്റിൽ 200 മീറ്റർ ഓട്ടത്തിൽ കോട്ടയം പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ ആഫീസിലെ എൽ.ഡി. ക്ലാർക്ക് കുമാരി ഇ.എൻ. ശ്രീലേഖ സ്വർണ്ണമെഡൽ കരസ്ഥമാക്കി.

## ആചാരങ്ങളുടെ കൈരളീ മധുരം: ആകാശവാണിയിൽ എല്ലാ തിങ്കളാഴ്ചയും വൈകുന്നേരം 6.50ന്

കേരളത്തിലെ കാർഷികാചാരങ്ങളെയും അനുഷ്ഠാനങ്ങളെയും സമഗ്രമായി പരിശോധിക്കുന്ന 'ആചാരങ്ങളുടെ കൈരളീ മധുരം' എന്ന പരമ്പര നവംബർ 15 തിങ്കളാഴ്ച മുതൽ വൈകുന്നേരം 6.50ന് വയലുവീടും പരിപാടിയിൽ ആകാശവാണിയുടെ കേരളനിലയങ്ങൾ പ്രക്ഷേപണം ചെയ്യുന്നു. തിരുവനന്തപുരം ആകാശവാണി നിലയത്തിന്റെ 60-ാം വാർഷികത്തോടനുബന്ധിച്ച് ആകാശവാണിയുടെ ശബ്ദശേഖരത്തിൽ സൂക്ഷിക്കുന്നതിനുവേണ്ടിയാണ് ഈ പരമ്പര തയ്യാറാക്കിയിരിക്കുന്നത്. കേരളത്തിന്റെ തനത് സംസ്കാരത്തെ തന്നെ രൂപപ്പെടുത്തുന്നതിന് ആധാരമായിത്തീർന്നിട്ടുള്ള ആചാരാനുഷ്ഠാനങ്ങളെ കാർഷികവൃത്തിയുടെ പശ്ചാത്തലത്തിൽ ഇഴവേർപെടുത്തി പരിശോധിക്കുകയാണ് ഈ പരമ്പര. പരിണിതപ്രജ്ഞരായ കർഷകർ, സാഹിത്യകാരന്മാർ, സാമൂഹിക ശാസ്ത്രജ്ഞർ, മാധ്യമപ്രവർത്തകർ, കലാകാരന്മാർ തുടങ്ങി നാനാശ്രേണിയിൽപ്പെട്ടവർ ഈ പരമ്പരയിൽ പങ്കെടുത്ത് അറിവും അനുഭവവും പങ്കുവെയ്ക്കുന്നു. മൺമറയുന്ന ചിരപുരാതന ആചാരക്രമങ്ങളെയും അതിന്റെ കാർഷിക, സാമൂഹിക, പാരിസ്ഥിതിക പ്രാധാന്യത്തെയും പുതിയ തലമുറയ്ക്ക് പരിചയപ്പെടുത്തുക എന്ന ദൗത്യമാണ് ബഹുജന മാധ്യമമായ ആകാശവാണി ഇതിലൂടെ ചെയ്യുന്നത്. നാളികേര വികസന ബോർഡിന്റെ സഹകരണത്തോടെ ആകാശവാണിയുടെ തിരുവനന്തപുരം നിലയം തയ്യാറാക്കി അവതരിപ്പിക്കുന്ന ഈ പ്രത്യേക പ്രതിവാര പരിപാടി കേരളത്തിലെ എല്ലാ നിലയങ്ങളും പ്രക്ഷേപണം ചെയ്യുന്നതാണ്.

Edited and Published by K.R. Muraleedharan IAS, Director of Panchayats, Govt. of Kerala, Thiruvananthapuram - 695 033
and Printed for GLM at Akshara Offset, Thiruvananthapuram.







## ഗ്രാമ നഗര ഭരണത്തിന്റെ നേർക്കാഴ്ചകളുമായി

# പഞ്ചായത്ത് രാജ്

- ലേഖനങ്ങൾ
- ഫീച്ചറുകൾ
- മാതൃകകൾ
- അവലോകനങ്ങൾ
- അനുഭവങ്ങൾ
- വാർത്തകൾ

## വായിക്കുക വരിക്കാരാകുക

### പരസ്യ നിരക്ക്

| | | തുക (രൂപയിൽ) |
|---|---|---|
| കവർ (അവസാനപുറം) കളർ | : | 12000/- |
| കവർ (ഉൾവശം) കളർ | : | 10000/- |
| കവർ (ഉൾവശം) ബ്ലാക്ക് & വൈറ്റ് | : | 8000/- |
| മറ്റു പേജുകൾ (കളർ) | : | 8000/- |
| മറ്റു പേജുകൾ (ബ്ലാക്ക് & വൈറ്റ്) | : | 6000/- |
| അര പേജ് (കളർ) | : | 5000/- |
| അര പേജ് (ബ്ലാക്ക് & വൈറ്റ്) | : | 3000/- |

**വാർഷിക വരിസംഖ്യ : 120 രൂപ**

ഡിമാന്റ് ഡ്രാഫ്റ്റായോ,
മണിഓർഡറായോ അയയ്ക്കുക.

വിലാസം:

**എഡിറ്റർ / പഞ്ചായത്ത് ഡയറക്ടർ,**
**പഞ്ചായത്ത് രാജ് മാസിക**
**പഞ്ചായത്ത് ഡയറക്ടറേറ്റ്,**
**മ്യൂസിയം പി.ഒ., തിരുവനന്തപുരം-695033**

Reg. No. KL/TV(N) 391/2009-11 PANCHAYATRAJ (Monthly) November 2010 Annual Subscription ₹120/-
License No. KL/TV(N) WPP-85/2009-11 Licensed to Post without Prepayment on 25th & 26th of every month

DGS&D
RATE CONTRACT

# ഒമേഗാ
# സൗരോർജ്ജ ഉത്പന്നങ്ങൾക്ക്
# DGS&D റേററ് കോൺട്രാക്ട്



**Solar lantern**

*Model-1: Rs. 3421.00*
*Model-2: Rs. 3802.00*



**Solar Home System**

*Model-1: Rs. 7653.00*
*Model-2: Rs. 13005.00*
*Model-3: Rs. 13155.00*
*Model-4: Rs. 22823.00*
*Model-5: Rs. 22914.00*



**Solar Streetlight**

*Model-1: Rs. 25187.00*
*Model-2: Rs. 35614.00*
*Model-3: Rs. 36514.00*

ഒമേഗാ ഇലക്ട്രോണിക്സിന്റെ സൗരോർജ്ജ ഉത്പന്നങ്ങളായ സോളാർ ലാന്റേൺ, സോളാർ ഹോംസിസ്റ്റം, സോളാർ സട്രീററ്ലൈററ് എന്നിവക്ക് Director General of Supplies & Disposals (DGS&D) ന്റെ റേററ് കോൺട്രാക്ട് (RC) അപ്രൂവൽ ലഭിച്ചിരിക്കുന്നു. ഇതു പ്രകാരം പഞ്ചായത്തുകൾ, മുനിസിപ്പാലിററികൾ, കോർപറേഷനുകൾ, മററു ഗവൺമെന്റ് സ്ഥാപനങ്ങൾ എന്നിവക്ക് ഈ ഉപകരണങ്ങൾ DGS&D R.C നിരക്കിൽ ഒമേഗയിൽ നിന്നും വാങ്ങാവുന്നതാണ്.

OMEGA
ELECTRONICS

**Only DGS&D RC supplier in Kerala for Solar Products**

** Price inclusive of 4.04% VAT*
** Price inclusive of 2 year warranty*
** Price inclusive of Installation (Applicable for Solar Home system & Streetlight only)*

## OMEGA ELECTRONICS

Industrial Estate, Pappanamcode,Trivandrum, Kerala-695 019
e-mail: omega@ammini.com, Website:www.ammini.com

കൂടുതൽ വിവരങ്ങൾക്ക് **94473-20011; 0471-249 0508**